AMAI

ആപ്ത
ആയുർവേദമാസിക

Monthly Journal of Ayurveda
Medical Association of India

July 2012 | Vol.19 | Issue 7

EDITORIAL BOARD

*Chief Editor*
Dr. Sanil Kumar
09946986421

*Managing Editor*
Dr. K.V.Syamlal
09349944767

*Printer & Plublisher*
Dr. Rejith Anand

*Executive Editor*
Dr. G. Anilkumar

*Resident Editor*
Dr. Tom P. Paul

MEMBERS
Dr. G. Vinod Kumar
Dr. V.G. Udaya Kumar
Dr. Ram Mohan
Dr. A.K. Manoj Kumar
Dr. Saji P.R.
Dr. M. Prasad
Dr. Raja Hari Prasad
Dr. P.K. Anil Kumar
Dr. Krishna Das P.K.
Dr. Satheesh Warier

ZONALCO-ORDINATORS
Dr. Aby Philip
Dr. Dineshan P.M.
Dr. A. Jayan
Dr. Sudhesh M.S.

*Cover:* Chandra Mohan
*Layout:* Sign perambra

The managing Editor
apta, Ayurveda Bhavan, XVIII/2A
PB No.93, Angamaly-683 572
editor.apta@gmail.com
secretary@ayurveda-amai.org
www.ayurveda-amai.org

Disclaimer: The views and opinons expressed by various authers in good faith and are not necessarly those of the publisher

# ഉള്ളടക്കം

3 എഡിറ്റോറിയൽ

4 ജനറൽ സെക്രട്ടറിയുടെ പേജ്

5 ആയുർവേദത്തിന്റെ ഭാവിവഴികൾ
ഡോ.ലിജുമാത്യു - ഡോ.പി.സി.മനോജ്കുമാർ
ഡോ.രാജേഷ്.എൻ - ഡോ.വിനോദ്.എൻ
ഡോ.സലീം.ടി.എ - ഡോ.പി.കെ.ഹരിദാസ്

11 അന്നം ബ്രഹ്മ
ഡോ.പ്രസാദ്.എം

14 Higher Education in Ayurveda
Dr. A.K.Manojkumar

17 കർക്കിടക ഔഷധസേവ
ഡോ.എൻ.ശരത്

19 പകലിന്റെ പരിമണങ്ങൾ
ഷാജി.എൻ. കരുൺ

21 Ayurveda for Health ...
Dr. K.G. Viswanadhan

29 ആയുർവേദം കേരളത്തിന്റെ...
ഡോ.സി.ഡി.ലീന

33 സംസ്കൃതി
ഡോ.പി.വി.അരുൺ

37 A Clinical Evaluation of DM
Dr. K.P.Vinod Babu

39 പുസ്തകപരിചയം
ഡോ.കെ.വി.രാജഗോപാലൻ

43 പ്രതികരണങ്ങൾ

Annual Subcription: Rs. 250/-
DD in favour of: Apta payable at Angamaly




ഇന്ത്യൻ മിലിട്ടറി ചികിത്സാ പദ്ധതിയിൽ
ആയുർവേദത്തെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്
കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ.എ.കെ.ആന്റണിക്ക് എ.എം.എ.ഐ
സംസ്ഥാന ജനറൽസെക്രട്ടറി ഡോ. രജിത്ത്ആനന്ദ് നിവേദനം സമർപ്പിക്കുന്നു.
സി.സി.ഐ.എം മെമ്പർ ഡോ.എം.ആർ.വാസുദേവൻ നമ്പൂതിരി,
സംസ്ഥാന സെക്രട്ടറി ഡോ.ഷഫി താഷ്കന്റ് എന്നിവർ സമീപം

എഡിറ്റോറിയൽ

# 'മൺസൂൺ സീസൺ' ബിസിനസ്സല്ല ആയുർവേദം

ഡോ. സനിൽകുമാർ (ചീഫ് എഡിറ്റർ)
drsanalind@yahoo.com

**മെയ്മാസം കഴിഞ്ഞ്** ആകാശത്ത് കാർമേഘങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുമ്പോൾ തന്നെ കേരളത്തിൽ അടുത്തകാലത്തായി 'മഴക്കാല ആയുർവേദ ചികിത്സാ പാക്കേജും,' 'വിവിധയിനം കഞ്ഞികളും തിരുമ്മു ചികിത്സകളുടെയും' പ്രചരണം മാധ്യമങ്ങളിലൂടെ നടന്നുവരുന്നുണ്ട്. ആയുർവേദ ചികിത്സ ചെയ്യേണ്ട കാലം മഴക്കാലം മാത്രമാണെന്ന തെറ്റായ സന്ദേശമാണ് ഇതിലൂടെ പൊതുജനങ്ങളിലേക്കെത്തുന്നത്.വ്യത്യസ്ത ഋതുക്കളിലും ഋതുസന്ധികളിലും വ്യക്തിപരമായും സാൂഹികപരമായും സ്വീകരിക്കേണ്ട രോഗ-പ്രതിരോധ പരിപാടികളെ സമഗ്രമായി രേഖപ്പെടുത്തിയിട്ടുള്ള ആരോഗ്യശാസ്ത്രമാണ് ആയുർവേദം. കാലാർത്ഥകർമ്മങ്ങളുടെ ഹീന-മിഥ്യ-അതിയോഗങ്ങൾ എങ്ങനെ രോഗോല്പാദനത്തിന് കാരണമാകുന്നു എന്ന് ശാസ്ത്രീയമായ ഉൾക്കാഴ്ചോടെയാണ് ആയുർവേദ ശാസ്ത്രജ്ഞന്മാർ വിശദമാക്കിയിരിക്കുന്നത്. ഇത്തരം ശാസ്ത്രീയമായ അടിസ്ഥാനമോ ദേഹ-ശരീര ചിന്തകളോ ഇല്ലാതെ നടത്തുന്ന മഴക്കാല ആയുർവേദ ചികിത്സകൾ ശാസ്ത്രത്തിന്റെ സൽപ്പേരിന് കളങ്കം വരുത്തുകയും ശാസ്ത്രീയമായ പ്രയോഗങ്ങൾക്ക് വിലങ്ങുതടിയാവുകയും ചെയ്യും.

എ.എം.എ.ഐ പതിനാലാമത് സംസ്ഥാന സമ്മേളനത്തിന്റെ പ്രമേയമായ 'ആയുർവേദം സാമൂഹികാരോഗ്യത്തിന്' എന്ന വിഷയം കേരളീയ ആരോഗ്യരംഗത്ത് ഗൗരവമേറിയ ചർച്ചകൾക്കും തുടർനടപടികൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. കേരളത്തിന്റെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ പൊതുജനാരോഗ്യരംഗത്ത് ആയുർവേദം ഇടപെടേണ്ടതിന്റെ ആവശ്യകതയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും ആയുർവേദ വകുപ്പിനോട് ആവശ്യപ്പെട്ടത് ഭരണതലത്തിൽ ആയുർവേദ സാമൂഹികാരോഗ്യപരിപാടികളുടെ പ്രസക്തി മനസ്സിലാക്കിവരുന്നതിന്റെ ലക്ഷണമായി നമുക്ക് കണക്കാക്കാം. ഈ സാഹചര്യത്തെ തികച്ചും അനുകൂലമാക്കി മാറ്റിക്കൊണ്ട് ആയുർവേദത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവർ നടത്തുമെന്നും നമുക്കുറപ്പുണ്ട്. ദീർഘവീക്ഷണത്തോടുകൂടിയതും ശാസ്ത്രീയമായി ആസൂത്രണം ചെയ്ത പദ്ധതികൾ ബന്ധപ്പെട്ടവരുടെ പരിഗണനയ്ക്കായി നാം സമർപ്പിക്കേണ്ടിയിരിക്കുന്നു. പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിലെ ഭൗതിക സാഹചര്യങ്ങളും ജോലിഭാരവും അടക്കമുള്ള കാര്യങ്ങളും പരിഗണനാവിധേയമാക്കേണ്ടതാണ്. അലോപ്പതി വകുപ്പിനോളം മനുഷ്യവിഭവശേഷിയോ ഇതര സൗകര്യങ്ങളോ നമുക്കില്ലെങ്കിലും ആയുർവേദ അക്കാദമി, ഔഷധ നിർമ്മാതാക്കൾ, ആയുർവേദ സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ ചികിത്സാരംഗത്തുള്ളവർ തുടങ്ങിയവരെക്കൂടി പദ്ധതികളുടെ നടത്തിപ്പിന്റെ പ്രാരംഭദശയിൽ സഹകരിപ്പിച്ച് ലക്ഷ്യം കൈവരിക്കാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഇതുവഴി വ്യക്തിഗത ചികിത്സാരംഗത്തും സാമൂഹിക ചികിത്സാരംഗത്തും ആയുർവേദത്തിന്റെ ശക്തമായസ്വാധീനം നമുക്ക് ഉറപ്പാക്കാൻ കഴിയും. ഇതുതന്നെയാവും ആയുർവേദത്തിന്റെ ഭാവിവഴിയും.



ജനറൽ സെക്രട്ടറിയുടെ പേജ്

# ഇന്ത്യൻ സൈനിക മേധാവികൾക്ക് ആയുർവേദം അശാസ്ത്രീയം


ഡോ. രജിത്ത് ആനന്ദ്
doctor_rejith@yahoo.com


**നാൽപ്പത്തിയഞ്ച് ലക്ഷത്തിലധികം** പേർ ജോലി ചെയ്യുന്ന ഇന്ത്യൻ സായുധ സേന മാനവശേഷിയുടെ കാര്യത്തിൽ ലോകത്തു രണ്ടാം സ്ഥാനത്താണ്. ഇന്ത്യയുടെ അഭിമാനമായ ഈ മഹാസ്ഥാപനത്തിൽ ഭാരതത്തിലെ പൈതൃക ചികിത്സാ സമ്പ്രദായമായ ആയുർവേദത്തെ ഇതേവരെ അംഗീകരിച്ചിട്ടില്ല. നമ്മുടെ അയൽരാജ്യമായ ചൈനയിലെ പരമ്പരാഗത വൈദ്യശാസ്ത്രസമ്പ്രദായത്തെ തങ്ങളുടെ സൈനികരുടെ ആരോഗ്യത്തിന് വേണ്ടി അമേരിക്കപോലും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇന്ത്യയിൽ ഈ വൈരുദ്ധ്യം നിലനിൽക്കുന്നത്. ചൈനീസ് ചികിത്സയ്ക്ക് പുറമേ യോഗയും, ധ്യാനവും പോലും അമേരിക്കൻ സൈനിക വൈദ്യശാസ്ത്രപരിപാടിയിൽ ഉൾക്കൊള്ളിച്ചു കഴിഞ്ഞു.

2008 ലെ മുംബൈ ഭീകര ആക്രമണത്തിൽ പരിക്കേറ്റ ജവാൻ പി.വി. മനേഷിന്റെ ആയുർവേദ ചികിത്സയ്ക്കായുള്ള റി. ഇംപേഴ്സ്മെന്റ് അപേക്ഷ ആംസ് ഫോഴ്സ് മെഡിക്കൽ ഡയറക്ടർ നിരസിച്ചതോടെ ഇന്ത്യൻ സൈനിക വൈദ്യശാസ്ത്ര വിഭാഗത്തിലെ മേധാവികളുടെ ഇക്കാര്യത്തിലുള്ള സങ്കുചിത മനോഭാവം കൂടുതൽ വ്യക്തമായത്. ഡൽഹി ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് അഡ്വ. അർജൻ ഹർകൊളി സമർപ്പിച്ച പൊതുതാത്പര്യഹർജിയോടനുബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നോട്ടീസയച്ചു. ഇതേതുടർന്ന് ആർമി മെഡിക്കൽ സർവ്വീസ് ഡയറക്ടർ നൽകിയ സത്യവാങ് മൂലത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. ശാസ്ത്രീയമായ കാരണങ്ങളാലാണ് ആയുർവേദം സൈനിക വൈദ്യശാസ്ത്ര വിഭാഗത്തിൽ ഉൾപ്പെടാത്തത് എന്നാണ് അദ്ദേഹത്തിന്റെ വാദം. ആയുർവേദം പ്രത്യേക വൈദ്യവിഭാഗമായത് കൊണ്ട് അത് വിലയിരുത്തുവാനുള്ള സംവിധാനം സൈനിക വൈദ്യശാസ്ത്ര വിഭാഗത്തിൽ നിലവിലില്ല എന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. സൈനിക വൈദ്യശാസ്ത്രമേഖലയിലെ അലോപ്പതി മേധാവിത്വത്തിന്റെ താത്പര്യങ്ങളാണ് ആയുർവേദം ശാസ്ത്രീയമല്ല എന്ന നിലപാടിന് കാരണമെന്ന് കരുതേണ്ടിയിരിക്കുന്നു . ആയുർവേദത്തെ വിലയിരുത്തുവാനുള്ള സംവിധാനം ഞങ്ങൾക്കില്ല എന്നു പറഞ്ഞ് കൈകഴുകുന്നത് തികച്ചും ബാലിശമാണ്. രാജ്യത്തിനുവേണ്ടി സേവനമനുഷ്ഠിക്കുന്ന ജവാന്മാർക്ക് സൈനിക മേധാവികൾ അടിച്ചേൽപ്പിക്കുന്ന വൈദ്യശാസ്ത്രം മാത്രമേ സ്വീകരിക്കാവൂ എന്ന നിലപാട് ശരിയല്ല. ഇത് ഇന്ത്യാഗവണ്മെന്റിന്റെ ദേശീയ ആരോഗ്യ നയത്തിനെതിരാണ്. സൈനിക വൈദ്യശാസ്ത്രവിഭാഗത്തിലെ അലോപ്പതി മേധാവികളിൽ നിന്നുള്ള ശക്തമായ എതിർപ്പാണ് ഇതു നടപ്പാക്കാനുള്ള തടസ്സമെന്നാണ് പ്രതിരോധ വകുപ്പിലെ ഉന്നത വൃത്തങ്ങളിൽ നിന്ന് എ.എം.എ.ഐയ്ക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

ദേശീയ വൈദ്യശാസ്ത്രസമ്പ്രദായമായ ആയുർവേദം ശാസ്ത്രീയമല്ലെന്നു പറഞ്ഞ് രാജ്യത്തിന്റെ മഹത്തായ സ്ഥാപനമായ പ്രതിരോധ വകുപ്പിൽ ഒഴിവാക്കി നിർത്തുമ്പോൾ എങ്ങിനെയാണ് നമുക്ക് മറ്റു രാജ്യങ്ങളെക്കൊണ്ട് ആയുർവേദത്തെ അംഗീകരിപ്പിക്കാൻ കഴിയുന്നത്? ചൈന അവരുടെ പരമ്പരാഗത വൈദ്യശാസ്ത്രത്തെ അമേരിക്ക പോലുള്ള രാജ്യങ്ങളുടെ സൈനിക ചികിത്സാ പരിപാടികളിൽ ഉൾപ്പെടുത്തിക്കുമ്പോൾ നമ്മുടെ സേനയിലെ ഇന്ത്യൻ സായിപ്പൻമാരുടെ വിവരക്കേടു തിരുത്താനുള്ള ആർ

*തുടർച്ച പേജ് 6 ൽ*

# ആയുർവേദത്തിന്റെ ഭാവിവഴികൾ

എ.എം.എ.ഐ സംസ്ഥാനകമ്മറ്റി തിരഞ്ഞെടുത്ത 2012–13 വർഷത്തെ വിവിധ സബ്കമ്മറ്റികൾ അവരവരുടെ മേഖലകളിലെ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും അതത് മേഖലകളിൽ നടപ്പാക്കേണ്ട ഹ്രസ്വ–ദീർഘകാല പദ്ധതികളുടെ കരട് രൂപരേഖ ഉണ്ടാക്കുകയും ചെയ്തുവരുന്നു. വിവിധ സബ്കമ്മറ്റികളുടെ റിപ്പോർട്ടുകൾ ഡോക്ടർമാരുടെ സജീവപരിഗണനയ്ക്കായി ഈ ലക്കംമുതൽ അവതരിപ്പിക്കുന്നു.

## ഹോസ്പിറ്റൽ സബ്കമ്മറ്റി

ഡോ. ലിജുമാത്യു
ഡോ. പി.സി. മനോജ്കുമാർ

**സ്വകാര്യ മേഖലയിലെ** ആയുർവേദ ആശുപത്രികൾ ആയുർവേദ ചികിത്സാരംഗത്തേയ്ക്കും ഗവേഷണത്തിനും വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയുന്നവയാണ്. ആയുർവേദത്തിന്റെ പ്രത്യേകതയായ പഞ്ചകർമ്മ ചികിത്സയെ ദേശീയ–അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്താൻ സഹായകമായത് ആയുർവേദ ആശുപത്രികളുടെ പ്രവർത്തനഫലമായാണ്. അതുകൊണ്ടുതന്നെ ഈ മേഖലയുടെ സമഗ്രമായ വികസനം ആയുർവേദവികസനത്തിന് രാസത്വരകമായിമാറും എന്ന് തീർത്തുപറയാം. പ്രധാനപ്പെട്ട 15 പോയിന്റുകളാണ് പ്രാഥമിക ചർച്ചയിലൂടെ ഉയർന്നുവന്നത്.

1. കേരളത്തിലെ 14 ജില്ലകളിലുമായ് നിലവിൽ പ്രവർത്തിക്കുന്ന ചെറുതും വലുതമായ എല്ലാ ആയുർവേദ ആശുപത്രികളുടേയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക. ഒരു ചോദ്യാവലി തയ്യാറാക്കി അതത് ജില്ലാ സെക്രട്ടറിമാരുടെയും എ.എം.എ.ഐ പ്രവർത്തകരുടെയും സഹായത്തോടെ നടപ്പാക്കണം.

2. സംസ്ഥാനത്തിന്റെ തെക്ക്–വടക്കു മേഖലകളിലായ് രണ്ട് ശില്പശാല നടത്തി ഈ മേഖലകളിലെ ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവയുടെ പരിഹാരങ്ങൾ എന്നിവ സമഗ്രമായ് വിലയിരുത്തുക. 2012 ജൂയാല്, ആഗസ്റ്റ് മാസത്തങ്ങളിലായ് ഇത് നടത്തണം.

3. ആയുർവേദത്തെ RSBY പോലുള്ള ഇൻഷൂറൻസ്പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള ശ്രമം ഊർജ്ജിതമാക്കുക.

4. സ്പോർട്സ് മെഡിസിനിൽ ആയുർവേദത്തെ ഉൾപ്പെടുത്തുക.

5. രോഗികൾക്ക് ESI ആനുകൂല്യങ്ങൾ ലഭിക്കാൻ സ്വകാര്യ ആയുർവേദ ആശുപത്രികളെ ക്കൂടി അതിൽ ഉൾപ്പെടുത്തുക.

6. ആയുർവേദ ആശുപത്രികളിലെ ക്രിയാക്രമങ്ങൾ, ചികിത്സാ നിരക്കുകൾ എന്നിവയ്ക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുക.

7. മലിനീകരണ നിയന്ത്രണ നിയമങ്ങളിൽ നിന്ന് ആയുർവേദ ആശുപത്രികളെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട ഒഴിവാക്കുക.

8. 25 കിടക്കകളിൽ താഴെയുള്ള ആയുർവേദ ആശുപത്രികളെ ആശുപത്രി കെട്ടിട നിർമ്മാണ നിയമത്തിൽ നിന്ന് ഒഴിവാക്കുക.

9. കേന്ദ്ര Clinical Establishment and Registration Act 2010 ലെ ആയുർവേദ ആശുപത്രി നടത്തിപ്പിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വകുപ്പുകൾ ഒഴിവാക്കാനുള്ള പ്രവർത്തനം നടത്തുക, ആയുർവേദ ആശുപത്രികൾക്കായ് പ്രത്യേക നിബന്ധനകൾ ഉണ്ടാക്കുക.

10. 30 കിടക്കകളുള്ള ആശുപത്രികൾക്ക് അംഗീകൃത തെറാപ്പി ട്രെയിനിംഗ് കോഴ്സ് നടത്താനുള്ള സൗകര്യം ഉണ്ടാക്കുക.

11. IGNOUയുമായി സഹകിച്ച് AMAI ക്ക് പാരാമെഡിക്കൽ കോഴ്സ് ആരംഭിക്കാനുള്ള സാധ്യതകൾ ആരായുക.

12. മിനിമം വേതനം സംബന്ധിച്ച വിഷയത്തിൽ അഭിപ്രായസമന്വയം ഉണ്ടാക്കുക.

13. ആയുർവേദ ആശുപത്രികളിൽ Clinical/ Research/Administration എന്നിവയ്ക്ക് സഹായകമായ രീതിയിലുള്ള സോഫ്റ്റ് വെയർ പ്രോഗ്രാമുകൾ വികസിപ്പിക്കുക.

14. വിവിധ ആശുപത്രികളെ ബന്ധിപ്പിച്ച് പഞ്ചകർമ്മം തുടങ്ങിയവയിൽ ഗവേഷണലക്ഷ്യത്തോടുകൂടിയ സോഫ്റ്റ് വെയർ വികസിപ്പിക്കുക.

15. ചെറുകിട ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പ്രചരണ പരിപാടികളും, ഇവിടങ്ങളിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ പാനൽ ഉണ്ടാക്കി ഇവരുടെ സേവനം ഇത്തരം ആശുപത്രികളിൽ ലഭ്യമാക്കുക.

*പേജ് 4 ന്റെ തുടർച്ച*

ജ്ജവമാണ് നമ്മുടെ ഭരണാധികാരികളിൽ കാട്ടേണ്ടത്. ഇതിനുവേണ്ടി ആർജ്ജവത്തോടെയുള്ള നടപടികൾ ആയുർവേദ ചികിത്സയുടെ ഗുണഭോക്താവു കൂടിയായ ഇന്ത്യൻ പ്രതിരോധ മന്ത്രി ശ്രീ.എകെ.ആന്റണിയിൽ നിന്നും ഉണ്ടാകും എന്നു തന്നെയാണ് എഎംഎ.ഐ വിശ്വസിക്കുന്നത്.

എഎംഎ.ഐ.ഈ പ്രശ്നത്തിൽ സജീവമായ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്. പ്രതിരോധ മന്ത്രി ശ്രീ. എകെ. ആന്റണിക്ക് നിവേദനം സമർപ്പിച്ചു കഴിഞ്ഞു. കൂടാതെ ആയുഷിന്റെ ചുമതലയുള്ള ആരോഗ്യ സഹമന്ത്രി ശ്രീ.ഗാന്ധി ശെൽവത്തിനും, ആയുഷ് സെക്രട്ടറി ശ്രീ.അനിൽകുമാറിനും നിവേദനം സമർപ്പിച്ചു. നിയമ നടപടികൾക്കുള്ള സാധ്യതകളും ആരാഞ്ഞുവരുന്നു. ഇതുമായി ബന്ധപ്പെട്ടു പ്രവർത്തനം നടത്തുന്ന വിവിധ സംഘടനകളേയും വ്യക്തികളേയും ഒത്തൊരുമിപ്പിച്ചു കൊണ്ടുപോകുന്ന പ്രവർത്തനവും നമ്മുടെ CCIM മെമ്പർമാരുടെ നേതൃത്വത്തിൽ ഡൽഹി കേന്ദ്രീകരിച്ച് ആരംഭിച്ചുകഴിഞ്ഞു. ആയുർവേദ ചികിത്സയ്ക്ക് സൈന്യത്തിൽ റീ ഇംപേഴ്സ്മെന്റ് നൽകുന്നതോടൊപ്പം സൈനിക ആശുപത്രിയിലെ ഒരു വിഭാഗമായി ആയുർവേദത്തെ അംഗീകരിക്കണമെന്നാണ് നമ്മൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ആരോഗ്യമന്ത്രി ശ്രീ.വി.എസ്.ശിവകുമാർ അനുഭാവപൂർണമായ സഹകരണം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. കേവലം ആയുർവേദ ഡോക്ടർമാരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക. എന്നതിനപ്പുറം ആയുർവേദ ശാസ്ത്രത്തിന് വലിയൊരംഗീകാരത്തിനുവേണ്ടിയുള്ള പരിശ്രമമാണ് ഈ പ്രവർത്തനങ്ങൾ

# പബ്ലിക് ഹെൽത്ത് പ്രൊജക്ട്സ് സബ് കമ്മിറ്റി

ഡോ. രാജേഷ് എൻ
ഡോ. വിനോദ്.എൻ

**എ. എം. എ. ഐ. യുടെ പബ്ലിക് ഹെൽത്ത്** പ്രൊജക്ട്സ് സബ് കമ്മിറ്റി മൂന്ന് തവണ യോഗം ചേർന്നു. മാതൃകാ പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കുന്നതിന് ഭാരതീയചികിത്സാവകുപ്പിന്റെ കരങ്ങൾക്ക് ശക്തി പകരുന്നതിലൂടെ ആയുർവേദ വികസനത്തിന് ആക്കം കൂട്ടുക എന്നതാണ് കമ്മിറ്റിയുടെ പ്രധാനമായ ലക്ഷ്യം. കേരള സർക്കാറിന്റെ പദ്ധതിവിഹിതത്തിൽ 2012-13 വർഷത്തിൽ ഹോമിയോപ്പതിയെക്കാളും കുറഞ്ഞ വിഹിതമാണ് നമുക്ക് അനുവദിച്ച് കിട്ടിയിട്ടുള്ളത്. നമ്മെക്കാളും സ്ഥാപനങ്ങൾ ഹോമിയോപ്പതിക്ക് കുറവാണെന്ന് മനസ്സിലാക്കുമ്പോഴാണ് ഈ അവഗണനയുടെ ആഴം വ്യക്തമാവുക. നമ്മുടെ നാടിന്റെ തനതു ശാസ്ത്രത്തെ മൂന്നാം സ്ഥാനത്തേക്ക് മാറ്റുന്നത് നിസ്സംഗതയോടെ കാണാൻ കഴിയില്ല എന്ന തിരിച്ചറിവാണ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ഊർജ്ജിതപ്പെടുത്തലിന് പ്രേരകമായത്.

കേരളത്തിലെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ തിരിച്ചറിയുക, അക്കാദമിക് വിദഗ്ദ്ധരുടെയും സർവീസ് സംഘടനകളുടെയും സജീവസഹകരണത്തോടെ ഇവയെ ശാസ്ത്രീയമായ വിശകലനങ്ങളുടെ പിൻബലത്തിലുള്ളതും കൃത്യതയാർന്നതും എളുപ്പത്തിൽ നടപ്പാക്കാവുന്നതുമാക്കി മാറ്റുക, അക്കാദമിക് രംഗത്തെ ഗവേഷണനേട്ടങ്ങളെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്ന് ഉപകരിക്കാവുന്ന തരത്തിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക എന്നിവയാണ് കമ്മിറ്റിയുടെ പ്രധാനപ്രവർത്തനങ്ങൾ. ഓരോ ജില്ലയിലും ജില്ലാ കമ്മിറ്റികൾ വഴി മെഡിക്കൽ ഓഫീസർമാരിൽ നിന്നും കോ-ഓർഡിനേറ്റർമാരെ കണ്ടെത്തുകയും അവർ മുഖേന ഏകദേശം 15-ഓളം പദ്ധതികളെ ഇത്തരത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തു. ഇവയുടെ കരട് പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവയെ കേരളസർക്കാറിനു കീഴിലെ ഭാരതീയചികിത്സാവകുപ്പുവഴി നടപ്പാക്കാവുന്ന സംസ്ഥാനപദ്ധതികളായും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ വഴി നടപ്പാക്കാവുന്ന പ്രാദേശിക പദ്ധതികളായും രൂപപ്പെടുത്തേണ്ടതുണ്ട്. ഈ പതിനഞ്ച് കരട് പദ്ധതികൾ സംബന്ധിച്ച് കമ്മിറ്റി ഭാരതീയചികിത്സാ വകുപ്പുമായി 05–06 –2012 ന് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് ഡയരക്ടർ ഡോ. അനിതാ ജേക്കബ്ബ്, ജോയന്റ് ഡയരക്ടർമാരായ ഡോ. വി. എൻ. ഗോപിനാഥൻ, ഡോ. ടി. ടി. കൃഷ്ണകുമാർ എന്നിവർ വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തു. സംഘടനയെ പ്രതിനിധീകരിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. രജിത്ആനന്ദ്, സെക്രട്ടറി(സർവീസ് കാര്യങ്ങൾ) ഡോ.എ.പി.ശ്രീകുമാർ, ഡോ.രാജേഷ് എൻ. എന്നിവരും ഡോ. ജയ പി. ആർ., ഡോ. ഷൈൻ എസ്. എന്നീ മെഡിക്കൽ ഓഫീസർമാരും ചർച്ചയിൽ പങ്കെടുത്തു. പദ്ധതി അനുമതിക്കായി സർക്കാരിലും പ്ലാനിങ് ബോർഡിലും ഇടപെടുന്നതിലും പദ്ധതിനിർവഹണകാര്യത്തിലും സംഘടനയുടെ ഭാഗത്തുനിന്നും എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടു.

വിവിധരോഗചികിത്സകൾക്ക് കൃത്യമായ ചിട്ട (പ്രോട്ടോക്കോൾ) ഉണ്ടാക്കുക, പദ്ധതിനിർവഹണത്തിൽ ഉൾപ്പെടുന്ന ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പരിശീലനം നൽകുക, മെഡിക്കൽ ഓഫീസർമാരുടെ ജോലിഭാരം കുറക്കുന്നതിന്നും പദ്ധതിയുടെ ചിട്ടയായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന്നുമായി ജൂനിയർ / സ്വകാര്യ ഡോക്ടർമാരെക്കൂടി പങ്കാളികളാക്കുക, സാദ്ധ്യമായിടത്തെല്ലാം സന്നദ്ധസംഘടനകളുടെയും മറ്റും സഹകരണം ഉപയോഗപ്പെടുത്തുക എന്നീ മാർഗരേഖകൾ പദ്ധതിരൂപീകരണത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്.

ഓരോ ജില്ലയിലും മൂന്നോ നാലോ സ്ഥാപനങ്ങളെയെങ്കിലും പദ്ധതി നിർവഹണത്തിന് തിരഞ്ഞെടുക്കുകയും അവയുടെ ഭൗതികസാഹചര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പദ്ധതികളുടെ കേന്ദ്രീകൃതമേൽനോട്ടത്തിനും അക്കാദമിയുടെ പിൻബലം ഉറപ്പാക്കുന്നതിന്നും ഡാറ്റാ എൻട്രിയും അവയുടെ വിശകലനവും സാദ്ധ്യമാക്കുന്നതിന്നും സംസ്ഥാനതലത്തിൽ ഓരോ പദ്ധതിക്കും ഒരു നോഡൽ സെന്റർ തെരഞ്ഞെടുക്കുക എന്നതും പരമപ്രധാനമാണ്. ഒപ്പം തന്നെ അതത് ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ പദ്ധതിനടത്തിപ്പിന്നുവേണ്ട എല്ലാ തരത്തിലുള്ള സഹകരണവും ഉറപ്പാക്കുന്നതിന്ന് 'ജില്ലാ സപ്പോർട്ടിങ് ഗ്രൂപ്പ്' ഉണ്ടാവേണ്ടതുണ്ട്.

ഇങ്ങനെയുള്ള ചിട്ടയായ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ വകുപ്പിന്റെയും തദ്വാരാ ആയുർവേദത്തന്റെയും യശസ്സ് ഉയർട്ടുന്നതിന് മുഴുവൻ ഡോക്ടർമാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.


# CERTIFICATE COURSE IN PANCHAKARMA

Organized by **AMAI** Malappuram Committee in association with

**VPSV Ayurveda College Kottakkal**

**COURSE DETAILS**

Duration : 4 Months, Frequency: Alternate Sundays, Time : 9 am to 5 pm, Venue : Kottakkal, Registration : Maximum 50 Persons (First come first served), Period : Sept. 2012 to Dec. 2012, Fee:A.M.A.I. Member. Rs. 5000/- Others Rs. 5500/- (5000+500 Membership fee)

*DD. infavour of Ayurveda Medical Association of India, Malappuram District payable at Kottakkal.*

***Course Director***
**Dr. M.P.Eswara Sarma**
Principal VPSV Ayurveda College Kottakkal

***Course Co-ordinator***
**Dr. A.K. Manoj Kumar**
*Professor & H.O.D. Panchakarma*
*V.P.S.V. Ayurveda College, Kottakkal*

**For Further details, Please Contact**
**Dr. K.K. Sulaiman** (Secretary, A.M.A.I. Malappuram) Mob: 9447147683

**No spot Registration | Last Date of Registration August 15th**

# എ.എം.എ.ഐ മാനുഫാക്ച്ചറിങ് സബ് കമ്മിറ്റി

ഡോ.ടി.എ.സലിം
ഡോ.പി.കെ.ഹരിദാസ്

**ഇന്ന് കേരളത്തിൽ ഏകദേശം** 1200 ഓളം ചെറുതും വലുതുമായ സ്ഥാപനങ്ങൾ ഔഷധനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് തലത്തിൽ ലൈസൻസിംഗ് സംബന്ധമായുള്ള പലവിധപ്രശ്നങ്ങൾ, അസംസ്കൃത ഔഷധങ്ങളുടെ ദൗർലഭ്യവും വിലവർധനവും, വിപണന രംഗത്തെ വിവിധപ്രശ്നങ്ങൾ തുടങ്ങി നിരവധി സങ്കീർണ്ണ പ്രശ്നങ്ങളിൽ നിന്നാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഔഷധങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. അനാശാസ്യമായ രീതിയിൽ പരസ്യം നൽകിക്കൊണ്ടുള്ള ചില വൻകിട കമ്പനികളുടെ വിപണന തന്ത്രങ്ങൾ ഈ രംഗത്തെ ചെറിയ സംരഭകരെ പ്രതിസന്ധിയിലാക്കുന്നുണ്ട്. അടിയന്തിര ശ്രദ്ധ ആവശ്യമായ നിരവധി പ്രശ്നങ്ങളാൽ കലുഷമാണ് ഇന്ന് കേരളത്തിലെ ഔഷധനിർമ്മാണ രംഗം എന്നതാണ് വസ്തുത.

കഴിഞ്ഞ ഒട്ടനവധി വർഷങ്ങളായി ഔഷധനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളിൽ എഎം.എ.ഐ സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്നുണ്ട്. ഡ്രഗ്സ് കൺട്രോളർ വിഭാഗം വിഭജിച്ച് ആയുർവ്വേദ വിഭാഗം പ്രത്യേകമായി ആരംഭിച്ചതും, എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ സമർത്ഥമായി പരിഹരിക്കാൻ ശ്രമിച്ചതും ആയുർവ്വേദത്തിന്റെ അന്തസ്സിനെ കളങ്കപ്പെടുത്തുന്ന മുസലി പവർ എക്സ്ട്രാ, കിഴി മുതലായ പരസ്യങ്ങൾക്കെതിരെ നടത്തിയ നിയമപോരാട്ടങ്ങൾ എന്നിവ ഇവയിൽ ചില ഉദാഹരണങ്ങൾ മാത്രം.

കോഴിക്കോട് നടന്ന എഎംഎ.ഐ യുടെ 14-ാം സംസ്ഥാന സമ്മേളനം തെരഞ്ഞെടുത്ത പുതിയ സംസ്ഥാന കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിന്റെ ഭാഗമായി വിവിധ സബ് കമ്മിറ്റികൾക്ക് രൂപംനൽകിയിട്ടുണ്ട്. ഈ വിധത്തിൽ ഔഷധനിർമ്മാണ രംഗത്തെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനും വേണ്ടി രൂപീകൃതമായി സബ് കമ്മിറ്റിയാണ് മാനുഫാക്ചറിംങ് സബ് കമ്മിറ്റി. ഡോ.ടി.എ.സലീം (ചെയർമാൻ), ഡോ.പി.കെ.ഹരിദാസ് (കൺവീനർ) എന്നിവരുടെ സാരഥ്യത്തിൽ ഡോ.കെ.അനിൽകുമാർ, ഡോ.എം.ചന്ദ്രശേഖരൻ, ഡോ.ഷഫി താഷ്കന്റ്, ഡോ.ഉമ്മൻ മാത്യു, ഡോ.എം.ടി.മോഹൻദാസ്, ഡോ.എൻ.സതീഷ്കുമാർ, ഡോ.സജികുമാർ എന്നിവർ ഉൾപ്പെടുന്നതാണ് ഈ സബ് കമ്മിറ്റി.

മാനുഫാക്ചറിംങ് സബ് കമ്മിറ്റിയുടെ ആദ്യയോഗം 01-04-2012 നു അങ്കമാലി ആയുർവ്വേദ ഭവനിൽവെച്ച് ചേരുകയുണ്ടായി. ഔഷധങ്ങൾ സ്വന്തം രോഗികളുടെ ചികിത്സക്കുവേണ്ടി നിർമ്മിക്കുന്നവരും, നിർമ്മിച്ച് വിപണനം ചെയ്യുന്നവരുമായ മുഴുവൻ എ.എം.എ.ഐ മെമ്പർമാരെയും ഉൾപ്പെടുത്തി ജില്ലാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിലും കൺസോർഷ്യം രൂപീകരിക്കുക എന്ന സുപ്രധാന തീരുമാനം ഈ കമ്മിറ്റി ഏറ്റെടുക്കുകയുണ്ടായി. അതിലൂടെ ഔഷധനിർമ്മാണ രംഗത്തെ മുഴുവൻ പ്രശ്നങ്ങളും മനസ്സിലാക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുമെന്ന് കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഭൂരിഭാഗം ജില്ലകളിലും ജില്ലാതലകൺസോർഷ്യം രൂപീകരണം നടന്നുകഴിഞ്ഞു. മറ്റുജില്ലകളിൽ ഇതിന്റെ രൂപീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഏതാനം ആഴ്ചകൾക്കുള്ളിൽ ജില്ലാതലകൺസോർഷ്യം രൂപീകരണം പൂർത്തീകരിക്കാൻ കഴിയുന്നതാണ്. തുടർന്ന് രണ്ടുമാസത്തിനകം സംസ്ഥാനതല കൺസോർഷ്യം രൂപീകരിക്കുന്നതാണ്.

ഔഷധ നിർമ്മാണരംഗത്തെ പ്രധാനവെല്ലുവിളിയായ അസംസ്കൃത ഔഷധങ്ങളുടെ ദൗർലഭ്യമാണ് ജില്ലാതലത്തിൽ രൂപീകരിക്കുന്ന കൺസോർഷിയത്തിന്റെ മുന്നിലുള്ള ഒരു പ്രധാന പ്രശ്നം. കുടുംബശ്രീ പോലുള്ള സ്വയം സംരഭക യൂണിറ്റുകളെ ഉപയോഗിച്ച് ഔഷധസസ്യ കൃഷിയിൽ പരിശീലനം നൽകുകയും ഉൽപാദിപ്പിക്കുകയും ചെയ്യുക. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ഔഷധങ്ങൾ ജില്ലാതല കൺസോർഷ്യം വഴി ശേഖരിക്കുകയും മെമ്പർമാരായ ഡോക്ടർമാർക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക. ഇത്തരത്തിലുള്ള ബൃഹത്തായ ഒരു പ്രൊജക്ട് NABARDനും മറ്റും സമർപ്പിച്ചുകഴിഞ്ഞു. ഇതുവഴി കൺസോർഷ്യത്തിൽ അംഗങ്ങളായ സംരഭകർക്ക് ഗുണനിലവാരമുള്ള അസംസ്കൃത ഔഷധങ്ങൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിന് വഴിയൊരുക്കുക എന്നതാണ് ലക്ഷ്യം.

മറ്റൊരു പ്രധാന പ്രശ്നം, ഇന്ന് അസംസ്കൃത ഔഷധങ്ങൾ വിൽക്കുന്ന പലസ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് വളരെ ശോചനീയമായ സ്ഥിതിയിലാണ് എന്നതാണ്. ഡ്രഗ്സ് കൺട്രോളർ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഈ മേഖലയിൽ വേണം. മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാര പരിശോധനയും ഇവിടങ്ങളിൽ കർശനമായി ഏർപ്പെടുത്തണം. അതുവഴി മായം ചേർക്കുന്നതും, ഒന്നിന്റെ പേരിൽ മറ്റൊന്ന് വിൽക്കുന്നതും തടയാൻ കഴിയും. അതുകൊണ്ട് അസംസ്കൃത ഔഷധങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസിംഗ് സമ്പ്രദായം അടിയന്തിരമായി നടപ്പിലാക്കണം. വിലനിലവാരം ഏകീകരിക്കുന്നതിന് സംവിധാനം ഉണ്ടാവുകയും വേണം.

1200 ഓളം ഔഷധനിർമ്മാണ യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയ പരിശോധന ഈ മേഖലയിൽ നടക്കുന്നില്ല എന്നതാണ് സത്യം. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മറ്റും ജില്ലാഅടിസ്ഥാനത്തിലോ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയമേഖലകൾ രൂപീകരിച്ചോ ഡ്രഗ് ഇൻസ്പെക്ടർമാരുടെ കൂടുതൽ തസ്തികകൾ ഉണ്ടാക്കി നിയമിക്കണം. അതിലൂടെ മാത്രമെ പരിശോധനകൾ കർശനമാക്കുന്നതിനു സാധിക്കൂ.

*തുടർച്ച പേജ് 24 ൽ*

# അന്നം ബ്രഹ്മ

*'അന്നത്തിൽ നിന്നാണ് ആരോഗ്യവും രോഗവും ഉണ്ടാകുന്നത്. നിങ്ങൾ അതെങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നതാണ് നിർണ്ണായകമായ സംഗതി'*

*ചരകസംഹിത*

**അന്നമാണ് ശരീരത്തിന്റെ** സ്വഭാവം നിർണ്ണയിക്കുന്നത്. മനസ്സിന്റെ കാര്യവും അങ്ങനെത്തന്നെ എന്നാണ് നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോടം അയാളുടെ വളർച്ച, വികാസം, പെരുമാറ്റരീതികൾ എന്നിവകളെല്ലാം അയാളുടെ ഭക്ഷണം സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിന്റെ മറ്റുതലങ്ങൾ പരിശോധിച്ചാലും ഇതുതന്നെയാണ് സ്ഥിതി എന്നത് വ്യക്തമാണ്. ഒരു പ്രദേശത്തിന്റെ ആഹാര സമ്പ്രദായം അവിടുത്തെ ജനതയെ സൂക്ഷ്മമായി നിർവ്വചിക്കുന്നുണ്ട്. അവിടുത്തെ ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം, ശീലം എന്നിവയെല്ലാം അവരുടെ ഭക്ഷണത്തിൽ പ്രതിഫലിക്കുന്നു. മനുഷ്യവർഗം സാർവ്വലൗകികമായി ഒന്നാണെന്ന് ആലങ്കാരികമായി പറയാമെങ്കിലും വസ്തുനിഷ്ഠമായി സ്ഥിതി അങ്ങനെയല്ല. ഇടപഴകുന്ന ഭൂപ്രകൃതിയുടെയും അതിനൊത്തു ശീലിച്ചുവരുന്ന ഭക്ഷണവ്യവസ്ഥയുടേയും അടിസ്ഥാനത്തിൽ ദേശീയം വംശീയം എന്നൊക്കെ പറയാവുന്ന ഭേദങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വസിക്കുന്ന മനുഷ്യർ തമ്മിലുണ്ട്. ഒരു പ്രത്യേക ഭൂഭാഗത്ത് നിരവധി നൂറ്റാണ്ടുകളായി അധിവസിക്കുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം, ജീവശാസ്ത്രപരമായിത്തന്നെയും, പ്രാദേശികമായ ഋതുഭേദങ്ങളുടെയും വിഭവലഭ്യതയുടെയും അടയാളങ്ങൾ ഒഴിവാക്കാനാവില്ല. ഇതിൽനിന്നുണ്ടാകുന്ന ഏതുതരവും അകൽച്ചയും അതെത്രതന്നെ ചെറുതാണെന്ന തോന്നലുണ്ടായാലും അവരെ സംബന്ധിച്ച് അസ്വാസ്ഥ്യത്തിന്, ആതുരതയ്ക്ക്, കാരണമായിത്തീരുന്നു. ആധുനികകാലത്ത് ഇത് എത്രതന്നെ തവണയാണ് നിസ്സന്ദേഹം തെളിയിക്കപ്പെട്ടിട്ടുള്ളത്. പ്രവാസികൾക്കിടയിൽ, അഭയാർത്ഥികളിൽ, ഇങ്ങനെ മറ്റനേകം ഉദാഹരണങ്ങളിൽ, ഒക്കെ സ്ഥായിയായ, ദീർഘകാലാനുബന്ധികളായ, ആതുരാവസ്ഥകൾ സമാനതകളില്ലാത്ത വിധം ഉയർന്നിരിക്കുന്നു എന്നത് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടല്ലോ. ഉയർന്ന ജീവിതനിലവാരം തേടി പാശ്ചാത്യരാ

**ഡോ. പ്രസാദ് എം.**
സുനേത്രി ആയുർവേദാശ്രമം &
റിസർച്ച് സെന്റർ, തൃശൂർ
www.sunethriayurveda.com

ജ്യങ്ങളിലേക്ക് കുടിയേറിയ ഏഷ്യൻ വംശജരിൽ ഏറെ കൂടിയിരിക്കുന്ന ഹൃദ്രോഗസാധ്യതയുടെ വിശദീകരണം മാറിയ ഭക്ഷണശീലങ്ങളെയാണ് പ്രതിക്കൂട്ടിലാക്കുന്നത്.

ഓരോ പ്രദേശത്തും അവിടുത്തെ ഭൂപ്രകൃതിക്കും ഋതുഭേദങ്ങൾക്കുമനുസരിച്ചായിരിക്കണം ഭക്ഷണം. ഇത് പ്രാചീനമായ തിരിച്ചറിവാണ്. ഇതിന്റെ ബോധ്യം ഭാരതത്തിൽ ഏറെ പഴക്കമുള്ളതാണ്. ഋതുക്കളുടെ ചാക്രികസഞ്ചാരത്തിനൊത്തവണ്ണം എങ്ങനെ ജീവിതം ക്രമപ്പെടുത്താമെന്നു വിവരിക്കുന്ന 'ഋതുചര്യ' ആയുർവേദഗ്രന്ഥങ്ങളുടെ ആദ്യഭാഗങ്ങളിൽതന്നെ വിവരിക്കുന്നത് മറ്റൊരുകാരണത്താലല്ല. കാലവുമായി, കാലഭേദങ്ങളുമായി, ജീവശരീരം എപ്രകാരമാണ് പ്രതിപ്രവർത്തിക്കുന്നത്, സംവദിക്കുന്നത് എന്നു തിരിച്ചറിയാനുള്ള ശ്രമത്തിൽ നിന്നാണ് ഇത്തരം ശാസ്ത്രഭാഗങ്ങളുരുത്തിരിയുന്നത്. സ്വാസ്ഥ്യമായും മറിച്ചും നമുക്ക് അനുഭവവേദ്യമാകുന്നത് വാസ്തവത്തിൽ ശരീരവും ചുറ്റുപാടുകളും തമ്മിലുള്ള വേഴ്ചകൾ തന്നെയാണ്. സ്വാസ്ഥ്യസംരക്ഷണം പ്രധാനലക്ഷ്യമായിട്ടുള്ള ആയുർവേദത്തിൽ ഋതുചര്യ പ്രധാനപ്രമേയമാകുന്നത് യാദൃശ്ചികമല്ലെന്നത് വ്യക്തമാണല്ലോ.

ശീതോഷ്ണങ്ങളുടെ പാരമ്യങ്ങൾക്കിടയിലൂടെയുള്ള കാലത്തിന്റെ ഊഞ്ഞാലാട്ടമാണ് ഋതുഭേദങ്ങൾക്കാധാരം. ചൂടും തണുപ്പും. അഗ്നിയും സോമനും. അലങ്കാരത്തിലും ദർശനത്തിലും ചർച്ചാവിഷയമാകുന്ന അഗ്നിഷോമീയം. ഈ ദ്വന്ദ്വത്തിന്റെ സന്തുലനമാണ് ജീവന്റെ നിലനിൽപ്പിനാധാരം. പാരമ്യങ്ങളിൽ ജീവന്റെ കണങ്ങൾ ഭസ്മീകരിക്കപ്പെടുകയോ തണുത്തുറയപ്പെടുകയോ ചെയ്യുന്ന ഇവയിൽ ഒന്നു മറ്റൊന്നിനെ കീഴ്പ്പെടുത്താതെ, ഓരോന്നും അതാതിന്റെ ധർമ്മമനുഷ്ഠിച്ചുകൊണ്ട്, എന്നാൽ പരസ്പരം നിയന്ത്രിച്ചുകൊണ്ട് സഹവർത്തിക്കുക എന്നതാണ് സമ്യഗ് യോഗം. ഇതുതന്നെയാണ് സ്വാസ്ഥ്യവും.

പ്രകൃതിയിലെ മറ്റെല്ലാതിനേയുമെന്നപോലെ ശരീരത്തിലെ സകല ജൈവധർമ്മങ്ങളേയും ആഗ്നേയം സൗമ്യം എന്നിങ്ങനെ രണ്ടായി പകുത്തുവയ്ക്കാം. അന്നമായും ഔഷധമായും ഉപയോഗപ്പെടുത്താവുന്ന മുഴുവൻ വസ്തുക്കളേയും ഇതേ വിഭജനത്തിലുൾപ്പെടുത്തുകയുമാവാം. പ്രപഞ്ചത്തെ പഠിക്കാനൊരുമ്പെടുന്നവർ ഇതേ മാതൃകയിലൂടെ സഞ്ചരിക്കുന്നു. ജീവദ്രവങ്ങളെ അമ്ല-ക്ഷാര ദ്വന്ദങ്ങളായി വിഭജിച്ചറിയുന്ന പാശ്ചാത്യശാസ്ത്രകാരന്മാർ ചെയ്യുന്നതും മറ്റൊന്നല്ല. പ്രപഞ്ചം എങ്ങനെയോ അങ്ങനെ ശരീരവും. ബാഹ്യപ്രപഞ്ചത്തിലെന്നപോലെ ഉൾപ്രപഞ്ചവും. ഈ കാഴ്ചപ്പാടുകൾ, വാസ്തവത്തിൽ, ജീവന്റെ നൈസർഗ്ഗിക ചോദനകളെ വിശദീകരിക്കാൻ മാത്രമല്ല, അതിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താനും നമ്മളെ കെല്പുള്ളവരാക്കിയിട്ടുണ്ട്. പ്രകൃതത്തിലേക്കു തിരികെ വന്നാൽ, പ്രാദേശികങ്ങളായ ഭക്ഷ്യസംസ്കാരങ്ങളുടെ ആണിക്കല്ല് ഈ അഗ്നിഷോമീയമാണെന്നു കാണാം. പുറം സൂര്യൻ ഉച്ചസ്ഥായിയായിലെത്തുന്ന ആഗ്നേയ ഋതുക്കളിൽ കത്തിക്കാളുന്ന അകംസൂര്യനെ മെരുക്കാൻ ഉതകുന്നതാകണം അന്നം. ശീതർത്തുവിൽ കഴിക്കുന്ന അന്നത്തിന് ഉറഞ്ഞുപോകുന്ന അഗ്നിയെ ഊതിയുണർത്താൻ കെല്പുണ്ടാകണം. സൂര്യസോമന്മാർ ദുഷിച്ചുപോകുന്ന വർഷർത്തുവിൽ ഭൂമിയാകെ വിഷരായ പടരുമ്പോൾ വിഷശമനികളായ അന്നം ആഹരിക്കപ്പെടണം. ദേശത്തിന് മൗലികമായ ആഹാരശീലങ്ങളുണ്ടാകുന്നത് ഇത്തരം അറിവുകളെ ആധാരമാക്കിയാണ്.

ശാസ്ത്രത്തിന്റെ സാർവ്വത്രികതാവാദം ഇവിടെ വിലപോകുകയില്ല. അന്നത്തെ തിരസ്കരിച്ച് പോഷകഘടകങ്ങളുടെ അപ്രമാദിത്വത്തെ കേന്ദ്രപ്രമേയമാകുന്ന പോഷകശാസ്ത്രവാദത്തിനു (Nutritionism) പുറത്ത് ആഹാരത്തിന്റെ സാംസ്കാരിക ബഹുസ്വരതയെ പരിലാളിക്കുന്ന വീക്ഷണഗതിയാണിത്. ഇതിൽ കേവലമായ പോഷണത്തിനു പുറമെ അനുപമമായ ആനന്ദം കൂടിയുണ്ട്.

ദൗർഭാഗ്യവശാൽ അന്നത്തെ സംബന്ധിച്ചുള്ള ഈ ബഹുസരതയും വൈചിത്ര്യവും നമുക്ക് കൈമോശം വന്നിരിക്കുന്നു. ഇന്ന് നാം അന്നമല്ല ആഹരിക്കുന്നത്, മറിച്ച് ശാസ്ത്രീയപോഷകവാദത്തിന്റെ ഉത്പന്നങ്ങളായ ഭക്ഷണസദൃശങ്ങളായ പോഷകവസ്തുക്കളാണ്. ഇതിൽ സാംസ്കാരികമായ അടരുകളില്ല, ആനന്ദവുമില്ല. ഇത്ര അന്നജം, ഇത്ര മാംസ്യം എന്നീ മട്ടെല്ലാം അളന്നുതൂക്കിയെടുത്ത് ഇത്രകലോറി ഊർജ്ജം

ലഭിക്കുമെന്നു തിട്ടപ്പെടുത്തിയിട്ടുള്ള ഉത്പന്ന ങ്ങൾ. ഋതുഭേദങ്ങളെയോ അതിജീവന സാഹ ചര്യങ്ങളെയോ ഇവിടെ പഠിക്കുന്നില്ല. തീറ്റ ഒ രുതരം 'ഇന്ധനം നിറയ്ക്കൽ' മാത്രമായി മാറി യിരിക്കുന്നു. ഇതിനുള്ള മാതൃകയാകട്ടെ കമ്പോ ളം നിശ്ചയിച്ചുറപ്പിക്കുകയും ചെയ്യുന്നു. ശാസ് ത്രത്തിലുള്ള അമിത വിശ്വാസം നിമിത്തം തല മുറകളുടെ അറിവിനേയും അനുഭവത്തേയും തി രസ്കരിച്ച് ഇത്തരം കമ്പോളമാതൃകകളെ കൈ പ്പിടിച്ചകത്തുകയറ്റാൻ നമുക്ക് കൂടുതൽ ചിന്ത കൾ വേണ്ടിവന്നതുമില്ല. അരിയാഹാരമാണ് മ ലയാളികളുടെ എല്ലാ രോഗങ്ങൾക്കും കാരണ മെന്നും വെളിച്ചെണ്ണ കഴിച്ച് നാമെല്ലാം ഹൃദ്രോ ഗികളായിക്കൊണ്ടിരിക്കുകയാണെന്നും 'ശാസ് ത്രീയമായി' തെളിയിക്കപ്പെട്ടുകൊണ്ടിരിക്കു മ്പോൾ മറ്റെന്തു ചെയ്യാനാണ് ! താളും തകര യും ചേമ്പും ചേനയുമെല്ലാം അങ്ങനെ നമുക്ക് പാഴ് വസ്തുക്കളായി മാറുന്നു. പകരം ഉള്ളവ നും ഇല്ലാത്തവനും 'ആംവേ ന്യൂട്രിലൈറ്റ് ' അ ടിസ്ഥാനഭക്ഷണമാതൃകയായി സ്വീകരിക്കുന്നു. ആരോഗ്യകരമായ ജീവിതത്തിനുവേണ്ട എല്ലാ പോഷകങ്ങളും വേണ്ടത്ര വേണ്ടപോലെ ചേർ ത്തിട്ടുള്ള ഈ അമേരിക്കൻ ഭക്ഷണഫോർമുല യുള്ളപ്പോൾ എന്തിന് മാങ്ങയും ചക്കയും തി ന്ന് സമയം പാഴാക്കണം.

ഉത്തരം കിട്ടാത്ത ഒട്ടനവധി ആതുരതകൾക്കു നടുവിലാണ് നാം ഇന്ന് ജീവിച്ചുവരുന്നത്. ഇവി ടുത്തെ ഭൂപ്രകൃതിക്കിണങ്ങുന്ന, ഋതുഭേദങ്ങ ളനുസരിച്ചുള്ള, തലമുറകളിലൂടെ വികസിച്ചുവ രുന്ന, പരമ്പരാഗത ഭക്ഷ്യശീലങ്ങളിലേക്കു മട ങ്ങിയാലല്ലാതെ ഇക്കാര്യത്തിൽ രക്ഷപ്പെടാനാ വുമെന്നു കരുതാനാവില്ല. അതാകട്ടെ പ്രാദേശി കമായ വിഭവ ലഭ്യതകളുറപ്പിക്കുന്നതാകുകയും വേണം.



# Higher Education in Ayurveda

**Dr.A.K. Manojkumar**
Professor and Head, Department of Panchakarma
Ayurveda College Kottakkal

According to the Central Council of Indian Medicine (C C I M) the aims of post-graduate degree courses shall be to provide orientation of specialties and super-specialties of Ayurveda and to produce experts and specialists who can be competent and efficient teachers, physicians, surgeons, obstetricians and gynaecologists, pharmaceutical experts, researchers and profound scholars in various fields of specialization of Ayurveda. To achieve those objectives the council is allowing post-graduate degree in 22 specialties.

**The nomenclature of post–graduate degree**

1 Ayurveda Vachaspati ( M.D.-Ayurveda.) Ayurveda Sidhanta,
2 Ayurveda Vachaspati (M.D. -Ayurveda ) Ayurveda Samhita,
3 Ayurveda Vachaspati (M.D. -Ayurveda ) Rachna Sharir,
4 Ayurveda Vachaspati(M.D.-Ayurveda)Kriya Sharir (Dosha- Dhatu-Mal Vigyana),
5 Ayurveda Vachaspati (M.D. -Ayurveda ) Dravya Guna Vigyana,
6 Ayurveda Vachaspati (M.D. -Ayurveda ) Ras Shastra,
7 Ayurveda Vachaspati (M.D. -Ayurveda ) Bhaishajya Kalpana,
8 Ayurveda Dhanwantri (M.S.- Ayurveda ) Prasuti Tantra avum Stri Roga
9 Ayurveda Vachaspati (M.D. -Ayurveda ) Kaumar Bhritya- Bala Roga,
10 Ayurveda Vachaspati (M.D.-Ayurveda ) Kayachikitsa,
11 Ayurveda Vachaspati (M.D -Ayurveda ) Swastha Vritta,
12 Ayurveda Vachaspati (M.D -Ayurveda ) Rog Nidan avum Vikriti Vigyana,
13 Ayurveda Dhanwantri (M.S.-Ayurveda) – Shalya Tantra – Samanya,
14 Ayurveda Dhanwantri (M.S.-Ayurveda)– ShalyaTantra–KsharKarma avum Anusha stra Karma,
15 Ayurveda Dhanwantri (M.S.-Ayurveda) Shalakya Tantra – Netra Roga,
16 Ayurveda Dhanwantri (M.S. -Ayurveda ) – Shalakya Tantra: Shiro-Nasa-Karna avum Kantha Roga,
17 Ayurveda Vachaspati (M.D –Ayurveda ) – Shalakya Tantra – Danta avum Mukha Roga,
18 Ayurveda Vachaspati (M.D.-Ayurveda) – Mano Vigyan avum Manas Roga,
19Ayurveda Vachaspati (M.D.-Ayurveda) – Panchakarma,
20 Ayurveda Vachaspati (M.D.-Ayurveda) – Agad Tantra avum Vidhi vaidyaka,
21 Ayurveda Vachaspati (M.D.- Ayurveda) – Sangyaharana,
22 Ayurveda Vachaspati (M.D.-Ayurveda) – Chhaya avum Vikiran Vigyan,

**Training**

The duration of the course is 3 years. The first year is devoted to preliminary course and following two years for specialty course. All students have to submit a dissertation during the period of study. They have to pass through two examinations after first and final year. The students shall have to undertake training in teaching technology and research methods and shall have to participate in the teaching and training programmes of under-graduate students or interns in the respective subjects during the course of study.

**Post Graduate Education in Kerala**

Post Graduate Education is being conducted at four Ayurveda Colleges in Kerala. They include Government Ayurveda Colleges at Thiruva nantha puram, Trippunithura & Pariyaram and

Vaidyaratnam P S Varier Ayurveda College Kottakkal. The total number of seats available is 120 in fifteen specialties. The specialties include- Kayachikitsa, Agadatantra, Panchakarma, Swastha vritta, Dravyaguna, Kaumarabhrutya, Sidhantha, Salyatantra, Salakyatantra, Rasasastra,Bhaishajya kalpana, Prasoothitantra, Manovigyan,Roganidan, Kriyasharira

Roganidan and Kriyasharira specialties are available at Pariyaram and Manovigyan at Kottakkal Ayurveda College only. Sangyaharana refers to Anaesthesia and Chhaya avum Vikiran Vigyan to Radiology. Both of the specialties are not being taught in Kerala. About 16 seats are reserved for students coming from other states.

**Admission**

In Kerala the admission procedure comprises of an entrance examination and counselling. The entrance examination is conducted by the Commissioner for Entrance Examination. The counselling is done by a committee under Director of Ayurveda Medical Education.

**Government Ayurveda College Thiruvananthapuram**

The oldest Ayurveda College in the state is conducting post graduate course in 12 specialities. The total number of seats available is 63. They include Kayachikitsa – 6 seats, Agadatantra – 5, Panchakarma – 5, Swasthavritta – 6, Dravyaguna – 6, Kaumarabhrutya - 5, Sidhantha – 6, Salyatantra – 3, Salakyatantra - 3, Rasasastra – 6, Bhaishajyakalpana – 6 and Prasoothitantra – 6 seats each. Agadatantra, Panchakarma, Swasthavritta, Kaumarabhrutya and Prasoothitantra are done at Poojappura campus and the remaining courses at the main campus.

**Government Ayurveda College Trippunithura**

The college is running with 5 P G courses with an intake capacity of 25 per year. They include Panchakarma – 4 seats, Swasthavritta – 4, Dravyaguna – 4, Rasasastra – 4, Salyatantra – 5 and Salakyatantra - 4.

**Vaidyaratnam P S Varier Ayurveda College Kottakkal**

A total number of 22 seats are available in five specialties. They include Manovigyan – 6, Agadatantra – 4, Panchakarma – 4, Swasthavritta – 4 and Dravyaguna – 4,

**Government Ayurveda College Pariyaram**

Roganidana and Kriyasharira are the two specialties available with an intake capacity of five each.

**Ph D programme in Kerala**

Recently University of Kerala started Ph D as a part time programme. Admission is through an entrance examination. Kerala University of Health Sciences is about to start Ph D. Sanskrit University at Kaladi is also conducting Ph D courses.

**Post Graduate Education outside Kerala**

There are national institutes, government colleges and private colleges provide higher education in Ayurveda. The three national institutes are located at B H U, Jamnagar and Jaipur. Admission to those institutes is based on entrance examinations conducted at national level. Few seats are reserved for the state concerned and others are open for all.

**Banaras Hindu University**

Post graduation, Ph D, P G Diploma and certificate courses are available at B H U. Post graduation is done in sixteen specialties. About 19 seats are available for outside state candidates. Entrance examination is usually conducted in the month of June. The selected candidates will get a stipend of Rs. 40,000 to 50,000 per month. P G Diploma is available in eight specialties. Ph D is also available in many subjects. Two certificate courses *namely* Vikiran avam Chhaya and Prasava Vigyana are also available. The duration of the certificate course is one academic year. Residency system with an intake capacity of 22 is another attraction of B H U. Residents will be treated as teachers and will get the salary of teachers. PG and Ph D students will be treated as junior and senior residents respectively.

**I P G T & R A Jamnagar**

Apart from P G and Ph D, Jamnagar offers M Sc and Ph D in medicinal plants. Post graduation is conducted in ten specialties. About fifteen seats

are available for candidates coming out of Gujarat. Entrance test is usually conducted during the month of March/April. Total seats available for Ph D are twenty. All seats are open to national level. Admission is through an entrance test conducted twice in a year – October and March. No part time Ph D is available. The registration is for five years. Students have to stay at least two years at Jamnagar with stipend. The stipend for P G and Ph D is in accordance with the rules of Govt of India. Presently the amount comes around Rs.30, 000.

Those who are interested in medicinal plants can join for M. Sc. Medicinal plants. It's a two years course with an intake capacity of 20. After that Ph D is also available.

**National Institute of Ayurveda, Jaipur**

The opportunities include P G and Ph D. Post graduation is done in fourteen specialties with an intake capacity of 104. Entrance is usually conducted during March/April. This year the test is on fifth of August. Ph D is conducted in 9 specialties with an intake capacity of 18. Admission is through an all India entrance examination and interview. The stipend for P G and Ph D is in accordance with the rules of Govt of India. Presently the amount comes around Rs.30, 000.

**Rajeev Gandhi University of Health sciences**

In Karnataka, approximately 412 P G seats are available in 17 specialties. Govt. Ayurveda Colleges do not consider outside students for P G courses. But few seats are available in new P G courses. Admission in private colleges is open to all in payment seats. Ph D is conducted in few colleges.

**Gurushishya scheme**

Rashtreeya Ayurveda Vidyapeeth under AYUSH has come up with a new programme called Gurushishya scheme. The programme comprises of two schemes namely Acharya Guru and Chikitsak Guru. The graduates will be posted under a special practitioner for one year with stipend. The ultimate aim is to preserve the traditional knowledge. Acharya Guru programme is based on Samhita and Commentary. Chikitsak Guru focuses on treatment aspects. Post graduates can complete the Chikitsak Guru programme within 6 months. Every student will get an amount of Rs. 20000/- monthly as stipend.

**New Horizons**

The B A M S graduates can chose new horizons to develop their career. They include research, documentation, publication, administration, hospital management, business management, Pharma sector and other social services.

To become a researcher a number of certificate courses, diploma, degree and P G courses are available by various universities/institutes. They include I G N O U, Annamalai University, I F C, F R L H T, Amruta Institute of Health Science etc. Kerala University is conducting a diploma course named PGD HSR focuses on clinical research. It's a part time course for one year. Other courses include Post Graduate Diploma in Clinical Data Management (PGDCDM), Professional Diploma in Clinical Trial Management (PDCTM), Professional Diploma in Clinical Research, M. Sc. Clinical Research etc.

**I G N O U Courses**

I P R is an emerging issue in traditional systems of medicine. The issue can be better managed if an Ayurveda doctor does have a knowhow on I P R and Ayurveda. I G N O U is coming with two courses namely "Awareness Course on Intellectual Property Rights (AIPR)" and "Post-Graduate Diploma in Intellectual Property Rights (PGDIPR)".

Other courses like 'Master of Business Administration (MBA)' and 'Post-Graduate Diploma in Marketing Management (PGDMM) etc are very useful for Ayurveda graduates. Post Graduate Diploma in Disaster Management (PGDDM) also helps us to participate in social issues. M A in Psychology (MAPC) is a promising area to be explored both in research and practice.

**Conclusion**

Post graduate studies are gradually emerging as an essential qualification for Ayurveda graduates. The real opportunities are not being exposed properly. Apart from Ayurveda specialties new opportunities are being unravelled to satisfy the new demands.

# കർക്കിടക ഔഷധസേവ
## ശാസ്ത്രീയ സമീപനം

**ഡോ. എൻ. ശരത്**

(മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി (NRHM)വയലാർ )

**കർക്കിടകം കഴിഞ്ഞാൽ** ദുർഘടം കഴിഞ്ഞു എന്നത് വളരെ പ്രശസ്തമായ ഒരു പഴഞ്ചൊല്ലാണ്. കർക്കിടക മാസത്തിൽ മറ്റു മാസങ്ങളെ അപേക്ഷിച്ച് ശാരീരികമായും മാനസികമായും ജനങ്ങൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങളെ മുന്നിൽ കണ്ടു കൊണ്ടാണ് ഇപ്രകാരം പറയുന്നത്. ആയുർവ്വേദ വിധി പ്രകാരം കർക്കിടക മാസത്തിൽ ചില പ്രത്യേക ആഹാര രീതികളും ചികിതിസാ ക്രമങ്ങളും നില നിൽക്കുന്നു. കർക്കിടക മാസം കഴിഞ്ഞു കിട്ടാൻ കൈക്കൊള്ളുന്ന ചര്യകൾ വരും കാലത്ത് ആരോഗ്യം കാത്തു സൂക്ഷിക്കുന്നതിന് മർമ്മ പ്രധാനമായ പങ്ക് വഹിക്കുന്നു എന്ന കാര്യം അനുഭവത്തിലൂടെ ശ്രദ്ധയിൽപ്പെട്ട വസ്തുതയാണ്.

ആയുർവ്വേദത്തിന്റെ മർമ്മ പ്രധാനമായ ഒരു മേഖല രോഗം വരാതെ ശരീരത്തെ പ്രാപ്തമാക്കാൻ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ ഭൗമാന്തരീക്ഷത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ആരോഗ്യ സ്ഥിതിയെ ബാധിക്കാതിരിക്കുവാൻ ചില നിർദ്ദേശങ്ങൾ ഈ മേഖലയിൽ പ്രതിപാദിച്ചിരിക്കുന്നു. ഇത്തരം നിർദ്ദേശങ്ങൾ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുവാൻ സാധിച്ചാൽ പല പകർച്ചവ്യാധികളും നമുക്ക് നേരിടുവാൻ സാധിക്കും. എത്ര സൂക്ഷ്മമായ ഗുണകർമ്മയുക്തമായ ദ്രവ്യത്തിന്റെ അംശമായാലും അത് ശരീരത്തിൽ ലയിപ്പിക്കുവാനും, അതിലും സൂക്ഷ്മമായ ശരീരസ്രോതസ്സുകളിൽ കൂടി (Micro Channels) കടത്തിവിടുവാൻ കഴിയുന്നില്ല എ

ങ്കിൽ, അതിനെ വിഷം എന്നു വിളിക്കാം. ചില വിഷകണികകളുടെ ഉൽപത്തി എങ്ങനെയാണെന്നും, അത് ശരീരത്തിന്റെ ആന്തരിക ഘടനയിൽ എന്ത് മാറ്റം സംഭവിപ്പിക്കുന്നു എന്ന് അറിയാൻ അനുമാന ദൃഷ്ടിയിൽ വളരെ പ്രയാസമാണ്. എന്നാൽ വിഷകണങ്ങൾ പരിവർത്തനം ചെയ്ത് രൂപാന്തരപ്പെടുന്ന ഭൗമാന്തരീക്ഷത്തിന്റെ ഗുണം, അതിനു ലഭിക്കുന്നു എന്നത്, ഒരു പ്രധാന വസ്തുതയാണ്. ഉദാഹരണത്തിന് മഴക്കാലത്ത് രൂപാന്തരം പ്രാപിക്കുന്ന ചില വിഷകണികകൾക്ക് ശരീരത്തിന്റെ ജലീയ പദാർത്ഥങ്ങളെ ദുഷിപ്പിക്കുവാൻ വളരെയേറെ ശക്തിയുള്ളതാണ്. അതിനാൽ ഛർദ്ദി, അതിസാരം തുടങ്ങിയ രോഗലക്ഷണങ്ങൾ നമുക്ക് പ്രത്യക്ഷത്തിൽ കാണാൻ സാധിക്കും. ജലിയ ധാതുക്കളിൽ നിന്ന് മറ്റ് ധാതുക്കളിലേയ്ക്ക്, ഒരു കലയിൽ നിന്നും മറ്റൊരു കലയിലേയ്ക്ക് വിഷം സംക്രമിക്കുന്നത് പോലെ, ഇതിന് വ്യാപ്തിയുണ്ടാകുമ്പോൾ അസുഖങ്ങളുടെ സ്വഭാവവും മാറുന്നു. ശരീരപ്രകൃതി എന്ന അന്തഃശരീരാന്തരീക്ഷത്തിന്റെ ഘടനയ്ക്ക് ഇതിനെ സ്വാധീനിക്കുവാൻ സുപ്രധാനമായ പങ്കാണുള്ളത്.

വാതപ്രകൃതിക്കാർക്ക് രൂക്ഷഗുണം (ദ്രവ്യശോഷണം, അതായത് ജലത്തെ മറ്റൊരു മഹാഭൂതകണികകളിൽ നിന്ന് അകറ്റാനുള്ള പ്രേരണ) ആന്തരികമായി കൂടുതലാണ്. എന്നാൽ കഫം പിത്തം എന്നീ പ്രകൃതിക്കാർക്ക് ജലഗുണഭൂയിഷ്ഠമായ ഒരു ഘടനയാണുള്ളത്. ഇവരിൽ സാംക്രമിക രോഗങ്ങൾ കൂടുതലായി കാണുന്നു. (Primary Infection) എന്നത് അനുഭവ പാഠമാണ്.

വിഷചികിത്സയിൽ ഖ്യാതി കേട്ട വില്വാദി ഗുളികയിലെ പ്രധാന ചേരുവകയായ കൂവളത്തിന്, ഗ്രാഹി അഥവാ മറ്റൊരു വ്യാഖ്യാനത്തിൽ ദ്രവ്യത്തെ ശോഷിപ്പിക്കുവാനുള്ള ശക്തി കൂടുതലാണ്. അത് കൊണ്ടാവണം വിഷം സംക്രമിക്കുവാനുള്ള ഒരു അന്തരീക്ഷത്തെ ഇതിന് ഇല്ലാതാക്കുവാൻ സാധിക്കുന്നത്. ദുസ്പർശയും ഈ ഗുണമുള്ള ഒരു മരുന്നാണ്. അതിനാൽ ജലാധിക്യമായ ഭൗമാന്തരീക്ഷത്തിൽ രൂപാന്തരപ്പെടുന്ന വിഷത്തെ ഉന്മൂലനം ചെയ്യുവാനും അതിന്റെ സംക്രമണത്തെ ഇല്ലാതാക്കുവാനും ഇതിന് കഴിയും.

മഴക്കാലം കഴിഞ്ഞു വരുന്ന കർക്കിടക മാസത്തിൽ കൂവളം, ദുസ്പർശ, ദശപുഷ്പങ്ങൾ, ദശമൂലങ്ങൾ മുതലായ ഔഷധങ്ങൾ ഉപയോഗിക്കുവാൻ കഴിഞ്ഞാൽ ഈ വിഷ കണങ്ങൾക്ക് ശരീരത്തിൽ നിലനിൽക്കുവാനുള്ള ഭൗമാന്തരീക്ഷം തന്നെ ഇല്ലാതാക്കുവാൻ കഴിയും. (പ്രത്യേകിച്ച് കഫ പിത്ത പ്രകൃതിക്കാർക്ക്). അതുവഴി സാംക്രമിക രോഗങ്ങളിൽ നിന്ന് ശരീരത്തെ സംരക്ഷിക്കുവാനും കഴിയും. കർക്കിടക കഞ്ഞിയുടെ ഉദ്ദേശ ശുദ്ധി ഇതാവണം.

കർക്കിടക കഞ്ഞി തയ്യാർ ചെയ്യുവാൻ ആവശ്യമായ മരുന്നുകൾ പല പ്രദേശത്തും പലതാണ്. ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്ത് കമ്മറ്റി, സന്നദ്ധ സംഘടനകളുടേയും, NRHM ആയുർവ്വേദ ഡിസ്പെൻസറിയുടേയും ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഔഷധ കഞ്ഞി (കർക്കിടക മാസത്തിൽ) വിതരണം നടത്തിയിരുന്നു. ഇതിലേയ്ക്ക് ആവശ്യമായ മരുന്ന് പൊടി തയ്യാറാക്കാനും ദശപുഷ്പങ്ങൾ ശേഖരിക്കുവാനും കുടുംബശ്രീ യൂണിറ്റിലെ പ്രവർത്തകരെക്കൊണ്ട് വളരെ വേഗം കഴിഞ്ഞു. കർക്കിടക മാസത്തിലെ എല്ലാ ആഴ്ചയിലും രണ്ട് ദിവസം വീതമുള്ള ഔഷധ കഞ്ഞി വിതരണം മൂലം, സമീപവാസികൾക്ക് വീട്ടുമുറ്റത്ത് നിൽക്കുന്ന ഔഷധ സസ്യങ്ങളുടെ ഗുണഗണങ്ങൾ മനസ്സിലാക്കുവാൻ സാധിച്ചു. കർക്കിടക കഞ്ഞി കഴിക്കുന്ന ആളുകൾക്ക് ദൈനംദിന അസുഖങ്ങൾക്ക് കൊടുക്കുന്ന മരുന്നുകൾ മുൻപത്തെക്കാൾ വേഗത്തിൽ ഫലപ്രാപ്തി നൽകുന്നു എന്ന വസ്തുതയും ശ്രദ്ധേയമായി തോന്നി. വളരെ ചിലവു കുറഞ്ഞ രീതിയിൽ എല്ലാ ആയുർവ്വേദ ഡിസ്പെൻസറികളിലും ഇത്തരത്തിൽ കർക്കിടക കഞ്ഞി വിതരണം നടത്തുകയും, ദശപുഷ്പങ്ങൾ കൊടി ആവണക്ക്, കൂവളം തുടങ്ങിയ വീട്ടുമുറ്റത്തെ ഔഷധ സസ്യങ്ങളുടെ ഗുണഗണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ സാധിച്ചാൽ ആന്തരികമായി ഒരു Antiviral Atmosphere സൃഷ്ടിച്ചെടുക്കുവാൻ സാധിക്കും.

**ഔഷധക്കൂട്ട്**

1.***പൊടി വർഗ്ഗങ്ങൾ*** : കൂവളം, കൊടിത്തൂവ, പുത്തരിച്ചുണ്ട, തഴുതാമ, ഓരില, മൂവില, കുമ്പിൾ, ഇരുവേലി, പതിമുഖം, പെരുംജീരകം,

*തുടർച്ച പേജ് 38ൽ*

## ഉത്തരപക്ഷം

# പകലിന്റെ പരിമണങ്ങൾ

**ചലച്ചിത്രരംഗത്തുപ്രവർത്തിക്കുന്ന** എനിക്കും ആയുർവേദത്തിനും തമ്മിലെന്ത് ബന്ധമെന്ന് ആലോചിക്കേണ്ടി വന്നത് ഈ കുറിപ്പ് എഴുതാനിരിക്കുമ്പോഴാണ്. ബന്ധുപരമായി കോട്ടക്കൽ ആയുർവേദവൈദ്യശാലയുമായുള്ള അടുപ്പം വേണമെങ്കിൽ ആദ്യം ഓർമിച്ചെടുക്കാം. കാഴ്ചകളെ ഇഷ്ടപെടുന്ന എന്റെ ഓർമയിൽ ആയുർവേദത്തെ കുറിച്ചുള്ള ആലോചനയിൽ വന്ന് നിറയുന്നത് ഇളം പച്ചനിറത്തിലുള്ള ഒരു തളിരിലയല്ല പകരം ഒരു സുഗന്ധമാണ്. ഉണക്കാനിട്ടിരിക്കുന്ന കുറുന്തോട്ടി, കയ്യൂണ്യം, ചെറുവുള, മുത്തങ്ങ തുടങ്ങിയെല്ലാം ചേർത്തിണക്കുന്ന ഗന്ധത്തിന്റെ മാസ്മരികമായ സമന്വയം. ആറേഴ് വയസ്സുകാലത്ത്, സുഗന്ധം തിരിച്ചറിയാവുന്ന കാലത്ത് ചിന്താബോധത്തിൽ പതിഞ്ഞ ആ ഗന്ധം. അതിന്നും അനുഭവപെടുമ്പോൾ ഒപ്പം ചില ദൃശ്യങ്ങളും മനസ്സിലൂടെ ഓടിപ്പോകും. ഒരു ഛായാഗ്രാഹകനാവുക എന്ന ചിന്തയുടെ ആദ്യആഗ്രഹങ്ങൾക്ക് ആവശ്യമായ ഇമേജുകൾ മനസ്സിൽ തറച്ചതിനും , ഈ ഗന്ധത്തിനും തമ്മിൽ അഭേദ്യമായബന്ധമുണ്ട്.അഷ്ടമുടി കായലിന്റെ ഓരത്ത് പെരിനാട് കണ്ടച്ചിറയിലാണ് മുത്തഛന്റെ വീട്. കായലിലേക്ക് മുഖം നിവർത്തിനിൽക്കുന്ന വീടിന് തരിമണലിന്റെ നിറവുള്ള മുറ്റമുണ്ട്. എല്ലാ അവധികാലത്തും മുത്തഛന്റെ വീട്ടിലേക്കൊരു യാത്ര പതിവാണ്. അഛന്റെ ജോലിയുമായി ബന്ധപ്പെട്ടുള്ള അന്യദേശവാസങ്ങളിൽ നിന്നുള്ള വിട്ടുനിൽക്കലുകൾ കൂടിയായിരുന്നു ഈ യാത്രകൾ . എന്നും സന്തോഷകരമായിരുന്നു യാത്രകൾ. വേനലിന്റെ ചൂടിലേക്കാണ് വരവ്. പക്ഷെ തിരയൊതുങ്ങാത്ത അഷ്ടമുടി കായലിൽ നിന്നും വീശുന്ന കാറ്റിൽ ചൂട കന്നു നിൽക്കും. മുറ്റത്ത് പച്ചോലതലപ്പുകൾക്കിടയിലും തടസ്സമില്ലാതെ വെയിൽവെട്ടം വീഴുന്ന മുറ്റത്ത് തരിമണലിൽ നിവർത്തിയിട്ട

*തുടർച്ച പേജ് 31ൽ*

**ശ്രീ. ഷാജി എൻ കരുൺ**

The healing touch of Ayurveda
brought to you by **NAGARJUNA**

**PROPRIETARY PREPARATIONS**

Cardostab **Tablet**
the comprehensive antihypertensive

Liporid **Tablet**
the effective route to get rid of surplus adipose

Diarid **Tablet**
the comprehensive control for diabetes mellitus

Fineye **Eye drops**
the finest aid to preserve healthy eyes

Psoria **Oil**
the dependable choice to control psoriasis

Allergin **Granules**
the comprehensive natural antiallergic

Pyrid **Tablet**
the quick acting anti-pyretic from the gold-mines of Ayurveda

Flunil **Tablet**
the herbal cure for the vicious fever

Halin **Drops**
the choice nasal decongestant

Supres **Cough Syrup**
the sure and safe expectorant

Immunoplus **Granules**
the natural blend boosting the immunity mechanism

Galactoplus **Granules**
the nourishing herbal galactogogue

Leucorid **Tablet**
the all-in-one antileucorrhoeal

Normen **Tablet**
the ideal solution to abnormal menstruation

Femitone **Syrup**
the regularising uterine tonic with grace

Haematone **Syrup**
the nutritive natural haematinic

Haematab **Tablet**
the perfectly blended haematinic

Gason **Syrup**
the ideal carminative & digestive

Paedo **Syrup**
the digestive solution that improves paediatric health

Clearout **Tablet**
the easy-to-use purgative

Nutral **Chewable Tablet**
the perfect antacid

Protekt **Tablet**
the time-tested antiulcerant

Pilorid **Tablet**
the numero uno in piles therapy

Pilorid **Ointment**
the ideal companion in piles therapy

Rheumarid **Tablet**
the key to quick relief from arthritis

Rheumat **Tablet**
the right way to combat arthritis right away

Rheumat **Balm & Liniment**
the soothing solutions to arthritis

Rheumat 90 **Liquid**
the classical remedy for chronic arthritis

Spondylon **Soft Gel Capsule**
the unparalleled vertebral specialist

Sciatilon **Soft Gel Capsule**
the unmatched lumbo-sacral reinforcement

Calciplus **Tablet**
the nature's boon for strengthening the bones

Ureaze **Tablet**
the reliable aid for the urinary system

Countplus **Granules**
the invigorating answer to infertility

NAGARJUNA
*presents*

the unmatched
lumbo-sacral reinforcement

SCIATILON
SOFT GEL CAPSULES

Indications:
Lumbar Spondylosis, Sciatica
Dosage:
2 Capsules, twice daily



relieves numbness & stiffness

*Thankyou*
*for*
*continuing the support*
*for*

SPONDYLON
SOFT GEL CAPSULES

the unparalleled
vertebral specialist

Indications:
Cervical Spondylosis,
Brachial Neuralgia
Dosage:
2 Capsules, twice daily

# Ayurveda for health and development of Kerala; Vision Conclave on Ayurveda

## (Theme Prsentation)

**By**

***Dr. K.G.Viswanathan M.D(Ay)***

*Principal, Vaidyaratnam Ayurveda College Ollur, Member CCIM*

**I. Preamble**

1.1 **The need of 21st century** Health care system is to maximize the health and functioning of the society and individual patients. For that purpose the system should balance and integrate needs for the personal health care with community wide initiatives.

1.1 On evaluation of history of medicine we can see the lack of integration, a split between public health and medicine, the first being focus on health promotion and disease prevention at the level of population the second one on individual care with diagnosis and treatment of diseases. The ideal one is the integration in practice, education and research.

1.2 Ayurveda is based on complete outlook to life through lifestyle, diet and practices that promote harmonious healthy living to achieve positive health.

1.3 We as a dedicated society, collectively take efforts to assure the conditions in which people can be healthy through Ayurveda. Our effort is also to assure the involvement and contribution of Ayurveda community in the development of Kerala.

**2. Scope of the intellectual conclave**

2.1 Will discuss the policy, Goals and strategy for delivering safe efficacious and affordable health care through Ayurveda. Will discuss the measures to stabilise and increase the productivity of our state, as Ayurveda is considered as one of the thrust areas for the development of Kerala.

2.2 The conclave will cover the potent areas of Ayurveda including clinics, industry, Reasearch and clinical validation, global propagation, public health, medicinal plants, education and possibilities of acces of these areas.

**3. Clinics**

3.1 *Tourism and Ayurveda*: Measures to utilitse the possibilities of curative aspects of Ayurveda should be taken. The present widely adopted 'spa' style must be changed to the concept of scientific treatment. Tour packages should be connected with the clinical possibilities such as osteo arthritis, Rheumatic fever, Motor neurone diseases, auto immune diseases by which the concept of Health tourism can be materialised.

3.2.1 *Developing specialities*: Speciality clinics can be established in public and private sector. Marma (Orthopaedics) Netra (Ophtalmology) Maanasika (Psychology) Streeroga (Women health) Balaroga(Paediatrics) clinics will definitely play vital role in the health care system.

3.2.2 *Super Specialities*: The possibilities to strengthen super speciality clinics like Ksharasoothra, Infertility, Cardiology, Cerebral plasy, Autism care, Mental health, Marma chikitsa etc.

3.3 *Developing protocol*: Protocol for Etiology, diagnosis, treatment principles and treatment plans, stages of diseases, medicines, procedures, food regiment, prophylaxis etc. should be formulated. The protocol ensures unified and stadaradised scientific treatments. It also reduces the chances for unnecessary medications and to reduce treatment expenditure.

3.4 Norms like NABH may be promoted in clinical practice to attain Insurance coverage for Ayurvedic treatments.

3.5 Kerala speciality therapies like Netra chikitsa, Marma Chikitsa, Veterinary Ayuveda etc. should be promoted.

**4.1 Industry and Economy:** Medicine manufacturing industry is the backbone of Ayurveda. The well established Ayurvedic manufacturing firms helps in the financial stability and revenue income of the state. It also helps to attract the foreign money to the state. The Ayurvedic industry

should be reformed should be by adopting new technology and techniques. More Hi-tech units should be established for which the help of the Government is highly essential. More subsides, ease in licensing system etc. are needed. Industries must also be export oriented. Value added products should be made. Make manufacturing standards of classical formulation internationally acceptable. the project **Care Kerala** should be more encouraged.

4.2 **Ayurveda and Economy**: Ayurveda will help the economy of the state in various ways. Export of Ayurvedic medicine will definitely a solid source for foreign money. It can supply human resources to the health sector of the other countries also. Ayurvedic treatment will help to promote internal and external tourism. The present favourable trend and attitude of the health world will encourage foreign investment in the country.

this also may

5. **Research and clicnical validation**

5.1 Countinuous and effective research: This is the base and duty of any science. Even though ayurveda is considered and claimed to be ever new, evidence based research and clinical validation is the need of the time. As per the World Health organisation's direction clinically proved medical systems only will be globally recognised and approved. Up gradation to international standards will help Ayurveda to be propgrated world wide. Researches will also help to develop new indication. Intensive research should be conducted to evaluate the basic principles. Clinical research and drug research also should be conducted.

5.2 *Strength for Research*: Kerala has ample strength to conduct effective research in various fields of Ayurveda utilising the existing facilities and infrastructure.

a) *Director of Ayurveda Medical Education* - 3 Govt. Colleges + 2 Govt. Aided Colleges and 2 Research Centres.

b) *ISM Departments* - Mental Hospital , Panchakarma Research Centre

c) *TBGRI*

d) *Private Institutions* - Self financing



ALLERKHAND
(TABLET & CHOORNAM)
Safe & Non sedating
Allerkhand is effective in all allergic manifestations
Dosage:
2-3 tablets thrice a day or
2 teaspoons (5-10gms) twice a day


OSTEON C G
TABLETS
Osteon C.G. is effective in osteoporosis & arthritis
Provides mobility in rheumatic conditions
Rich in calcium source
Dosage: 1-2 tablets thrice a day


T.A.TABLETS
(THRIPHALANNABEDI TABLETS)
T.A. Tab is effective in anemic condition
Devoid of side effects like gastric irritation & constipation
Beneficial for both young & old
Dosage: 1 tablet twice day


HINGUVACHADI
TABLETS
Effectively relieves complaints of indigestion, constipation,
Dosage: 2 tablets 3 times daily.

SITARAM®
SINCE 1921
FUTURE OF AYURVEDA

SITARAM AYURVEDA PHARMACY LTD.
III/475 A, Gandhi Nagar Road, Nedupuzha,
Thrissur- 680 015, Kerala, India
Ph: +91 487 2448570 Fax: +91 487 2448814,
Email: sitaramayur@gmail.com, Site: www.sitaramayurveda.com

colleges,Hospitals and Nrusing homes.

**6.1 Global propagation**

The possibilities and chances to propagate and establish Ayurvedic science in various countries is still to be identified and effectively implemented. Ethical marketing of Ayurveda at international level definitely help economy of Kerala to boost up. Knowledge exchange with nations will also help the propagation of ayurveda. Making linkage with foreign universities should also be made.

6.2 AYUSH has the project of establishing AYUSH chairs in various counties. By collaborating the Universities of other countries, AYUSH chairs can be estblished by which the propagation of Ayurveda will be effective.

6.3 Conductiong international seminars and expo will create opportunities to exchange knowledge and propagate Ayurveda.

6.4 All these measures will help to make supply of human resources i.e. health workers - in various countries.

6.5 A comprehensive Ayurveda portal should be developed for a health educational purpose.

**7.1 Public Health**: Ayurveda has high potential to interfere in public health issues. It can contribute in preventions of communicable disease, their treatment and rehabillitation. In the existig scenario of the out break of the communicable diseases in Kerala the potency of Ayurveda should be used. Herbal techniques for mosquito repulsion, pure drinking water etc. can be utilised.

7.2 For the prevention and treatment of non communicable diseases, Ayurvedic treatment and medicines will be an effective alternative. Recently popularised concept of "Positive Health" was introduced by Ayurveda centuries back. The people of Kerala can be educated with the idea of positive health by conducting awareness programmes. Likewise the man power of ayurvedic community can be used for the implementation of various programmes and projects launched by central and state Governments.

7.3 Disseminate effectively "Identified Ayurvedic Public health practices" on a very wide scale to change health indicators.

8.1.**Medicinal Plants:** Medicinal plants are the invaluable treasure of the earth which are boon to health. Due to the excessive usage and explitation the number of endagered species of medicinal plants is increasing. The shortage of essential medicinal plants creates stagnancy and dilemma in manufacturing industry.

8.2 Addressing shortage:Sustainable usage of medicinal plants should be encouraged. Self regulation in the production of medicines by industry also will protect the medicinal plants.

8.3 Cultivation of medicinal plants by all possible means must be done and encouraged. Hi-tech (Hibrid) methods of cultivation will create the production of huge quantity of medicinal plants. Community herbal garden, kitchen herbal garden, medicinal plant board projects, NABARD projects etc. should be introduced and implemented. Coordination of department of Agriculture, Department of forest with Department of Health and family welfare will be beneficial

8.4 Propaganda about the agricultural possibilities of medicinal plants among public and farmers will attract them to the cultivation of medicinal plants. Likewise efforts to create domestic, national and international markets for medicinal plants should be made there by assuring steady and better income and profits to the farmers.

8.5 Special attention should be given to the research activities in the field of medical plants. Reverse pharmacology, active principle, extracts, new indication are some of the areas which would give more and more job opportunity for graduates and scientists.

**9.1 Education**

The field of Ayurveda education have enough strength to give valuable contribution to the development of Kerala-17 colleges, 2 universities, 1500 studens, 450 faculties, 20 Gurusishya parampara faculties. Blending their strength with the needs of health are system will be powerfull weapon to the government for implementation of health projects.

9.1 More specialities courses should be started to upgrade the existing academy. In order to address the growing need of para medical staff o Ayurveda, more para medical courses in highly essential. Enquireies regarding the facilities of

studying Ayurveda from abroad students must be addressed by starting new courses for foreign students. To update the knowledge and efficiacy training should be given to all Ayurveda doctors, para medical staff and other professionals, utilising the existing facilities of academy and medical University.

9.2 The proposed Ayurveda University is a miraculous project for the develpment of Ayurveda as well as Kerala. The functioning of the Ayurveda University may be modulated in such a way that it can address and promote the over all of Ayurveda and needs of the public. It should mainly focused on Ayurveda research and envisiged as a a knowledge hub of Ayurveda, research oriented well development satellite institutions and teacher's training centres.

10.1 As mentioned earlier Ayurveda has a high potential with human resource, technical know how, traditional back up and public support. Even then the role in the public health is very less. To become an integral part of the health issues of state, the updating and upgrading of Ayurveda is highly essential. For those reformations Ayurveda needs more political and administrative support.

10.2 In present health and social scenario people are eargerly looking for an integrated health system in which Ayurveda can play a major role. They wish the updating and upgradation of Ayurveda by which the Kerala model of Health care system will be more effective.

10.3 Kerala needs multi disciplinary Research Institute with international standards, regional Ayurveda Research centres, State Level Reasearch organisations, Multi centred research projects, Increase in State/Central funding, ease in the licensing systems of Ayurveda industries.

10.4 State of Kerala needs formation of AYUSH department, strengthening of infrastructure of Ayurveda Colleges and Government hospital and dedicated private institutions.

10.5 Norms like NABH may be promoted in cilinical practice to attain Inssurance coverage for Ayurveda Treatments.

10.6 By public-Private-Participation Ayurveda can be updated, upgraded uplifted for a healthy and wealthy Kerala.

*പേജ് 10ന്റെ തുടർച്ച*

കൊരട്ടി കേന്ദ്രമാക്കിയുള്ള കെയർ കേരള എന്ന സംരംഭത്തെ നമ്മൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട് എന്ന് സബ് കമ്മിറ്റി വിലയിരുത്തുകയുണ്ടായി. എഎംഎഐ മെമ്പർമാരായ മരുന്നുൽപ്പാദകർ ഇതിൽ ഷെയർ എടുത്തുകൊണ്ട് മാത്രമെ ഇതു സാധിക്കുകയുള്ളു. സബ് കമ്മിറ്റി അംഗങ്ങൾ അടുത്ത ദിവസം തന്നെ കെയർ കേരള സന്ദർശിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. അവരുമായി സഹകരിച്ചുകൊണ്ട് Standadisation of Raw Materials, Process and Final Product എന്ന വിഷയത്തിൽ സപ്തംബർ 16ന് ഒരു സെമിനാർ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ വർഷം എക്സൈസ് ലൈസൻസ് ഫീസ് വലിയ തോതിൽ വർധിപ്പിച്ച ഗവൺമെന്റ് നടപടിക്കെതിരെ സംഘടന വർധനവ് ഉണ്ടായ ഉടനെത്തന്നെ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. Sp6 500 രൂപയിൽ നിന്നും 5000 രൂപയായും Sp7 150 രൂപയിൽ നിന്നും 1000 രൂപയായും L2 150 രൂപയിൽ നിന്നും 500 രൂപയായും ആണ് ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുള്ളത്. ചെറുകിട മരുന്നുൽപ്പാദകർക്ക് താങ്ങാവുന്ന ഫീസ് നിരക്കല്ല ഇത്. ആയതിനാൽ ഗവൺമെന്റ് ഇതു അടിയന്തരമായി പിൻവലിക്കേണ്ടതാണ്. പകരം ഓരോ യൂണിറ്റുകളും ഉൽപ്പാദിപ്പിക്കുന്ന അരിഷ്ടത്തിന്റെ അളവനുസരിച്ച് ഫീസ് പുനർനിർണയിക്കണം. മാത്രമല്ല ഡ്രഗ്സ് ലൈസൻസിന്റെ മാതൃകയിൽ ലൈസൻസിന്റെ കാലാവധി 5 വർഷമാക്കണമെന്നും നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങളായ മഞ്ഞുമലയുടെ ഒരഗ്രം മാത്രമെ സ്പർശിച്ചിട്ടുള്ളു എന്നത് സത്യമാണ്. നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ചാൽ ഈ രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് ഉത്തമവിശ്വാസം കമ്മറ്റി അംഗങ്ങൾക്കുണ്ട്. ഇതിനായി എഎംഎഐ അംഗങ്ങളായ മുഴുവൻ സംരഭകരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്.

# CENTRE PAGE

# CENTRE PAGE

# CENTRE PAGE

# CENTRE PAGE

# Vision Conclave 2012

## ആയുർവേദം കേരളത്തിന്റെ വികസനത്തിനും ആരോഗ്യത്തിനും - അവലോകനം

**ഡോ. സി.ഡി. ലീന**
*സെക്രട്ടറി, തിരുവനന്തപുരം ജില്ല*

**ആഗോളതലത്തിൽ** ആയുർവേദത്തെ ഉയർത്താൻ ആയുർവേദ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ ആയുർവേദം ഫോർ ഹെൽത്ത് ആന്റ് ഡെവലപ്പ്മെന്റ് ഓഫ് കേരള എന്ന വിഷയത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് ജൂൺ 23-ാം തീയതി ഏകദിന സെമിനാർ നടത്തി. സെമിനാർ ഉദ്ഘാടനം ചെയ്ത ബഹു. ആരോഗ്യവകുപ്പ് മന്ത്രി വിഎസ്. ശിവകുമാർ മുന്നോട്ട് വച്ച നിർദ്ദേശം കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാക്കും എന്നതാണ്. കേരള വികസനത്തിന് സാംപിട്രോഡാമിഷനുമായി സഹകരിച്ച് സർക്കാർ ഏറ്റെടുത്തിരിക്കുന്ന പത്തിനപരിപാടികളിൽ മൂന്നാമത്തേത് ആയുർവേദമാണ്. പ്രതിരോധവകുപ്പിൽ ആയുർവേദത്തെ ഉൾപ്പെടുത്താൻ കേന്ദ്രപ്രതിരോധ മന്ത്രി എകെ. ആന്റണിയുമായി ചർച്ച നടത്തും. കേരളത്തിൽ ആയുർവേദ സർവകലാശാല ഉടൻ സ്ഥാപിക്കുമെന്നും പ്രാരംഭപ്രവർത്തനങ്ങൾക്ക് സർക്കാർ ഒരു കോടി രൂപ അനുവദിച്ചതായും മന്ത്രി ശിവകുമാർ പറഞ്ഞു.

ആയുർവേദ വികാസത്തിന് സാംപിട്രോഡാ സമിതിയെ സഹായിക്കുന്നതിനുള്ള പദ്ധതികൾക്ക് സെമിനാറിൽ രൂപം നൽകി. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റ് ഡോ.വിഎൻ രാജശേഖരപിള്ള മുഖ്യാതിഥിയായിരുന്നു. ലോകത്താകെ പരമ്പരാഗത ആരോഗ്യ സമ്പ്രദായങ്ങൾക്ക് പ്രാധാന്യം വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ കേരളത്തിന്റെ ഔഷധ സമ്പത്തിനും അറിവിനും വലിയ പ്രാധാന്യമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. ആയുർവേദ വികസനത്തിന് ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എല്ലാവിധ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു.

സാംപിട്രോഡാമിഷന്റെ കാഴ്ചപ്പാടിൽ കേരളത്തിന്റെ സാമ്പത്തിക ഉന്നതിക്കും ആരോഗ്യത്തിനും ടൂറിസ്സം മേഖലയ്ക്കും വിലമതിക്കാനാകാത്ത സംഭാവന ചെയ്യാൻ കഴിവുള്ള ഒരു മേഖലയാണ് ആയുർവേദം എന്നാണ് പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവും ദേശീയ ഇന്നോവേഷൻ കൗൺസിൽ അദ്ധ്യക്ഷനും ആയ സാംപിട്രോഡയുടെ അഭിപ്രായം.

ഏകദിന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ സാംപിട്രോഡാമിഷന്റെ ആയുർവേദവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന ബാംഗ്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ ആന്റ് ഇന്റഗ്രേറ്റീവ് മെഡിസിൻ വൈസ് ചെയർമാൻ ശ്രീ.ദർശൻ ശങ്കറിന്റെ സാന്നിദ്ധ്യം സെമിനാറിൽ മുതൽകൂട്ടായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആയുർവേദത്തിന്റെ ശ്രദ്ധിക്കപ്പെട്ട പോരായ്മകളിൽ ഒന്ന് മികച്ച സാങ്കേതികവിദ്യയുടെ അഭാവമാണ്. ഐ.റ്റി പ്രൊഫഷനെ കൂടി ഉൾപ്പെടുത്തികൊണ്ട് ഈ അഭാവം പരിഹരിക്കുകവഴി എളുപ്പത്തിൽ കൈക്കൊള്ളാനാകുന്നതും നല്ലരീതിയിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ക്ലിനിക്കൽ ഇൻഫർമേഷൻ ലഭ്യമാക്കാൻ സാധിക്കും. ആധുനിക രോഗനിർണ്ണയ ഉപാധികളെകൂടി ആശ്രയിച്ചുകൊണ്ട് ജനസമ്മതിയാർജിച്ച ആയുർവേദസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കണം. ഈ ഉപാധികൾ മുന്നിൽ കണ്ട് കൊണ്ട് പ്രവർത്തിക്കുന്നതുവഴി ആഗോളതലത്തിൽ ആയുർവേദഉല്പന്നങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനാകും. രോഗപ്രതിരോധത്തിന് ബോധവൽക്കരണ പരിപാടികൾ വ്യാപകമായ രീതിയിൽ സംഘടിപ്പിക്കണം ആയുർവേദത്തിൽ ഇൻഷുറൻസ് ഉറപ്പാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

യുഎൻഡി.പി അഡ്വൈസർ ജോൺ സാമുവൽ സംസ്ഥാന പ്ലാനിംഗ്ബോർഡ് മെമ്പർമാരായ

ശ്രീ.സിപി. ജോൺ, ശ്രീ.ജി.വിജയരാഘവൻ, ആരോഗ്യ സർവ്വകലാശാല പ്രോവൈസ്ചാൻസലർ ഡോ. സി. രത്നാകരൻ ആയുർവേദമെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. റ്റി.ശിവദാസ് ഐ. എസ്.എം ഡയറക്ടർ ഡോ.അനിതജേക്കബ്, മുൻ ഡയറക്ടർമാരായ ഡോ.പി.കെ. മോഹൻലാൽ, ഡോ. പി. ശങ്കരൻകുട്ടി, ഡോ.എം. എൻ. വാസുദേവൻ നമ്പൂതിരി എന്നിവർ സജീവമായി ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ഒല്ലൂർ ആയുർവേദ കോളേജ് പ്രിൻസിപ്പാളും സി. സിഐ.എം മെമ്പറുമായ ഡോ.കെ.ജി. വിശ്വനാഥൻ തീം പേപ്പർ അവതരിപ്പിച്ചു.

അതിനുശേഷം ആയുർവേദ വികസനത്തെ പറ്റിയുള്ള നമ്മുടെ കാഴ്ചപ്പാടുകൾ അനുബന്ധ മേഖലയിലെ സാങ്കേതിക വിദഗ്ദ്ധരുടെയും കൂടി സാന്നിദ്ധ്യത്തിൽ പ്രായോഗികമാക്കുന്നതിന്റെ ഭാഗമായി 7 സെക്ഷനുകളിലായി ഗ്രൂപ്പ് ഡിസ്കഷൻ നടന്നു.

1. Clinics - Dr. P.K. Mohanlal (Former DAME) Chair

   Dr. Rammohan (CCIM Member) Convenor, Abstract presented by Dr. Anvar
2. Industry & Economy - Dr. R.R. Sukle (IAS MD Oushadhi) chair Dr. Saji, (MD, Dhathri Ayurveda) Convenor
3. Research & Clinical Validation-Dr. Retna karan (Pro. V.C. Health University) Chair. Dr. Manoj Kumar.A.K (Prof. Kottakal AVC) Convenor
4. Global propagation - Mr. G. Vijayaragavan (Member State Planning Board) Chair

   Dr. Anil kumar (KAPL Executive Director) Convenor
5. Public Health - Dr. Anitha Jacob (Director ISM) Chair

   Dr.A.P.Sreekumar(SecretaryAMAI) Conve nor
6. Cultivation of Medicinal Plants

   Mr. Sreekumar (CEO State Medicinal Plant Board) Chair

   Dr. Shefi Thashkent (Secretary AMAI) Convenor
7. Education

   Dr. T. Sivadas (DAME) Chair

   Dr. D. Sheela (State Executive member) Convenor

ഈ ഏഴ് സെക്ഷനുകളിലും വളരെ സജീവമായ ചർച്ച നടന്നു. ഓരോ ഗ്രൂപ്പിനും 15 മുതൽ 20 വരെ വിദഗ്ദ്ധർ പങ്കെടുത്തു. വിവിധ ഗ്രൂപ്പുകൾ ചർച്ചചെയ്ത വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ട് സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കുന്നതാണ്. ചർച്ചയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ആയുർവേദത്തിന് ഒരു കോമൺ കേരള ബ്രാന്റ് ഉണ്ടാക്കണം. ആയുർവേദത്തിന് ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തുക. ആയുഷ് വിസ നിലവിൽ വരണം. ആയുർവേദ വിസ നിലവിൽ വന്നാൽ ആയുർവേദത്തിന് രാജ്യാന്തരപ്രശസ്തി വർദ്ധിപ്പിക്കാൻ കഴിയും. ആയുർവേദത്തിന് ഒരു ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതാണ്. ആയുർവേദത്തിൽ ക്രിയാത്മകമായ രീതിയിൽ ഗവേഷണങ്ങൾ നടത്തുകയും കേരളത്തിലെ തന്നെ വിവിധ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെ സഹായം കൂടി അഭ്യർത്ഥിക്കുകയും വേണം. ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഒരു അക്കാഡമി ഉണ്ടാക്കേണ്ടതുണ്ട്. ഗ്ലോബൽ സ്റ്റാൻഡേഡൈസേഷൻ അനുസരിച്ച് വിദ്യാർത്ഥികൾ നിർബന്ധമായും പൊതുജനാരോഗ്യത്തിന് ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ ചെയ്യണം. വിഷയാനുബന്ധമായ ടെക്സ്റ്റ്ബുക്കുകൾ അക്കാഡമിയിൽ ഉൾപ്പെടുത്തണം. ആയുർവേദത്തിൽ ഇന്റർനാഷണൽ സ്കൂൾ സ്ഥാപിക്കാവുന്നതാണ്. ഫാക്കൽറ്റി ഇംപ്രൂമെന്റിന് വേണ്ടി ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ തുടങ്ങണം. ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കണം. ഔഷധസസ്യങ്ങളുടെ കൾട്ടിവേഷൻ കളക്ഷൻ പ്രിസർവേഷൻ എന്നിവ ആരോഗ്യപരമായ രീതിയിൽ നടപ്പാക്കുക വഴി ക്രമാതീതമായ വില വർദ്ധന നിയന്ത്രിക്കാൻ കഴിയും. കെയർ കേരള പോലുള്ള ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്. പബ്ലിക് ഹെൽത്ത് ആക്റ്റിൽ ആയുർവേദം ഉൾപ്പെടുത്തുക. ആയുഷ് ഡിപ്പാർട്ട്മെന്റ് തുടങ്ങുക. തുടങ്ങിയ നിർദ്ദേശങ്ങൾ സാംപിട്രോഡാ മിഷനും കേരളാഗവൺമെന്റിനും സമർപ്പിക്കുന്നതായിരിക്കും.

*പേജ് 19 ന്റെ തുടർച്ച*

പനമ്പായയിൽ ചില അങ്ങാടി മരുന്നുകൾ ഉണക്കാനിട്ടിരിക്കും. ഞങ്ങൾ വരുന്ന സമയത്തെ പതിവ് കാഴ്ചയായിരുന്നു ഇത്. പാറിപോകാതിരിക്കാൻ നാല് ഭാഗത്തും കനമുള്ള കല്ല് വച്ചിട്ടുള്ള പായയിൽ കൂട്ടിയിട്ടിരിക്കുന്നത് നിറയെ ആയുർവേദമരുന്നുകളായിരിരുന്നുവെന്നറിയാം. പക്ഷെ , ഏത് എന്ത് എന്നൊന്നും തിരിച്ചറിയാൻ അന്ന് കഴിഞ്ഞിരുന്നില്ല. ഇപ്പോഴത്തെ തിരിച്ചറിവിന് സഹായകമായത് അന്നത്തെ കാഴ്ചയായിരുന്നു.

ആറടിയോളം ഉയരത്തിൽ അജാനബാഹുവായ മുത്തച്ഛന്റെ രൂപം ആകർഷണീയമായിരുന്നു. കൂർത്തപോലൊരു വസ്ത്രം ധരിച്ച് കയ്യിൽ തലവളഞ്ഞൊരു ഊന്നുവടിയുമായിട്ടാണ് മുത്തച്ഛന്റെ രൂപം മനസ്സിൽ പതിഞ്ഞിട്ടുള്ളത്. വർഷാവർഷം കുടംബത്തിലെ മുതിർന്നവർക്ക് കർക്കിടക മരുന്നു ചികിത്സക്കുള്ള ഒരുക്കങ്ങളാണ് അവിടെ നടന്നിരുന്നതെന്ന് വളരെ പിന്നീട് മാത്രമെ മനസ്സിലായുള്ളു. വേനലിൽ ആയുർവേദമരുന്നുകൾ ഉണക്കി പൊടിച്ച് എണ്ണകാച്ചും. കഷായത്തിനുള്ള തയ്യാറെടുപ്പുകളും തീർത്തുവക്കും. കുംഭവീർത്ത ഒരു വൈദ്യനും പിന്നെ കുറെ സഹായികളുമായി തിരക്കിട്ട പണികളാണ് അവിടെ. മുത്തച്ഛൻ എല്ലാം നോക്കി നടത്തി പിന്നാലെയുണ്ടാവും. ഞങ്ങൾ മാത്രമല്ല അവിടെ അക്കാലത്ത് എത്തുക.. അമ്മയുടെ ചേച്ചിയുടെ മക്കൾ അഞ്ച് പേരും എത്തും പിന്നെ പിള്ളേരെല്ലാം കൂടിയുള്ള കളിയും ഓട്ടവുമെല്ലാം ഇതിനൊപ്പം നടക്കും. ആയുർവേദ മരുന്നുകൂട്ടങ്ങളുടെ ഉണങ്ങിയ വേരും തണ്ടുമെല്ലാം ഇടിച്ച് ചതച്ചെടുക്കുമ്പോൾ ഒരു സുഗന്ധമുണ്ട്. എന്ത് എന്ന് വർണ്ണിക്കാൻ കഴിയാത്ത വിധം ആസ്വാദ്യമായ സുഗന്ധം. മരുന്നുകൾ ചതച്ചു കൂട്ടുന്ന പണി പലപ്പോഴും വൈകുന്നേരങ്ങളിലായിരിക്കും. വീടിനരികിലൂടെ നടക്കുമ്പോൾ മരുന്നുകൂട്ടങ്ങളുടെ ഗന്ധം കാറ്റിൽ പരക്കുന്നതിനൊപ്പം കാണാറുള്ള ഒരു കാഴ്ചയുണ്ട്.

കൊച്ചിയിലും കൊല്ലത്തേക്കുമെല്ലാമായി ചരക്കുകൾ കൊണ്ടുപോകുന്ന ബാർജുകൾ മണിക്കൂറുകളുടെ ഇടവേളകൾക്കിടയിൽ അഷ്ടമുടി കായലിലൂടെ ദിവസവും കടന്നുപോകും. അസ്തമനസൂര്യൻ താഴ്ന്നിറങ്ങുന്ന വേളയിൽ ഓലക്കീറുകൾ തീർക്കുന്ന മറവിലൂടെ കരിമ്പുക ആകാശതേക്ക് നീട്ടീതുപ്പി നീങ്ങുന്ന ബാർജുകളുടെ കാഴ്ച. ഛായാഗ്രാഹകൻ എന്ന ജീവിതത്തിന്റെ തിരിച്ചറിവിലേക്ക് നയിച്ചതിൽ ചെറുതെങ്കിലും ഈ ദൃശ്യത്തിന് വലിയ സ്വാധീനമാണുള്ളത്. ദൃശ്യത്തിന്റെ സുഖത്തിനൊപ്പം മനസ്സിലുള്ളത് ആയുർവേദമരുന്നുകളുടെ ഗന്ധമാണ്. ആയുർവേദവും ഞാനുമായുള്ള ബന്ധവും അതാണ്.

ചിരട്ടപൂളുകളുടെ തിളങ്ങുന്ന കനലുകളിൽ തിളച്ചുമറിയുന്ന എണ്ണയും മരുന്നുകളും കാഴ്ചയുടെ മറ്റൊരു സുഖമായിരുന്നു. ഇതിനിടയിലൂടെയും ഞങ്ങൾ ഓടി പാഞ്ഞ് കളിക്കും. ഞങ്ങൾ കുട്ടികളുടെ തലയിൽ രാവിലത്തെ കുളിക്ക് മൂന്നുതരം എണ്ണകൾ കൂട്ടിചേർത്ത് അമ്മമാർ തേച്ച് പിടിപ്പിക്കും. തലയിൽ നിന്നും മുഖത്തേക്ക് ഒഴുകിയിറങ്ങും മട്ടിൽ തേക്കുന്ന എണ്ണക്ക് വല്ലാത്തൊരു തണുപ്പും മണവുമുണ്ടായിരുന്നു. ഉച്ചയായാൽ പിന്നെ ആരും പറയാതെ തന്നെ ഞങ്ങൾ ഉറങ്ങിപ്പോകും. എണ്ണയുടെ ഗുണമായിരുന്നു ആ സുഖകരമായ ഉറക്കത്തിന് കാരണം. മുതിർന്നവർക്ക് ഞങ്ങളുടെ തൊന്തരവിൽ നിന്നും അൽപ്പനേരത്തെ ആശ്വാസം ലഭിച്ചിരുന്നതും അതുവഴിയായിരിക്കും.

ക്ലാവ് നീക്കി തിളങ്ങുന്ന ഉരുളിയാലാണ് എണ്ണ കാച്ചുന്നത്. മരുന്നുകൂട്ടങ്ങൾ ചേർത്ത് എണ്ണ കാച്ചികഴിഞ്ഞാൽ ഉരുളിയുടെ അടിത്തട്ടിൽ നിന്നും വറുത്തമരുന്നുകളിൽ ചിലത് കുട്ടികൾക്കായി വൈദ്യൻ തരും. രുചിയുള്ളതും വേഗത്തിൽ മടുക്കുന്നതുമായ ഇതിന് ആദ്യം മാത്രം നല്ല സ്വാദായിരുന്നു. രാത്രിയിൽ കഞ്ഞിയിലും ചില എണ്ണചേർത്തുള്ള ആയുർവേദമരുന്നുകൾ ഒഴിച്ച് തരും. കഞ്ഞിക്കുമുകളിൽ ഒഴുകി നടക്കുന്ന, വിചിത്ര ചിത്രങ്ങൾ പോലുള്ള എണ്ണപാളികളെ സ്പൂൺകൊണ്ട് കോരികുടിക്കുന്നതും ഞങ്ങൾ കുട്ടികൾക്കിടയിൽ ആഹാരത്തിനൊപ്പമുള്ള രുചിയുള്ള കളികളിലൊന്നായിരുന്നു. കുട്ടിക്കാലത്തെ ഈ ഓർമകളിൽ നിന്നുവേണം ആയുർവേദത്തെ കുറിച്ചുള്ള എന്റെ സങ്കൽപ്പങ്ങൾ തിരഞ്ഞെടുക്കാൻ.

വറുതിയുടെ വരവായ കർക്കിടകത്തിൽ ആരോഗ്യസംരക്ഷണത്തിനായി കേരളത്തിലെവിടെയും നടത്തിയിരുന്ന കർക്കിടക മരുന്നുചികിത്സയുടെ ഒരുക്കങ്ങളുടെ ഭാഗമായിരുന്നു അക്കാലത്ത് ഞങ്ങൾ മുത്തച്ഛന്റെ വീട്ടിൽ കണ്ടത്. ഹോളിസ്റ്റിക്ക് ഹെൽത്ത് എന്നോ മറ്റെന്ത് പേരിട്ട് വിളിച്ചാലും കേരളത്തിന്റെ ആരോഗ്യരംഗ

ത്ത് ആയുർവേദത്തിന്റെ സ്വാധീനത്തിന്റെ പ്രായോഗികരൂപമായി വേണം ഇതിനെയൊക്കെ കാണാൻ. കാലാവസ്ഥക്ക് യോജിക്കുന്നതാണ് ആയുർവേദത്തിന്റെ ചികിത്സാരീതി എന്നതുകൊണ്ടാണ് കേരളത്തിൽ ഇത് വ്യാപിക്കപ്പെട്ടത്. അവയവങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പുനരുജ്ജീവനത്തിനും ചികിത്സയുടെ ഭാഗമായി ശരീരം വിയർപ്പിക്കേണ്ടിവരും. കേരളത്തിലെ കാലാവസ്ഥയിൽ ചെറുതാപവ്യതിയാനത്തിലും ശരീരം വിയർക്കും. ആയുർവേദചികിത്സാക്രമം കണ്ടെത്തിയ ചില സംസ്ഥാനങ്ങളിലെ കാലാവസ്ഥ പക്ഷെ ഇത്തരത്തിലായിരുന്നില്ല. കേരളത്തിന് ഇന്നും ഇത് ഗുണകരമായി തുടരുന്നു. കാലാവസ്ഥക്ക് അനുയോജ്യമായി നമ്മുടെ ജീവിതവും കൃഷിയും ശൈലിയുമെല്ലാം ക്രമീകരിക്കുന്നതിന്റെ മികച്ച ഗവേഷണം നമ്മുടെ പൂർവ്വികർ ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമാണ് കർക്കിടകത്തിലേക്ക് വേണ്ടി ആഹാരവസ്തുക്കൾ കരുതിവയ്ക്കുന്ന രീതിയും ചികിത്സയും എല്ലാം തീരുമാനിക്കപെട്ടിട്ടുള്ളത്. നമ്മുടെ ജീവിതത്തിന് യോജിക്കുന്ന തരത്തിൽ ശരിക്കും കാലാവസ്ഥയെ ക്രമീകരിക്കുകയായിരുന്നുവെന്ന് പറയാം. കുരുമുളക് ഇന്തോനേഷ്യയിൽ കൊണ്ടുപോയി വിദേശികൾ കൃഷി ചെയ്തപ്പോൾ നമ്മുടെ ഞാറ്റുവേല കൊണ്ടുപോകാൻ അവർക്ക് കഴിയില്ലല്ലോ എന്ന് സാമൂതിരി പറഞ്ഞതിന്റെ സാരാംശം തന്നെയാണിതും. രോഗിയുടെ ചിക്താസാർഥം നാട്ടുവഴികൾ താണ്ടി വൈദ്യൻമാർ വീട് തേടി വന്നിരുന്നതിന് സാംസ്ക്കാരികമായ തലം കൂടിയുണ്ട്. തന്നിൽ നിന്നും ചികിത്സതേടിയവർ ഇന്നും ആരോഗ്യത്തോടെ കഴിയുന്നുവെന്നതിന്റെ തിരിച്ചറിവാകും പ്രതിഫലത്തിനപ്പുറം അവരെ സന്തോഷിപ്പിച്ചിരിക്കുക.

ഇന്നത്തെ എന്റെ യാത്രക്കിടയിൽ കേരളത്തിന്റെ ആയുർവേദത്തിന്റെ അനേക രൂപങ്ങൾ കാണുന്നുണ്ട്. പക്ഷെ പണ്ട് കൊല്ലത്ത് സ്ക്കൂളിലേക്കുള്ള യാത്രക്കിടയിൽ കാണാറുള്ള ആയുർവേദ മരുന്നുകടയുടെ കൗതുകം കണ്ണിൽ നിന്നും മായുന്നില്ല. ചുവപ്പിലും നീലയിലുമായുള്ള വലിയ കണ്ണാടി ഭരണികളിലെ മരുന്നും പിന്നെ അച്ചടക്കത്തോടെ അടുക്കിവച്ചിരിക്കുന്ന കണ്ണാടി കുപ്പികൾക്കുമിടയിലെ ഒരാൾ- വൈദ്യൻ. പഴമയുടെ രീതികൾ മാറിയ കാലത്തിൽ അതുപോലെ സാധിച്ചേക്കില്ല. പക്ഷെ മാറ്റത്തിലും നൻമയുടെ തരികൾ കൈവിടാതെയും ആയുർവേദത്തിന് ചിക്ത്സാരീതിയെന്ന നിലക്കപ്പുറം സാംസ്ക്കാരികമായ ഇടം കൂടി നൽകാവുന്ന ആലോചനകളാണ് ഇനി ആവശ്യം.

***വാൽക്കഷണം***: കേരളത്തിന്റെ ആയുർവേദ ചികിത്സതേടി നിരവധി പേർ വിദേശത്തുനിന്നുപോലും എത്തുന്നുണ്ട്. അലോപ്പതിക്കും ഹോമിയോക്കും ഇതര ചികിത്സാരീതികൾക്കും പൊതുവിൽ ലഭിക്കുന്ന ചിക്ത്സക്കുള്ള അച്ചടക്കം ആയുർവേദത്തിന് ലഭിക്കുന്നില്ല. തിരുമ്മലിന്റെയും ചികിത്സയുടെയും പേരിൽ ചൂഷണങ്ങൾ പലവിധത്തിൽ നടക്കുന്നുമുണ്ട്. മറ്റ് ചികിത്സാരീതികളിൽ നിന്നും വ്യത്യസ്തമായി ആയുർവേദത്തിന് സർക്കാരിൽ നിന്നുള്ള സഹായവും ചികിത്സാദുരുപയോഗം തടയുന്നതിനുള്ള നടപടികളും ദുർബലമാണ്. ഇതിൽ നിന്നും മാറ്റമുണ്ടാകണം. ആയുർവേദത്തിലെ മികച്ച പ്രചാരകർക്കും ഡോക്ടർമാർക്കും ഗവേഷണങ്ങൾക്കുള്ള സഹായം സർക്കാരിൽ നിന്നുണ്ടാവണം.

*സമാഹരണം: ഡോ.പ്രവീൺ.വി.വി*

## ആദരാഞ്ജലികൾ



എടക്കാട്
എം. നാരായണൻ വൈദ്യർ
കണ്ണൂർ



ഡോ.ഓമന.വി.കെ
എറണാകുളം



ഡോ.പ്രേമരാജൻ.സി.കെ
കണ്ണൂർ

**സോഷ്യൽ നെറ്റ്‌വർക്കിലെ ആയുർവേദം**

# സംസ്കൃതി
# വസന്തകാലത്തിലേക്കുള്ള മടക്കയാത്ര

**ഡോ. പി.വി. അരുൺ**

*"നിങ്ങൾക്ക് പൂക്കളെ നശിപ്പിക്കാം;*
*പക്ഷെ, വസന്തത്തിന്റെ വരവിനെ തടയാനാവില്ല."*

**വർത്തമാനം:** Gliblastoma Multiforme- രോഗം നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞപ്പോൾ, ആധുനിക ചികിത്സയ്ക്ക് ചിലവാകുന്ന ലക്ഷങ്ങൾ, ഗുരുതരമായ പാർശ്വഫലങ്ങൾ, അവയെക്കുറിച്ചെല്ലാം ആലോചിച്ചശേഷം, രോഗി, ആയുർവേദ ചികിത്സ തേടുവാൻ തീരുമാനിക്കുന്നു. സർക്കാർ-സ്വകാര്യ മേഖലകളിലായി കേരളത്തിൽ പ്രവർത്തിക്കുന്ന 17 ആയുർവേദ കോളേജുകളിൽ, എങ്ങോട്ട് പോകണം? ആ ചോദ്യത്തിനു മുന്നിൽ നിമിഷാർദ്ധങ്ങളോളം ആ മനുഷ്യൻ സംശയിച്ചു.

**ഭൂതം-അൽപം ചരിത്രം:** കൊളോണിയൽ കാലത്തും, സ്വാതന്ത്ര്യലബ്ധിക്കുശേഷവും, ആയുർവേദശാസ്ത്രത്തിനോടുള്ള ഭരണകൂടത്തിന്റെ കാഴ്ചപ്പാടിൽ കാര്യമായ വ്യത്യാസമൊന്നുമുണ്ടായിട്ടില്ലെന്ന് ചരിത്രം സൂക്ഷ്മമായി വിലയിരുത്തുന്ന ആർക്കും ബോധ്യമാവും. നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന സാമൂഹ്യമായ ഒട്ടനവധി ജീർണ്ണതകൾക്കും, ദുരാചാരങ്ങൾക്കുമെതിരെ നവോത്ഥാനകാലത്തുണ്ടായ മുന്നേറ്റങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. അതോടൊപ്പംതന്നെ മാനവജീവിതത്തിന്റെ സമസ്ത മേഖലകളിലും ആധുനിക ശാത്രത്തിന്റെ തള്ളിക്കയറ്റമുണ്ടായി. ഭാരതീയമായ അറിവുകൾ പലതും അശാസ്ത്രീയവും, ഗവേഷണ പരീക്ഷണങ്ങളുടെ പിൻബലവുമില്ലാത്തവയാണെന്നുമുള്ള ധാരണ പ്രബലമായി. അതിഭൗതികതയിലൂന്നിയ ആധുനികതയിൽ അഭിരമിക്കുകയും, അത് നൽകുന്ന സൗകര്യങ്ങളിൽ അഹങ്കരിക്കുന്നവരായും ഒരു ജനതമാറിയപ്പോൾ, സംസ്കൃതിയുടെ തന്നെ ഭാഗമായ അറിവുകളിൽ പലതും അവഗണനയുടെ അഗ്ര്യകോടിയിലേക്ക് തള്ളിമാറ്റപ്പെട്ടു. ഈയൊരു സാഹചര്യത്തിലാണ് ആയുർവേദത്തെ അക്കാദമിക് തലത്തിലേക്ക് പറിച്ചുനടാൻ അന്നത്തെ ആചാര്യന്മാർ മുൻകൈയ്യെടുത്തത്. പരിഷ്കരണവാദങ്ങളുടെ കുത്തൊഴിക്കിൽപ്പെട്ട് തീർത്തും പിന്നണിയിലേക്ക് പൊയ്ക്കൊണ്ടിരുന്ന ഒരു ശാസ്ത്രത്തെ, ആധുനികതയുടെ തന്നെ സങ്കേതങ്ങൾ ഉപയോഗിച്ച് വ്യാഖാനിക്കുവാനും അതുവഴി കാലത്തിനൊപ്പംതന്നെ സഞ്ചരിക്കുവാനും, അക്കാദമിക്ക്, ആയുർവേദം പര്യാപ്തമാക്കിയെന്ന വസ്തുത ആരാലും നിഷേധിക്കാവുന്നതല്ല.

**വ്യാജവൈദ്യം ഉയർത്തുന്ന വെല്ലുവിളി**

കാലത്തിന്റെ ഗതിവേഗത്തിനൊത്ത് അക്കാദമിക് ആയുർവേദം ക്രമത്തിൽ അഭിവൃദ്ധിപ്പെടുകയും പാരമ്പര്യവൈദ്യമേഖല അനുദിനം ശോഷിച്ചുവരികയും ചെയ്തു. പരമ്പരാഗത വൈദ്യശാസ്ത്രത്തിന്റെ പേരിൽ ഇന്ന് ചികിത്സനടത്തിക്കൊണ്ടിരിക്കുന്ന 70,000ൽപ്പരം ആളുകളിൽ 99 ശതമാനവും കേവലമായ വിദ്യാഭ്യാസയോഗ്യതപോലുമില്ലാത്ത വ്യാജന്മാരാണെന്ന വസ്തുത നിസ്തർക്കമാണ്. വൈദ്യവൃത്തിയിൽ ഇടപെട്ട് നടത്തുന്ന ഇത്തരം ഹീനകൃത്യങ്ങളെ സർവ്വശക്തിയുമുപയോഗിച്ച് പ്രതിരോധിക്കേണ്ടത് ഒരു നാടിന്റെയും ജനതയുടെയും ആരോഗ്യകരമായ നിലനിൽപ്പിന് അനിവാര്യമാണ്.

അതേസമയം, ആയുർവേദത്തെ അതിന്റെ എല്ലാതനിമയോടും വിശുദ്ധിയോടുംകൂടി സംരക്ഷിക്കുകയും, അനന്തരതലമുറകളിലേക്ക് വാമൊഴിയായും വരമൊഴിയായും കൈമാറ്റം ചെയ്യുകയും ചെയ്തിരുന്ന ചില വൈദ്യകുടുംബങ്ങൾ, വിരലിലെണ്ണാവുന്നവയാണെങ്കിൽപ്പോലും ഉണ്ട് എന്ന വസ്തുതയും ഇതോടൊപ്പം തന്നെ ചേർത്ത് വായിക്കേണ്ടതാണ്.

കേരളത്തിൽ തനതുരീതികൾ ചികിത്സയിൽ കൊണ്ടുവരികയും ചിലവ്കുറഞ്ഞവയും അനായാസേന ലഭ്യമായവയുമായ ഔഷധങ്ങൾ ഉപയോഗിച്ച് ആയുർവേദത്തെ ജനപക്ഷത്ത് ചേർത്തുനിർത്തുന്നതിൽ ഇവർ വഹിച്ച പങ്ക് വിസ്മരിച്ചുകൂടാ. വിഷചികിത്സയിലും ബാലചികിത്സയിലും മറ്റും ഇന്നും സേവനം നടത്തുന്ന വൈദ്യകുടുംബങ്ങളെ ഇവിടെ ഓർക്കാവുന്നതാണ്.


Himalaya
HERBAL HEALTHCARE
HiOra™
Setting High Standards in Oral Hygiene
HiOra™-K Toothpaste
For comprehensive management of sensitive teeth and gums
HiOra™-GA
Gum astringent gel
HiOra™-K Mouthwash
For sensitive teeth and halitosis
HiOra™-Shine
Herbal whitening toothpaste
HiOra™ Mouthwash-Regular
Kills germs, tones gums & refreshes mouth
HiOra™-SG
The healing stoma gel
The Himalaya Drug Company
Makali, Bangalore 562 123, India
www.himalayahealthcare.com
E-mail: write.to.us@himalayahealthcare.com

**സമന്വയത്തിന്റെ സാധ്യത:** എന്നാൽ,അമൂല്യങ്ങളായ അറിവുകളിൽ പലതും രഹസ്യമാക്കിവെച്ചതുകൊണ്ടോ, വരുംതലമുറയിലേക്ക് ഫലപ്രദമായി കൈമാറ്റം ചെയ്യപ്പെടാത്തതുകൊണ്ടോ, കൈമാറിയവതന്നെ അശാസ്ത്രീയമെന്നും അന്ധവിശ്വാസജഢിലമെന്നും പ്രചരിപ്പിച്ച് അവഗണിച്ചുതള്ളിയതുകൊണ്ടോ എന്നന്നേക്കുമായി നഷ്ടമായി(?) അത്തരത്തിൽ അഗവണിക്കപ്പെട്ട അസുലഭങ്ങളായ അറിവുകൾ പലതും സത്യവും നമ്മുടെ സത്വവും തന്നെയായിരുന്നുവെന്ന് വസ്തുത, സാവധാനത്തിലാണെങ്കിൽപോലും തിരിച്ചറിയപ്പെടുന്നുവെന്നത് സ്വാഗതാർഹമാണ്. ഇനിയും വൈകുംമുമ്പ്, അവശേഷിക്കുന്ന അറിവുകളെ കണ്ടെത്തുകയും, ആയുർവേദത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് അവയെ അപഗ്രഥിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുകയും അതുവഴി അക്കാദമികവും പരമ്പരാഗതവുമായ എല്ലാ അറിവുകളേയും അതിമനോഹരമായി സംയോജിപ്പിക്കുകയും, കൂടുതൽ സമഗ്രമായൊരു ചികിത്സാപദ്ധതി രൂപപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് തുടക്കമിടുകയും ചെയ്യുക എന്നതാണ് **സംസ്കൃതി**യുടെ ആത്യന്തികമായ ലക്ഷ്യം

**ഭാവി- ഇനിയും മുന്നോട്ട്**: പരമ്പരാഗതമായ നാട്ടറിവുകളെ കണ്ടെത്തുവാനും അവയെ നെഞ്ചോട് ചേർത്തുവെച്ച്, സംരക്ഷിച്ച് പിടിക്കുവാനും, പ്രചരിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ പലരീതിയിൽ പുരോഗമിക്കുന്നുണ്ട്. താളിയോലകളിൽ നിന്നും ഔഷധക്കൂട്ടുകൾ കണ്ടെടുത്ത്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയരക്ടറേറ്റിന്റെ പാറ്റന്റ് സെൽ, ഇതിനോടകം 2 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞ കാര്യം ഇവിടെ ഓർക്കാവുന്നതാണ്. അത്തരത്തിൽ വലുതും ചെറുതുമായ നിരവധി സംരംഭങ്ങൾ നമ്മുടെ നാട്ടിൽ നടന്നുവരുന്നു. സംസ്കൃതി അവയിലൊന്ന് മാത്രമാണ്. ഒരുപാടരുവികൾ ഒരുമിച്ചുചേരുമ്പോഴേ ഒരു പുഴയാവൂ എന്നുള്ളത്കൊണ്ടുതന്നെ, അത്തരത്തിലുള്ള എല്ലാ ശ്രമങ്ങളും സ്വാഗതംചെയ്യപ്പെടേണ്ടതാണ്. നിറകുടമാണെന്ന് നമ്മൾ സ്വയം കരുതിയാൽപിന്നെ അറിവിന്റെ പുതിയൊരു തുള്ളിപോലും ഉൾക്കൊള്ളാനുള്ള സ്ഥലമുണ്ടായെന്ന് വരില്ല. ഔഷധസസ്യങ്ങളെക്കുറിച്ചുള്ളഅറിവ് ആടിനെ മേയ്ക്കുന്നവരുടെ പക്കൽനിന്നുപോലും ഉൾക്കൊള്ളാൻ തയ്യാറാവണം എന്നാണ് ചരകനും സുശ്രുതനും ഉൾപ്പെടെയുള്ള ആചാര്യന്മാർ അർത്ഥശങ്കക്കിടയില്ലാത്തവിധം പറഞ്ഞുവെച്ചിട്ടുള്ളത്. കോഴിയാണോ, മുട്ടയാണോ മൂത്തത് മുതലായ നിരർത്ഥകമായ സംവാദങ്ങളിലൂടെയല്ല, മറിച്ച് കൃത്യമായ ഫലം ഉണ്ടാക്കിക്കൊടുത്തെങ്കിൽ മാത്രമേ, ഒരു ജനതയുടെയാകെ വിശ്വാസം ആർജ്ജിക്കാനാവൂ. അതുകൊണ്ട് അറിയണം, പരസ്പരമുള്ള പൊന്നാടയണിക്കലുകളുടെ കാലം കഴിഞ്ഞുപോയി എന്നത്!

**സംസ്കൃതിയെക്കുറിച്ച്** : Information Technologyയുടെ പുതുയുഗത്തിൽ, Social Networkകളുടെ സമസ്തസാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ആയുർവേദ ഡോക്ടർമാരുടെയും വിദ്യാർത്ഥികളുടെയും തികച്ചും അനൗദ്യോഗികം ആയ കൂട്ടായ്മയാണ് സംസ്കൃതി. സർഗാത്മകമായ ശാസ്ത്രസംവാദങ്ങളിൽ താൽപര്യമുള്ള ആർക്കും പങ്കുചേരാം. ആധുനിക വൈദ്യശാസ്ത്രത്തിന്റെ അനുപല്ലവിയായി ആയുർവേദത്തെ മാറ്റിത്തീർക്കുവാൻ അമിതാവേശം കാണിക്കുന്നവർക്കുമുന്നിൽ സംസ്കൃതി വേറിട്ടുനിൽക്കുന്നു. ഇക്കാലത്ത് ആയുർവേദ ഡോക്ടർമാർ നിർദ്ദേശിക്കുന്ന Diet Chart കളിൽപ്പോലും മുളപ്പിച്ച ധാന്യങ്ങൾ (വിരൂഢി-വിരൂഢകംSprouts) സർവസാധാരണമായി മാറുമ്പോൾ, ശാസ്ത്രം ഇതേക്കുറിച്ച് എന്താണ് പറയുന്നതെന്ന് സംസ്കൃതി വളരെ വിനയപൂർവ്വം നമ്മെ ഓർമ്മപ്പെടുത്തുന്നു. വയസ്ഥാപനവും വൃഷ്യവും രസായനഗുണങ്ങളുമുള്ള ഹരീതകി (കടുക്ക)യെക്കുറിച്ച് പ്രചരി(പ്പി!)ക്കുന്ന കാര്യങ്ങൾ അപസർപ്പക കഥകളിലേതിന് സമാനമാണ്. അത്തരത്തിലുള്ള അബദ്ധധാരണകൾ അപ്പാടെ മാറ്റിയെഴുതേണ്ടതുണ്ട്. അരുതെന്ന് പറയാൻ ഞങ്ങളുണ്ട്. (We are have to say no), Let them think if they have brain എന്നീ ലേഖനങ്ങൾ, സംസ്കൃതിയെപ്പോലുള്ളൊരു കൂട്ടായ്മയുടെ അനിവാര്യതയ്ക്ക് അടിവരയിടുന്നവയാണ്. പക്ഷെ അപ്പോഴും ഒരുകാര്യം പ്രത്യേകം ഓർക്കണം. സംസ്കൃതി ഒരു തുടക്കമാണ്; തുടക്കം മാത്രം. സർഗാത്മക സംവാദങ്ങളുടെ സംഗമഭൂമിയായി സംസ്കൃതി മാറണമെങ്കിൽ, എല്ലാ നല്ല മനസ്സുകളുടെയും മുൻവിധിയില്ലാത്ത സഹകരണം അനിവാര്യമാണ്. അത്തരമൊരു കൂട്ടായ്മയിലേക്ക് ഏവരയേും സ്വാഗതം ചെയ്യുന്നു.

*(സംസ്കൃതിയിൽ അംഗമാവാൻ താൽപര്യപ്പെടുന്നവർ അവരുടെ Facebook Account ൽ നിന്നും Samskrithi eb എന്ന എക്കൗണ്ടിലേക്ക് ഒരു Friendship request അയക്കുക.)*

MILLENNIUM HERBAL CARE

ENRICHED WITH OMEGA 3 & 6

Rx ANTARTH® PLUS SGC

The Potent, Proven, Safe And Advanced
Anti- Arthritic With Disease Modifying Action

Phyto Medicine 100% SAFE Free From Free Metals

- Fast relief form pain and inflammation by blocking prostaglandins, Leukotriens, Cytokines, Nitric oxide, MMP and scavenging free radicals
- Prevents cartilage degeneration and delays disease progression by its potent chondroprotective action
- Reduces morning stiffness
- Promotes joint mobility and flexibility by imparting strengths to musculo-skeletal system
- "Truly Safe" for long term use

Rx ANTARTH® PLUS SGC

► Acute & Chronic OA & RA
► Cervical and Lumbar spondylitis
► Frozen shoulder, Arthralgia
► Low back pain
► Gout




**Dosage:**
1-2 SGCs b.i.d. for minimum 8-12 weeks or as directed by the physician

**CLINICALLY PROVEN IN CHRONIC OSTEOARTHRITIS***

► **73%** of patients experienced effective relief from pain with out side effects

*Dr. Sancheti Parag et.al, Indian Jouranl of clinical Pratice Vol.21.No.1 June10

MILLENNIUM HERBAL CARE

Millennium Herbal Care Ltd. 12-B, Nirmal, 241/242, Backbay Reclamation,
Nariman Point, Mumbai - 400 021. Tel.: +91-222-40022020 / 21
email : info@herbalmill.com • www.herbalmill.com

# A Clinical Evaluation of 'Diabetes mellitus Type II through Ayurveda & Yoga'

***Dr. K.P.Vinod Babu MD(Ay)***
CMO Govt. Ayurveda Hospital Sultan Batheri

**Introduction :** Formely non insulin dependant diabetes mellitus or adutonset diabetes is a metabolic disorder that is characterized by high blood glucose in the context of insulin resistance and relative insulin deficiency. This is in contrast to diabetes mellitus type I in which there is an absolute insulin deficiency due to distruction of islet cells in the pancreas. The classic symptoms are excess thirst, frequent urination, and constant hunger. Type II diabetes makes up about 90% cases of Diabetes with other 10% due pimiraly to diabetes mellitus type I and gestational Diabetes-Obesity is thought to be. Primary cause of type II diabetes in people who are genetically predispose to the diabetes.

**Sign & Symptoms**

A classic symptoms of diabetes are polyurea (frequent urination) Polydipsia (increased thirst) Polyphagia (increased hunger) and weight loss. Other symptoms that are commonly present at diagnosis include a history of blurred vision, peripheral neuropathy, recurrent vaginal infections and fatigue. Many people however have no symptoms during the first few years and are diagnosed on routine testing.

**Complications:**

Type II diabetes is typically a chronic disease associated with a 10 year shorter life expectancy. This is partly due to a number of complications with which it is associated with including two four times the risk of cardiovascular disease including ischemic heart disease and stroke, a 20 folded increase in lower limb amputations and increase the rates of hospitalizations. Other complications inclued sexual disfunction and frequent infections.

**Life Style**

A number of lifestyle factors are known to be important to type II diabetes including obesity, lack of physical activity, poor diet, stress, and urbanization. Excess body fat is associated with 30% of cases.

**Prevention**

Onset of type II diabetes can be delayed or prevented through proper nutrition and regular exercise intensive life style messures may reduce the risk by over half. The benefit of exercise occurs regardless of the persons initial weight subsequent weight loss with some evidence for a diet high in green leafy vegetables and some for limiting the intake of sugary dirnks.

**Management:**

Management of typeII diabetes focuses on lifestyle intervesion, lowering other cardiovascular risk factors, and maintaining blood glucose levels in the normal range.

**Ayurveda Premeha**

The literal meaning of Premeha in profuse urination, but in Ayurvedic text definitions of Premha is Prakrishta means profuse and Avila means dirty and turbid urine. This means that profuse and /or turbid or dirty urine is the invariable symptoms of Premeha. The entire

anomalis of urine has been clinically clarrified under three heads. Vateja Premehas which are four Pittaje permehas which are six and kaphaja premehas which are ten. Thus the total number of Premeha are twenty. Out of these twenty premehas ten kaphjaa pramehas are considered to be easily curable. Six pittaj are curable with difficulty and four vataja are yapya not curable. Yapya is a technical term indicative of a disease which though response to treatment but are not cured radically.

**Clinical Evaluation of type II Diabetes.**

For type II diabetes a clinical evaluation conducted at Thaluk Ayurveda Hospital Sulthan Bathery. A Random selection of 150 patients conducted with an age group in between 38 and 72. 72 females and 78 males studied in the trial. Prior investigation of fasting blood sugar (FBS) post prandial blood sugar (PPBS) urine sugar and body weight were conducted for the selection and confirmation. Insulin depended Diabetes excluded in the trial.

**Treatment module 3 months**

Yoga once in a week one hour.
Consultation once in a week.
Medicine and dispensing once in a week.
Lab investigation with body weight once in a week.
Total Expenditure for the project Rs. 6,00,000.00
Medicine Rs. 2,90,000.00 (14 weeks)
Yoga instructor Rs. 500.00 /Week
Lab charges Rs. 100/ person/ week

**Medicines used in the trial**

1. Lodrasava
2. Chandraprabha
3. Nisakathakadi
4. Diabet Drinks
5. Premehoushadhi
6. Oil for external-Dhanwantharam
7. Triphala Choornam

**Yoga selected for trial**

1. Sitting postures
2. Loosening exercises
3. Sooryanamaskar
4. Savasanam

**Result**

1. 90% of the patients had good control over diabetes
2. 10% are drop outs
3. 135 patients completed the programme
4. Clinicla symptoms improved from 3rd week onward
5. Lifestyle totally changed
6. Weight maintained.

**Conclusion**

Ayurvedic treatment with regular yoga programme is a difinite treatment for type II Diabetes.

■

*പേജ് 18 ന്റെ തുടർച്ച*

രാമച്ചം, ഞെരിഞ്ഞിൽ, കുറുംന്തോട്ടി, തിപ്പലി, കാട്ടു തിപ്പലി, കൊടുവേലി (ശുദ്ധി ചെയ്തത്), കാട്ടുമുളക്, ചുക്ക്, ഉലുവ, ജീരകം, ആശാളി.

**പച്ചമരുന്നുകൾ:** കൊടിആവണക്ക്, ദശപുഷ്പങ്ങൾ (നിലപ്പന, മുയൽച്ചെവിയൻ, മുക്കുറ്റി, കൈയ്യോന്നി, കറുക, പൂവാൻകുറുന്തൽ, തിരുതാളി,ചെറൂള,ഉഴിഞ്ഞ, വിഷ്ണുക്രാന്തി) ഇങ്ങനെയുള്ള ഔഷധകൂട്ടുകൾ ശരീരത്തെ പകർച്ചവ്യാധികളിൽ നിന്ന് മാത്രമല്ല കാലാന്തരത്തിലുണ്ടായേക്കാവുന്ന അസുഖങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. വാർദ്ധകൃത്തിൽ ഉണ്ടായേക്കാവുന്ന ചില ഉദരരോഗങ്ങൾക്ക് ഇതു വളരെ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. അതിനാൽ ഒരു സമാന്തര ചികിത്സാരീതി എന്ന നിലയ്ക്ക് ഇത്തരം ഔഷധ പ്രയോഗങ്ങൾ സംരക്ഷിച്ച് പ്രചരിപ്പിക്കേണ്ടത് ഒരു ആയുർവ്വേദ ഭിഷഗ്വരന്റെ കടമയും കർത്തവ്യവും കൂടിയാണ്.

**പുസ്തകപരിചയം**

# 'എന്നും സ്നേഹത്തോടെ, പി.കെ. വാരിയർ'

**ഡോ. കെ.വി. രാജഗോപാലൻ**
സീനിയർ ഫിസിഷ്യൻ, ആര്യവൈദ്യശാല, കോട്ടയ്ക്കൽ

**കോട്ടയ്ക്കൽ ആര്യവൈദ്യശാല** മാനേജിങ് ട്രസ്റ്റി ഡോ.പി.കെ.വാരിയരുടെ നവതിയുടെ ഭാഗമായി ഡോ.കെ.മുരളീധരൻ രചിച്ച് മാതൃഭൂമിബുക്സ് പുറത്തിറക്കുന്ന 'എന്നും സ്നേഹത്തോടെ, പികെ.വാരിയർ'എന്ന പുസ്തകം പ്രകാശനം ചെയ്തു.




ലോകത്തിന് പ്രകാശമേകുന്ന വൈദ്യഗുരുവാണ് ഡോ. പി. കെ.വാരിയരെന്ന് പുസ്തകത്തിന്റെ ആദ്യപ്രതി ശ്രീ അഷ്ടമൂർത്തിക്ക് നൽകിക്കൊണ്ട് പ്രകാശനവേളയിൽ ശ്രീമതി സാറാ ജോസഫ് പറഞ്ഞു. ആര്യവൈദ്യശാല ജനറൽ മാനേജർ ശ്രീ.കെ.കെ.വാരിയർ അധ്യക്ഷനായിരുന്ന ചടങ്ങിൽ ഡോ.ഖദീജാമുംതാസ് പുസ്തകം പരിചയപ്പെടുത്തി. ആര്യവൈദ്യശാല ട്രസ്റ്റി ശ്രീ.സി.എ.വാരിയർ അനുഗ്രഹപ്രഭാഷണം നടത്തി. ആര്യവൈദ്യശാല ചീഫ്സൂപ്രണ്ട് ഡോ.പി.എം.വാരിയർ, ആര്യവൈദ്യശാല ചാരിറ്റബിൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ.പി. ബാലചന്ദ്രൻ, ട്രസ്റ്റി അഡ്വ.സി.ഇ.ഉണ്ണികൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു. ഡോ. കെ. മുരളീധരൻ മറുപടിപ്രസംഗം നടത്തി. മാതൃഭൂമി ബുക്സ് മാനേജർ കെ. നൗഷാദ് സ്വാഗതവും ആര്യവൈദ്യശാല എറണാകുളം ഹോസ്പിറ്റൽ സൂപ്രണ്ട് കെ. ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

**പുസ്തകത്തെക്കുറിച്ച്:** ആര്യവൈദ്യൻ ഡോ. പികെ.വാരിയർ എന്ന വടവൃക്ഷത്തിന്റെ തണലിൽ ജീവിക്കുന്ന ഞങ്ങൾക്കേവർക്കും ഇക്കഴിഞ്ഞ വർഷത്തിലെ ഓരോ നിമിഷവും ഉത്സവപ്രതീതി ഉളവാക്കുന്നതായിരുന്നു. 2011 ജൂൺ 5 ന് ആരംഭിച്ച അദ്ദേഹത്തിന്റെ നവതിയാഘോഷത്തിന്റെ ഔദ്യോഗികപരിസമാപ്തി ഇക്കഴിഞ്ഞ മെയ് 26ന് ആയിരുന്നു. വിവിധ ചടങ്ങുകളിലായി അദ്ദേഹത്തെ ആദരിക്കുകയും അതുവഴി സ്വയം ആദരിക്കപ്പെടുകയും ചെയ്ത സമൂഹത്തിലെ ഉന്നതവ്യക്തികളിൽ ലോകത്തിലെ നാനാതുറകളേയും പ്രതിനിദാനം ചെയ്യുന്നവർ ഉൾപ്പെടുന്നു. ഊണിലും ഉറക്കത്തിലും ആര്യവൈദ്യശാലയും ആയുർവേദവും അതുവഴി ലോകനന്മയും കാംക്ഷിക്കുന്ന ഈ അപൂർവവൈദ്യന് ലഭിച്ചുകൊണ്ടിരിക്കുന്ന ആദരവും അനുഗ്രഹവും എല്ലാംതന്നെ അദ്ദേഹത്തിന്റെ കർമ്മമണ്ഡലം ബൃഹത്തരകമാക്കുന്നതിനുള്ള ഇന്ധനമായി മാറുകയാണ് ചെയ്യുന്നത്. ഇത്തരുണത്തിൽ ഒരു ഗുരുവിന് ശിഷ്യൻ നൽകുന്ന ഏറ്റവും നല്ല ദക്ഷിണയാകുന്നു ഡോ.കെ. മുരളീധരന്റെ എന്നും സ്നേഹത്തോടെ പികെ. വാരിയർ എന്ന അക്ഷരഹാരം. ഡോ. പികെ. വാരിയർസാറിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സർവഥാ അദ്ദേഹത്തിന്റെ പാത പിന്തുടരാൻ ആഗ്രഹിക്കുന്ന എല്ലാവരുടെയും പ്രതിനിധിയായി, ഒരു നിമിത്തമായി, ഡോ. മുരളീധരന്റെ മനസ്സിൽനിന്നു പുസ്തകരൂപത്തിൽ അക്ഷരഗംഗ പ്രവഹിച്ചു എന്നാണെനിക്ക് തോന്നിയത്.

ഈ ഇടവമാസത്തിലെ കാർത്തിക തെളിഞ്ഞത് കോട്ടയ്ക്കലിലെ ആകാശചെരുവിലാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നും മറ്റുമുള്ള വിവരണം ഇതിനുദാഹരണമാണ്. അർത്ഥസമ്പുഷ്ടവും ചിന്തോദ്ദീപകങ്ങളും എന്നാൽ ലളിതവുമായ വാക്കുകളുടെ യഥാസ്ഥാനവിന്യാസം കാണുമ്പോൾ അദ്ദേഹം പലപ്പോഴും വാഗ്ദേവിയെ നേരിൽകണ്ടിട്ടുണ്ടോ എന്നു തോ

ന്നും. ഒരിക്കൽ ഞാനദ്ദേഹത്തോട് ചോദിച്ചു: ഇതെങ്ങനെ സാധിക്കുന്നു? ചിലതെല്ലാം തൂലികയിൽനിന്ന് പുറത്തുവന്നശേഷമാണ് ഞാൻ തന്നെ അറിയുന്നത്-ദൈവാധീനം എന്നല്ലാതെ എന്തു പറയാൻ. എന്നായിരുന്നു മറുപടി.

ചെറുകഥയുടെ ലാളിത്യവും, കവിതയുടെ ആസ്വാദ്യതയും കാവ്യത്തിന്റെ അർത്ഥസമ്പുഷ്ടതയും ചേർന്നതാണ് ഈ പുസ്തകം. അതിശയോക്തി കലർന്ന വ്യക്ത്യാരാധനയോ, ഡോ. പി.കെ. വാരിയർ എന്ന മഹാവൈദ്യന്റെ ചികിത്സയിലെ വിജയാനുഭവങ്ങളോ മാത്രം കോർത്തുചേർത്ത പുസ്തകമല്ലിത്. പകരം മൂന്നുപതിറ്റാണ്ടിലേറെയായി ഗുരുവിന്റെ കാലടികളെ പിന്തുടരുന്ന ഒരു ശിഷ്യന്റെ മനസ്സ് നമുക്കിതിൽ ദർശിക്കാം.ചികിത്സകളിലെ crisis management, ഗുരുപ്രതിനിധാനം ചെയ്യുന്ന ആര്യവൈദ്യശാലയുടെ സംസ്കൃതി,സർവോപരി കോട്ടയ്ക്കൽ എന്ന ഗ്രാമത്തിന്റെ (ഇപ്പോൾ പട്ടണത്തിന്റെ) നന്മ ഇവയെല്ലാം വളരെ മനോഹരമായി ഈ പുസ്തകത്തിൽ വരച്ചുകാട്ടുന്നു. നൂറോളം പേജുവരുന്ന കൈപുസ്തകത്തിൽ ഇത്രയും മനോഹരമായി ആവിഷ്കരിച്ച വിഷയങ്ങൾ, അദ്ദേഹത്തിന്റെ മനസ്സിന്റെ മൂലയിൽനിന്ന് അടർത്തിയെടുത്ത ചിലത് മാത്രമാവാനെ വഴിയുള്ളു. കാരണം അത്രയും ഹൃദയബന്ധമുണ്ട് ഈ ഗുരുവിനും ശിഷ്യനും തമ്മിൽ.

ഒരു ഭിഷഗ്വരനെകുറിച്ചും ചികിത്സാസംബന്ധിയായ അദ്ദേഹത്തിന്റെ അനുഭവങ്ങളെക്കുറിച്ചും വായനക്കാർക്ക് രുചിക്കുന്ന രീതിയിൽ പ്രതിഫലിപ്പിക്കാൻ എഴുത്തിന്റെ 'craft' അറിയുന്ന ഒരാൾക്കുമാത്രമെ കഴിയൂ. ഈ പുസ്തകം സാധാരണക്കാരായ വായനക്കാരെയാണ് കൂടുതൽ ലക്ഷ്യംവെച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുവാൻ കഴിയും. അതേസമയം educative (പാഠ്യം) കൂടിയാണ് ഈ കൃതി. Multiple sclerosis, Sub acute sclerosing panencephalitis മുതലായ അസുഖങ്ങളുടെ ലഘുവും ലളിതവുമായ വിവരണം ഇതിനുദാഹരണമാണ്. ഉപവാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദാർശനികതയും അപാരംതന്നെ.

വൈദ്യരത്നം എന്ന ഇതിഹാസത്തിന്റെ ചരിത്രമുഹൂർത്തത്തിലെ ചില സന്ദർഭങ്ങൾ പുനരാവിഷ്കരിച്ച പ്രഥമാധ്യായം നമ്മെ ആ കാലഘട്ടത്തിലേക്ക് നയിക്കുന്നു. അന്ന് വെങ്കിട്ടത്തേവർ ക്ഷേത്രത്തിലെ മുഖമണ്ഡപം പുതുക്കി കൈലാസനാഥന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്ന photo, പ്രപഞ്ചം ഒപ്പിയെടുത്ത് കാലത്തിന്റെ കാൻവാസിൽ തൂക്കിയിട്ടിട്ടുണ്ട്. ഈ സന്ദർഭം ഡോ. മുരളീധരൻ അനിതരസാധാരണമായി വിവരിക്കുന്നു. അവസാനം വൈദ്യരത്നത്തിന്റെ സ്വർഗാരോഹണത്തെ എങ്ങനെ എഴുതണം എന്നറിയാത്ത വ്യഥയോടെ, മരണത്തിന്റെ ദാർശനികസൗന്ദര്യം ഒരു രേഖാചിത്രത്തിലെന്നപോലെ വരച്ചിട്ട് അദ്ദേഹം പുലരിമഞ്ഞിലേക്ക് സാവധാനം നടന്നുപോകുന്നതായാണ് വിവരിച്ചിരിക്കുന്നത്.

ഈ പുസ്തകത്തിലെ ഓരോ അധ്യായത്തിനും നൽകിയിരിക്കുന്ന പേരുകൾ പ്രത്യേക പരാമർശം അർഹിക്കുന്നതാണ്. കൈലാസനാഥന്റെ മുമ്പിൽ, സുപ്രഭാതം, ഭദ്രം ഭദ്രാഭിലാഷിണാം, തമോനിദ്ര, പുനർജനി, അപരാജിത- അങ്ങനെ പോകുന്ന പേരുകൾ.

ഈ പുസ്തകത്തിലെ പല പ്രസ്താവനകളും (statements) പുതിയ അർത്ഥതലങ്ങളിലേക്ക്


**ആപ്തയിലേക്ക് ലേഖനങ്ങളും വാർത്തകളും അയയ്ക്കുമ്പോൾ**

മലയാളം മാറ്ററുകൾ (ML-Ravathi Size 11) ലും ഇംഗ്ലീഷ് മാറ്ററുകൾ (Times New Roman Size 10)ലും പേജ്മേക്കറിൽ ടൈപ്പ്ചെയ്ത് അയയ്ക്കുക. ഫോട്ടോസ് .jpg അല്ലെങ്കിൽ .tiff ഫോർമാറ്റിലും ചെയ്ത് സി.ഡി ആയോ ഇ-മെയിൽ വഴിയോ എല്ലാമാസവും 5-ാം തിയ്യതിക്കുമുമ്പ് അയയ്ക്കുക. മാറ്ററുകൾ സ്കാൻ ചെയ്ത് അയക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഇ-മെയിൽ ചെയ്യുമ്പോൾ സബ്ജക്ടുകോളത്തിൽ വിഷയം സൂചിപ്പിക്കുക.

**ചീഫ് എഡിറ്റർ, ആപ്ത, ആയുർവേദ ഭവൻ, പി.ബി.നമ്പർ 93,**
**അങ്കമാലി - 683572, എറണാകുളം. editor.apta@gmail.com,**
**drsanalind@yahoo.com, ഫോൺ: 9567962131**

നമ്മെ കൊണ്ടെത്തിക്കുന്നു.വേദനയുടെ സ്വകാര്യഭാഷ അറിയുന്ന ഭിഷഗ്വരൻ എന്ന പ്രയോഗം മാത്രം ശ്രദ്ധിക്കുക. ഈ ഒരു ഭാഷ എന്തെല്ലാം വികാരവിചാരങ്ങളിലേക്കാണ് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്!പ്രത്യകിച്ചും ഒരു വൈദ്യനെ. ഔഷധത്തെ അമ്മയായും അമ്മയെ ഔഷധമായും കാണുന്ന ഒരു വൈദ്യന്റെ കാഴ്ചപ്പാടും ഇതിനൊരുദാഹരണമാണ്.

വായനക്കാരുടെ കണ്ണിനെ ഈറനണിയിക്കുന്ന പല മുഹൂർത്തങ്ങളും ഒരു അഭ്രപാളിയിലെന്ന പോലെ നമ്മുക്ക് കാണാനാവും. അസുഖത്തിന്റെ ഊരാക്കുടുക്കിൽനിന്ന് മോചനമില്ലെന്നറിഞ്ഞിട്ടും നിസ്സഹായതയോടെ ജീവിക്കുന്ന സൗമ്യയുടെ മുഖം. ലോകംചുറ്റിസഞ്ചരിക്കുന്ന ഹെന്റ്രി എന്ന മനോരോഗവിദഗ്ദ്ധൻ കോട്ടയ്ക്കലിൽനിന്ന് യാത്രതിരിക്കുമ്പോൾ ചോദിക്കുന്നു: ഹെന്റ്രി എങ്ങോട്ടാ ഇനി? മറുപടി: കന്യാകുമാരിയിലേക്ക്, അസ്തമയം കാണണം; പിന്നെയറിയില്ല. ഇവരെല്ലാം മനസ്സിൽ ചെറിയ പോറൽ അവശേഷിപ്പിച്ചാണ് അടുത്ത പേജിലേക്ക് നമ്മെ നയിക്കുന്നത്.

മറ്റൊരവസരത്തിൽ ഡോ. മുരളീധരൻ പറയുന്നു: ചിലർക്ക് മടങ്ങിപോകാനുള്ള ഇടങ്ങളാണ് ആശുപത്രികൾ; എന്നാൽ, ചിലർക്ക് കയറിവരാനുള്ള ഇടങ്ങളാണ്. ഡോ.പി.കെ. വാരിയർസാറുമായുള്ള അഭിമുഖമാണ് പുസ്തകത്തിന്റെ highlight എന്നു വിശേഷിപ്പിക്കാവുന്ന 'ഉപായനം' എന്ന അവസാന അധ്യായം. എന്താണ് ആയുർവേദത്തിന്റെ ലക്ഷ്യം, ആയുർവേദവൈദ്യൻ എങ്ങനെയായിരിക്കണം, വൈദ്യന്റെ സാമൂഹികമായ കാഴ്ചപ്പാട്, ഇതരവൈദ്യശാസ്ത്രത്തിന്റെ സാന്നിധ്യം, നാളെയുടെ ആയുർവേദം മുതലായ അതിപ്രധാനവിഷയങ്ങൾ വളരെ ദീർഘവീക്ഷണത്തോടെ ചർച്ച ചെയ്യപ്പെടുന്നു. ഈ അധ്യായം മുതിർന്നവർക്കും ആയുർവേദവിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നതാണ്.

വർഷങ്ങളുടെ തപസ്സുകൊണ്ട് clinical wisdom ആർജിച്ച മഹാവൈദ്യനാണ് ഡോ. പി.കെ. വാരിയർ. ചികിത്സക്ക് മാനവികമുഖം പകർന്ന അദ്ദേഹത്തിൽനിന്ന് ആയുർവേദത്തിനും സമൂഹത്തിനും ഇനിയും അത്ഭുതങ്ങൾ ലഭിക്കാനുണ്ട്. ഡോ. കെ. മുരളീധരനിൽനിന്നു ഇനിയുമിനിയും പുതിയ സൃഷ്ടികൾ ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.




www.aryavaidyasala.com
Kottakkal
ayurveda
New Generation Medicaments
from the House of Authentic Ayurveda
Psoriasis and Skin disorders
PSORAKOT TABLET
MEET AND GREET LIFE...
Psoriasis and Skin disorders
PSORAKOT GEL
BRINGS BACK SOCIAL INTERACTIONS...
Rheumatoid arthritis
RHUKOT TABLET
KEEP ON MOVING...
Arthritic pain and Joint pain
RHUKOT GEL
MOVE ON NOW...
Piles/ Haemorrhoids
PILOCID TABLET
GOOD BYE TO PILES...
Piles/ Haemorrhoids
PILOCID GEL
GET BACK TO ROUTINE...
Acid peptic disorders
ACIDACT TABLET
CONTROLS ACIDITY RIGHT AWAY...
Upper respiratory tract infections, Sinusitis, Anorexia
TALISULE GRANULE
BREATHE UNHINDERED...
Migraine
MIGRAKOT TABLET
BACK IN ACTION...
Migraine
MIGRAKOT OIL
KEEP MIGRAINE AND OTHER HEADACHES AT BAY...
Osteo arthritis
OSTIKOT TABLET
ENJOY THE FREEDOM OF MOBILITY...
Jaundice, Liver disorder
LIVOKOT TABLET
ADD LIVOKOT ADD LIFE...
Female sub-fertility
GYNAKOT TABLET
DISCOVER THE MOTHER IN YOU...
Male sub-fertility
SPERMAKOT GRANULE
FLOURISH YOUR NEXT GENERATION...
Diabetic conditions
GLYSIKOT GRANULE
ADD TASTE TO YOUR LIFE AGAIN...
Respiratory tract disorders
RESPIKOT TABLET
BREATHE UNHINDERED...
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
ESTD 1902
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com

## *വിമർശനം വസ്തുനിഷ്ഠമാവണം*

**ആപ്തയുടെ മെയ്‌ലക്കത്തിൽ** ഡോ.ഹരിറാം എഴുതിയ എവിഡൻസ് ബേസ്ഡ് മെഡിക്കൽ ട്രീറ്റുമെന്റ് എന്ന ലേഖനവും അതിന് ജൂൺ ലക്കത്തിൽ ഡോ. ജി.അനിൽകുമാറിന്റെ പ്രതികരണവും (മധുമേഹത്തിന് മറുമരുന്ന്) മാണ് ഈ കത്തിനാധാരം. ഡോ. ഹരിറാമിന്റെ ലേഖനത്തിന് മറുപടി എഴുതിത്തുടങ്ങിയ ഡോ. അനിൽകുമാർ യഥാർത്ഥത്തിൽ ഡോ. ഹരിറാമിൻരെ അഭിപ്രായങ്ങൾക്ക് തുടർച്ചയായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഹരിറാം യഥാർത്ഥത്തിൽ മുന്നോട്ടുവച്ചത് പാശ്ചാത്യശാസ്ത്രത്തിന്റെ പഠന-പരീക്ഷണ രീതിശാസ്ത്രം ആയുർവേദത്തിൽ നടപ്പാക്കണമെന്നാണ്. എന്നാൽ അനിൽകുമാർ ഇതേക്കുറിച്ച് യാതൊന്നും പറയാതെ അലോപ്പതി ഡോക്ടർമാർ ആയുർവേദ മരുന്നുകൾ കുറിച്ചുകൊടുക്കുന്നതിൽ കുണ്ഠിതപ്പെടുകമാത്രമാണ് ചെയ്യുന്നത്. വൈദ്യശാസ്ത്രമേഖലയിലെ ആശയപരമായ വൈജാത്യങ്ങളെ കേവലം അലോപ്പതി ഡോക്ടർമാർ ആയുർവേദമരുന്ന് കുറിച്ചുകൊടുക്കുന്നതിനെയോ തിരിച്ച് ആയുർവേദ ഡോക്ടർമാർ അലോപ്പതി മരുന്നുകൾ ഉപദേശിക്കുന്നതിന്റെയോ തർക്കങ്ങളിൽ ചുരുക്കി ഉപരിപ്ലവമായി വിലയിരുത്തുന്നത് ആശാസ്യമല്ല. രോഗികൾക്ക് പ്രാഥമിക ചികിത്സാസേവനം നൽകുന്നതിൽ ആയുർവേദഡോക്ടർമാർ എവിടെ നിൽക്കുന്നു എന്ന് സ്വയം പരിശോധിക്കണം. ഡോ.ഹരിറാം 'ശാസ്ത്രം' 'ശാസ്ത്രീയത' എന്നൊക്കെ പരാമർശിക്കുമ്പോൾ പാശ്ചാത്യരീതി കുറ്റമറ്റതാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതും ആ രംഗത്തുള്ളവർതന്നെ പൂർണ്ണമായി അംഗീകരിക്കാൻ സാധ്യതയില്ല. ആയുർവേദം സൂക്ഷമതലത്തിൽ പഠിക്കുമ്പോൾ ചികിത്സയെ ഹേതുവിപരീതം, വ്യാധിവിപരീതം, ഹേതുവ്യാധിവിപരീതം, തദർത്ഥകാരി. തുടങ്ങി ആധുനിക ശാസ്ത്രത്തിന്കൂടി അനുഗുണമായി നിൽക്കുന്ന വീക്ഷണങ്ങൾ അടങ്ങിയതാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇവിടെ വൈദ്യസമ്പ്രദായങ്ങളെ വ്യത്യസ്ത കള്ളികളിലായിതിരിക്കുന്നത് വൈദ്യന്മാരല്ല, തിരശീലയ്ക്ക് പിന്നിലുള്ളവരാണെന്ന യാഥാർത്ഥ്യം നാം കണ്ടേമതിയാവൂ. ആധുനികകാലത്ത് ആയുർവേദവിദ്യാഭ്യാസ പ്രചരണത്തിന് ഔഷധ വിപണിയുടെ കച്ചവട സാധ്യതകൾ കൂടി കാരണമായിട്ടുണ്ട്. വിപണിയെ നിലനിർത്തേണ്ട വൈദ്യന്മാർ ജനങ്ങളുടെ പ്രാഥമിക ആരോഗ്യ ചികിത്സയിൽ പങ്കാളികളാവണമെന്നൊന്നും അതിന്റെ വക്താക്കൾ ആഗ്രഹിക്കുകയില്ലല്ലോ?

ഗവ. ആയുർവേദ ഡോക്ടർമാരെക്കുറിച്ച് ഡോ. അിനിൽകുമാർ പരാമർശിച്ചതും കുറച്ചു കടന്നുപോയി എന്ന് പറയാതെ വയ്യ. ഇന്ന് കേരളത്തിലെ സാധാരണക്കാരനും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗത്തിന് ആയുർവേദ ചികിത്സ നൽകുന്നവർ ഇവരാണ്. നമ്മുടെ ശാസ്ത്രത്തിന്റെ ജനകീയത കുറ്റിയറ്റുപോകാതെ സംരക്ഷിക്കുന്ന ഗവ. ഡോക്ടർമാരെ ആവശ്യത്തിനും അനാവശ്യത്തിനും വിമർശിക്കുന്നത് ഒരു വിനോദമായി ആരും കൊണ്ടുനടക്കാതിരിക്കുക. *ഡോ.എസ്. ജയരാജ് ഹരിപ്പാട്*

### അച്ചടിപ്പിശകുകൾ

**ആപ്തയിൽ അച്ചടിപ്പിശകുകൾ** കടന്നുകൂടന്നത് പരിഹരിക്കാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ പ്രൊഫഷണലായ ഒരു പ്രസിദ്ധീകരണമായി നമ്മുടെ മാസിക മാറേണ്ടതുണ്ട്. ജൂൺ ലക്കത്തിലെ മുഖചിത്രം വർഷഋതു സ്പെഷ്യൽ ഫീച്ചർ വായിച്ച അനുഭവം നൽകി. ഡോ. ഷിബു മണ്ണാർക്കാടിനും ആപ്തയ്ക്കും അഭിനന്ദനങ്ങൾ

*ഡോ. സുധീഷ് ഇരുളം, വയനാട്*


Rediscovered Formulations from
CLASSICAL TEXTS
UNNIMOOSS
SERIES
Unnimooss Series Products
Balasaireyakadi Kashayam
Ref: Arogyakalpadrumam
Indication: Aphonia, Dysarthria, Bulbar Palsy, MND, Alzheimer's Disease, Parkinson's Disease
Hamsapadiadi Kashayam
Ref: Bhavaprakasam
Indication: Hypothyroidism, Goitre, Weight Gain, Heaviness
Kalyanakam Kashayam
Ref: Ashtangahrudayam
Indication: Epilepsy, Speech disorders, Dementia, Mental Retardation, Cardiac Arrhythmia, Sub fertility, Mood disorder, Alzheimer's disease, Dysphonia, Stutter
Chuvanna Kuzhambu
Ref: Arogyakalpadrumam
Indication: Onicocriptosis, Nail bed infection and improper growth and texture of nails.
Ashtavaidyan Thrissur Thaikat Mooss'
SNA Oushadhasala Pvt. Ltd.
Since 1920
Moosspet Road, Thrissur, Kerala, India - 680 005
Tel : 0487 - 2420948, 2441948
mail@thaikatmooss.com, www.thaikatmooss.com

**പ്രതികരണങ്ങൾ**

# സർക്കാർ ഡോക്ടർമാരും ആയുർവേദ വികസനവും

*ഡോ.അരുൺകുമാർ കണ്ണൂർ*

**കേരളത്തിൽ ആയുർവേദത്തിന്റെ** സർക്കാർ സർവീസിന് ഒരു ജനകീയമുഖം കൈവന്നത് ജനകീയാസൂത്രണ വികസന പരിപാടിയോടു കൂടിയാണ്. പലചരക്ക് കടയുടെയും, ഹോട്ടലുകളുടെയും പിറകുവശത്ത് ആരാലും ശ്രദ്ധിക്കപ്പെടാതെ അസൗകര്യങ്ങൾ സൗകര്യങ്ങളാക്കി പ്രവർത്തിച്ചുവന്ന ആയുർവേദ സ്ഥാപനങ്ങൾ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ, ഫർണ്ണീച്ചർ, പരിശോധനാ ഉപകരണങ്ങൾ, ലക്ഷക്കണക്കിന് രൂപയുടെ ഔഷധങ്ങൾ എന്നീ സൗകര്യങ്ങളോടുകൂടി ഇന്ന് കാണുന്ന സ്ഥിതിയിലേക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞത് സർക്കാർ ഡോക്ടർമാരുടെ അർപ്പണമനോഭാവവും സേവന സന്നദ്ധതയും ഒന്നുകൊണ്ട് മാത്രമാണ്. മേലധികാരിയുടെയോ പഞ്ചായത്ത് അധികാരികളുടെയോ കർശനമായ ഒരു ഉത്തരവും ഉണ്ടായിട്ടല്ല ഡോക്ടർമാർ ഇതൊക്കെ ചെയ്തുതീർത്തത് അവരുടെ മനസ്സിലുണ്ടായിരുന്ന ഈ ചികിത്സാശാസ്ത്രത്തിന്റെ വരാൻപോകുന്ന വസന്തകാലം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് അവരോരുത്തരും ചെയ്തത്. ഇതോടൊപ്പംതന്നെ സർക്കാർതലത്തിലും പ്രൈവറ്റ് തലത്തിലുമുള്ള പുതിയതലമുറയിലെ ഡോക്ടർമാരെ കൂടുതൽ ചികിത്സാ പ്രാവീണ്യരാക്കുക എന്ന ഉദ്ദേശത്തോടുകൂടി മെഡിക്കൽ ഓഫീസർമാരും കോളജ് അധ്യാപകരും സംസ്ഥാനത്തുടനീളം CMEകളും വർക്ക്ഷോപ്പുകളും നടത്താൻ നേതൃത്വം കൊടുത്തുവരുന്നുണ്ട്. കൂടാതെ ആയുർവേദ കോളേജുകളിലും അനേകം ഡിസ്പൻസറികളിലും ആശുപത്രികളിലും കഴിഞ്ഞ 15 വർഷങ്ങളായി വിവിധയിനം ചികിത്സാപദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നുമുണ്ട്. ഔഷധവിതരണം, യോഗപരിശീലനപരിപാടി, ഔഷധത്തോട്ടനിർമ്മാണം, ഔഷധസസ്യ പ്രചരണം എന്നിവയും അതോടൊപ്പം തന്നെ ആരോഗ്യസംരക്ഷണത്തിൽ ആയുർവേദത്തിനുള്ള അനന്തസാധ്യതകൾ ജനങ്ങളിലെത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവിധതരം സ്പെഷ്യാലിറ്റി ക്ലിനിക്കുകളും നടത്തിവരുന്നതുവഴി. കൂടുതൽ ജനവിഭാഗങ്ങളെ ആയുർവേദ ചികിത്സയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഗുണഫലം ലഭിച്ചത് കേരളത്തിലെ സർക്കാർ–സ്വകാര്യ വ്യത്യാസമില്ലാതെ എല്ലാ ആയുർവേദ ഡോക്ടർമാർക്കുമാണ്.

ഈയൊരു സാഹചര്യത്തിൽ പാരിറ്റി എന്ന വിഷയം പരിശോധിച്ചാൽ കേരളത്തിൽ മുൻകാലങ്ങളിൽ എല്ലാ ചികിത്സാവിഭാഗങ്ങളിലും ജോലിചെയ്യുന്ന ഡോക്ടർമാർക്കും തുല്യ ശമ്പളം നൽകിക്കൊണ്ട് സർക്കാർ എല്ലാ ചികിത്സാരീതികൾക്കും തുല്യപരിഗണന നൽകുന്നു എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്തത്. എന്നാൽ ഈയടുത്തകാലത്തായി അലോപ്പതി വിഭാഗത്തിന്റെ ശമ്പളംഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ട് ആയുർവേദം രണ്ടാംതരം ചികിത്സാരീതിയാണെന്ന രീതിയിലേക്ക് കാര്യങ്ങൾ നീങ്ങുകയും ഈ അവഗണന സർക്കാർ ഡോക്ടർമാർ നാളിതുവരെയായി ചെയ്തുവരുന്ന വികസനപ്രവർത്തനങ്ങളിൽ നിന്നും അവരെ പിന്നോട്ട് നയിക്കാൻ കാരണമായിട്ടുണ്ട്. കൂടാതെ ശമ്പളതുല്യത എന്നത് കേവലം രൂപയുടെ കണക്കിൽ കാണാതെ നമ്മുടെ നാടിന്റെ സ്വന്തം ചികിത്സാരീതിയെന്ന നിലയിൽ അത് കൈകാര്യം ചെയ്യുന്നവരുടെ ആത്മാഭിമാന സംരക്ഷണം എന്ന രീതിയിൽ കാണേണ്ടതുണ്ട്. അതോടൊപ്പം ആയുർവേദ ശാസ്ത്രത്തിന്റെ അഭിമാന സംരക്ഷണം കൂടിയാണത്. അതുകൊണ്ടാണ് പാരിറ്റിക്കുവേണ്ടി സർക്കാർ ഡോക്ടർമാർ നടത്തിവരുന്ന സമരത്തിന് എ.എം.എ.ഐ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളത്.

ജനകീയസമരം എന്ന രീതിയിൽ എ.എം.എ.ഐ നടത്തിയിട്ടുള്ളത് വ്യാജവൈദ്യവിരുദ്ധ സ

മരമാണ്. ഈ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തിയ മാർച്ചിലും ധർണ്ണയിലും പങ്കെടുത്തവരിൽ പലസ്ഥലത്തും സർക്കാർ ഡോക്ടർമാരായിരുന്നു കൂടുതലും. സംസ്ഥാനത്തിന്റെ പലഭാഗത്തും എ.എം.എ.ഐ പ്രവർത്തനം മുടക്കം കൂടാതെ മുന്നോട്ട് പോവുന്നതിലും സർക്കാർ ഡോക്ടർമാരുടെ സാന്നിദ്ധ്യം ഒരു പ്രധാന ഘടകമാണ്. ഈ സാഹചര്യത്തിൽ കഴിഞ്ഞലക്കം ആപ്തയിൽ ഡോ. ജി.അനിൽകുമാർ എഴുതിയ പ്രതികരണ(മധുമേഹത്തിന് മധുരമരുന്ന്)ത്തിൽ സർക്കാർ ഡോക്ടർമാരെക്കുറിച്ചുള്ള പരാമർശം അനവസരത്തിലുള്ളതും വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ഡോ. അനിൽകുമാറിനെപ്പോലുള്ള ഡോക്ടർമാർ തന്റെ സമയം എ.എം.എ.ഐ പ്രവർത്തനങ്ങളിൽ വിനിയോഗിക്കുന്നുണ്ട് എന്നത് ശരിതന്നെ. എന്നാൽ ചില സ്വകാര്യ ഡോക്ടർമാർ സംഘടനയിലൊന്നും വിലയ കാര്യമില്ല എന്ന് പറഞ്ഞ് സ്വന്തം കാര്യം മാത്രം നോക്കി പോവുന്നവരുണ്ട്. ഇവരെ ചൂണ്ടിക്കാട്ടി സ്വകാര്യ ഡോക്ടർമാരെല്ലാം മടിയന്മാരാണെന്ന് പറഞ്ഞാൽ ആർക്കും അംഗീകരിക്കാൻ കഴിയില്ല. ഇനിയെങ്കിലും നമ്മൾ കാറ്റഗറിതിരിച്ചുള്ള ഭാഗംവെയ്പ്പുകളും പോർവിളികളും അവസാനിപ്പിച്ച് ആയുർവേദത്തിന്റെ വിവിധ തലത്തിൽ പ്രവർത്തിക്കുന്നവർ എന്ന ബോധത്തോടുകൂടി ആയുർവേദക്കാരൻ എന്ന ബോധത്തിലേക്ക് ഉയരണമെന്ന് അഭ്യർത്ഥിക്കുന്നു.

## വാർത്തകൾ.... വാർത്തകൾ

### സാംപിട്രോഡ മിഷനിൽ എ.എം.എ.ഐ പ്രതിനിധി

കേരളത്തിൽ ആയുർവേദ വികസനത്തിനായി രൂപീകരിച്ച സാംപിട്രോഡ മിഷനിൽ എ.എം.എ.ഐ പ്രതിനിധിയായി സംസ്ഥാന പ്രസിഡണ്ട് ഡോ.ജി.വിനോദ്കുമാറിനെ ഉൾപ്പെടുത്തി. 13.07.12ന് ഇതുമായി ബന്ധപ്പെട്ടുനടന്ന യോഗത്തിൽ പബ്ലിക്ക് ഹെൽത്ത് സംബന്ധിയായ എ.എം.എ.ഐ 23.06.12ന് നടത്തിയ വിഷൻ കോൺക്ലേവിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. വിശദമായ പ്രവർത്തന പരിപാടികൾക്ക് അടുത്തയോഗം രൂപംനൽകും.

### കോട്ടക്കൾ ആയുർവേദ കോളജും മലബാർ കാൻസർ സെന്ററും കാൻസർ ഗവേഷണത്തിൽ സഹകരിക്കുന്നു.

കാൻസർ ചികിത്സയിൽ പുതിയ പഠന-ഗവേഷണങ്ങൾക്കായി കോട്ടക്കൽ ആയുർവേദ കോളേജും തലശ്ശേരി മലബാർ കാൻസർ സെന്ററും ഒന്നിക്കുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി രാജീവ് സദാനന്ദൻ മുൻകൈയ്യുടുത്ത് നടത്തുന്ന പ്രവർത്തനങ്ങളിൽ ബ്രസ്റ്റ് കാൻസർ, ഹെഡ് ആന്റ് നെക്ക് കാൻസർ, ലംഗ്സ് കാൻസർ, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിലാണ് പഠനപ്രവർത്തനങ്ങൾനടക്കുക. മലബാർ കാൻസർ സെന്റർഡയരക്ടർ ഡോ.ബി.സതീഷ്, ഡോ.എം.എസ്.ബിജി, ഡോ.ശാന്തംഎന്നിവരും ശ്രീ.എം.ബാലകൃഷ്ണക്കുറുപ്പ് (KASRS),ആർ.ഹരി(KASRS), ഡോ. എം.പി. ഈശ്വര ശർമ്മ (പ്രിൻസിപ്പൾ), ഡോ.പി.ഇ.പ്രേമ (വൈസ് പ്രിൻസിപ്പാൾ), ഡോ.സി.ജയദേവൻ (ആശുപത്രി സൂപ്രണ്ട്), ഡോ. കിരാതമൂർത്തി, ഡോ.ബീനാറോസ്,ഡോ.മനോജ്കുമാർ.എ.കെ, ഡോ. ബിന്ദു എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

### അഷ്ടാംഗഹൃദയ സ്വാദ്ധ്യായം

അഷ്ടാംഗഹൃദയ അദ്ധ്യയനസംഘത്തിന്റെ മേൽനോട്ടത്തിൽഎല്ലാ രണ്ടാമത്തെ ഞായറാഴ്ചയും നടത്തുന്ന അഷ്ടാംഗഹൃദയ സ്വാദ്ധ്യായത്തിലേക്ക്ആയുർവ്വേദ ഡോക്ടർമാർക്കും വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.ഡോ.സി.എം.ശ്രീകൃഷ്ണൻ, റിട്ട.പ്രൊഫ.ആയുർവ്വേദകോളേജ്, കോട്ടക്കൽ സ്വാദ്ധ്യായത്തിനുനേതൃത്വം നൽകുന്നതാ ണ്. കൂടുതൽവിവരങ്ങൾക്കും നിയമാവ ലിയ്ക്കും സ്റ്റാമ്പ് ഒട്ടിച്ച കവർ സഹിതം ബന്ധപ്പെടുക.

ഡോ.റിൻസിത.പി.,ധന്വന്തരി ആയുർവേദഭവൻ
പട്ടാമ്പിറോഡ്, നെല്ലുവായ്, പാലക്കാട് – 680584
ഫോൺ: 09447726641, 8943039962

## സി.സി.ഐ.എം. വാർത്തകൾ
## ഡോ. വേദ പ്രകാശ് ത്യാഗി പുതിയ സി.സി.ഐ.എം. പ്രസിഡണ്ട്



**സി.സി.ഐ.എം. അധ്യക്ഷ സ്ഥാന ത്തേക്ക്** 2012 ജൂലായ് 5ന് നടന്ന തെരെഞ്ഞെടുപ്പിൽ 69 വോട്ടുകൾ നേടി ഡോ. വേദ പ്രകാശ് ത്യാഗി തെരഞ്ഞെടുക്കപ്പെട്ടു. നിലവിലുള്ള പ്രസിഡണ്ട് ഡോ. രഘുനന്ദൻ ശർമ്മയ്ക്ക് 26 വോട്ടുകൾ ലഭിച്ചു. നിലവിൽ കൗൺസിൽ വൈസ് പ്രസിഡണ്ടായിരുന്നു ഡോ. വി.പി. ത്യാഗി.

### ആയുഷ് സെക്രട്ടറി ശ്രീ.അനിൽകുമാറുമായി സി.സി.ഐ. എം അംഗങ്ങൾ ചർച്ച നടത്തി

ആയുർവേദ മേഖലയിൽ കേരളം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ആയുഷ് സെക്രട്ടറിയുമായി കേരളത്തിലെ സിസിഐഎം. അംഗങ്ങൾ ഡോ. വിജി. ഉദയകുമാറും ഡോ.റാംമോഹനും ജൂലൈ 6ന് ഡൽഹിയിൽ ചർച്ച നടത്തി. ആയുർവേദ കോളേജിലെ അധ്യാപകരുടെ എണ്ണം കുറക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എ.എംഎ.ഐ യുടെ നിവേദനം സെക്രട്ടറിക്ക് നൽകി. പ്രസ്തുത പ്രശ്നം സംബന്ധിച്ച് കേരളത്തിലെ കോളേജുകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സെക്രട്ടറിയെ ബോധ്യപ്പെടുത്തി. 2009ൽ കൗൺസിൽ നൽകിയ ശുപാർശ അനുസരിച്ചാണ് ഇപ്പോൾ നിബന്ധനകൾ ഉണ്ടാക്കിയിട്ടുള്ളതെന്നും ഇപ്പോഴുള്ള 35 അധ്യാപകർ തന്നെ അധികമാണെന്നും, ഒരു അധ്യാപകന് ദിവസം 2 മണിക്കൂർ പോലും ക്ലാസ് ഇന്നത്തെ അവസ്ഥയിൽ ഇല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആയുർവേദ അധ്യാപകരുടെ ആശുപത്രി ഡ്യൂട്ടി പരിഗണിക്കാതെയാണ് ഈ കണക്ക് ഉണ്ടാക്കിയിട്ടുള്ളത് എന്ന സംഘടനയുടെ വാദം അദ്ദേഹം അംഗീകരിച്ചു. കേരളം ഒഴികെയുള്ള സ്ഥലങ്ങളിൽ ക്ലിനിക്കൽ സൗകര്യങ്ങൾ വേണ്ടത്രയില്ലാത്തതിനാൽ അധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്നതിൽ അതു വേണ്ടവിധത്തിൽ പരിഗണിച്ചിട്ടില്ല എന്ന് അദ്ദേഹം സമ്മതിച്ചു. എന്നാൽ എറ്റവും നല്ലനിലയിൽ പ്രവർത്തിക്കുന്ന കോളേജുകൾ അടിസ്ഥാനമാക്കി മിനിമം സ്റ്റാന്റേർഡ് നിശ്ചയിക്കുവാൻ കഴിയില്ലെന്നും ആവശ്യാനുസരണം അദ്ധ്യാപകരെ നിയമിക്കുന്നതിന് യാതൊരു തടസ്സമുമില്ലെന്നും കൂട്ടിച്ചേർത്തു. എന്നാൽ സംസ്ഥാനസർക്കാരുകൾ സർക്കാർ എയ്ഡഡ് കോളേജുകളിൽ മിനിമം സ്റ്റാന്റേഡ് പ്രകാരമുള്ള തസ്തികകൾ മാത്രമേ അനുവദിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ ഒരു പുനഃപ്പരിശോധന ആവശ്യമാണെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു.

ഈ വർഷം കേരളത്തിലെ 9 കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും 6 കോളേജുകൾ കൂടി പരിഗണനയിലുണ്ടെന്നും ഒരു കോളേജിന് അംഗീകാരം നിഷേധിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. എല്ലാ വർഷവും ആയുഷിന്റെ അംഗീകാരം വൈകുന്നതുമൂലം പൊതുപ്രവേശനപ്രക്രിയയിൽ താൽപര്യമുള്ള മിടുക്കരായ വിദ്യാർത്ഥികൾക്ക് ആയുർവേദം തെരെഞ്ഞെടുക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നുണ്ടെന്ന് അംഗങ്ങൾ സെക്രട്ടറിയെ അറിയിച്ചു. അത്



*കേരളത്തിൽ നിന്നുള്ള കേന്ദ്രസർക്കാർ നോമിനിയായി സി.സി.ഐ. എംലേക്ക് ഡോ.എം. ആർ വാസുദേവൻ നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു*



*സി.സി.ഐ.എം ലെ രജിസ്ട്രേഷൻ കമ്മറ്റി വൈസ്ചെയർമാനായി ഡോ.റാം മോഹൻ തിരഞ്ഞെടുക്കപ്പെട്ടു*

ELEGANT & DURABLE @ AFFORDABLE




ANJANEYA AYURVEDA HOSPITAL EQUIPMENTS

SSI Reg No . 321314148

VAVVAKKAVU, VARAVILA P.O., KARUNAGAPPALLY, KOLLAM DT, KERALA

PIN 690 528. PH : 0476 - 2690393

Mob : 09447894944

വേഗത്തിലാക്കുന്നതിന് വേണ്ട നടപടികൾ കൈകൊള്ളുന്നതാണെന്ന് അദ്ദേഹം ഉറപ്പുനൽകി. വിദ്യാഭ്യാസമേഖലയിൽ മിനിമം സ്റ്റാന്റേഡ്സ് നിശ്ചയിക്കുന്നതിൽ കഴിഞ്ഞ 42 വർഷമായി തുടർന്ന അനിശ്ചിതാവസ്ഥ താൻ അവസാനിപ്പിച്ചതായി അദ്ദേഹം അവകാശപ്പെട്ടു. അതോടൊപ്പം തന്റെ ശക്തമായ നിലപാടുകൊണ്ടാണ് എല്ലാ സംസ്ഥാനങ്ങളും കൗൺസിലിലേക്ക് തെരഞ്ഞെടുപ്പു നടത്താൻ നിർബന്ധിതമായതെന്നും അദ്ദേഹം പറഞ്ഞു.

**കേരളത്തിൽ ആയുഷ് വകുപ്പ് ആരംഭിക്കുന്നതു സംബന്ധിച്ച്:-** ഈ വിഷയം സംസ്ഥാന ആരോഗ്യവകുപ്പു സെക്രട്ടറിയുമായി ചർച്ചനടത്തുന്നതാണെന്ന് അദ്ദേഹം ഉറപ്പുനൽകി. മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഇക്കാര്യത്തിൽ അനുകൂല തീരുമാനം എടുക്കുമെന്നാണ് തന്റെ പ്രതീക്ഷയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**RSBY യിൽ ആയുർവേദം ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്:** ഇക്കാര്യത്തിൽ ഇൻഷുറൻസ് റഗുലേറ്ററി അതോറിറ്റിയുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് ആയുഷ് സെക്രട്ടറി അറിയിച്ചു. അതോടൊപ്പം ഡിഫൻസിൽ ആയുർവേദം ഉൾപ്പെടുത്തുന്നതിന് വേണ്ട പരിശ്രമം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്ന് അംഗങ്ങൾ അഭ്യർത്ഥിച്ചു. ആയുഷ്വകുപ്പ് സെക്രട്ടറിയെ കൂടാതെ മുൻ ആയുഷ് സെക്രട്ടറി ശ്രീമതി. എസ് ജലജ, ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് ഫൗണ്ടേഷൻ ഡയറക്ടർ ശ്രീ.വി.ആർ.രാമൻ, ആയുഷ് ഡെപ്യൂട്ടി അഡ്വൈസർ ഡോ. രഘു എന്നിവരുമായും സിസിഐഎം. അംഗങ്ങളായ ഡോ. കെ. ജി. വിശ്വനാഥൻ, ഡോ. റാംമോഹൻ, ഡോ. ഉദയകുമാർ എന്നിവർ ചർച്ചനടത്തി. കേരളം ആവശ്യപ്പെട്ടാൽ കേരളത്തിൽ ഒരു പബ്ലിക് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ കഴിയുമെന്ന് ശ്രീ. രാമൻ അഭിപ്രായപ്പെട്ടു. ആയുർവേദത്തിൽ പൊതുജനാരോഗ്യരംഗത്ത് വൻസാധ്യതകളാണുള്ളത്. അതു പ്രയോജനപ്പെടുത്തുന്നതിന് മതിയായ ഗവേഷണവും ആസൂത്രണവും സമന്വയിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ദക്ഷിണാഫ്രിക്കയിൽനിന്നും പൊതുജനാരോഗ്യത്തിൽ ബിരുദാനന്തരബിരുദമെടുത്തിട്ടുള്ള ശ്രീ. വി.ആർ രാമൻ തൃശ്ശൂർ ചേലക്കര സ്വദേശിയാണ്.

***പത്തനംതിട്ട***

**പുതിയതായി പഠിച്ചിറങ്ങിയ ജൂനിയർ ഡോക്ടർ മാർക്ക്** ആയൂർവ്വേദ ഹോസ്പിറ്റലുകളിൽ പ്രാക്ടീസ് ചെയ്ത് പഠിക്കുന്ന വിദ്യാഭ്യാസ പരിപാടി പത്തനംതിട്ട ജില്ലയിൽ തുടക്കം കുറിച്ചു. AMAI Pathanamthitta District President Dr.OommenMathew Ambolil ലിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ AMAI womence SubCommitte, State Convener, Dr.Usha.K. Puthumana ഉത്ഘാടനം ചെയ്തു.

**പഠനംനടത്താൻ സൗകര്യമുള്ള ആശുപത്രികൾ**

1. Dr. Oommen Mathew, Ambolil Ayurveda Research Centre & Panchakarma Hospital, Puthuval, Pathanapuram. 9446035822
2. Dr. Ram mohan Veda Ayurveda Hospital , Omalloor, Pathanamthitta. 9447023085
3. Dr.LijuMathew , Elappunkal, Vennikkulam, Thiruvalla, 9447285437
4. Dr.Biju.P.S, Sreevedha Nursing Home, Kozhencherry 0468 2211174, 9447027794
5. Dr.SajeeshKumar,AswiniAyurveda Hospital, Pazhavangadi, Ranny 9447269868
6. Dr. G. Anandan,GVM Hospital, Udaya Jn., Kalanjoor- 9947320871
7. Dr. Anup, Sreebharath Ayurvedam, Koodal, 9946661101
8. Dr.Viswanathan K.P, Amrutha Arya Drugs, Murinjakal-9447185568
9. Dr.R.Pradeep, Nagarjuna, Koduman 9447018755
10. Dr.Geetha,Oushadi&Kottakkal Aryavaidyasala,Parakkod, 9447861544

***മലപ്പുറം***

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എ.എം.എ.ഐ.) മലപ്പുറം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ഏരിയകളിൽ സി.എം.ഇ. സംഘടിപ്പിച്ചു. 6-5-2012 ന് പൊന്നാനി അഭയയിൽ വെച്ച് നടന്ന സി.എം.ഇ. മലപ്പുറം ജില്ലാ എ.എം.എ.ഐ. പ്രസിഡ് ഡോ: കെ. ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു. Uttara vasthi. An innovate treatment in Gynaecological disorders എന്ന വിഷയത്തിൽ ഡോ: എം. സവിദ്യ (മെഡിക്കൽ ഓഫീസർ ഗവ:ആയുർവേദ ഹോസ്പിറ്റൽ, വടകര) ക്ലാസെടുത്തു. പൊന്നാനി ഏരിയാ പ്രസിഡ് ഡോ: സിജിൻ അദ്ധ്യക്ഷത വഹിച്ചു. ഡോ: മൻസൂർ ഗുരുക്കൾ, ഡോ: ഇ. ഗോവിന്ദൻ, ഡോ: അബ്ദുള്ളക്കുട്ടി കൊലക്കാട്, ഡോ: കെ.


Fortified gulguluthikthaka gritham
in capsule form
Anti-infective, anti-inflammatory, anti-periodic,
immunomodulator, mild laxative.
No bitterness, no melting required.
KERALA
ayurveda
wellness, naturally.
GT CAPSULE
FORTIFIED GULGULUTHIKTHAKA GHRITHAM CAPSULES
AYURVEDIC PROPRIETARY MEDICINE
• Ideal substitute to Gulguluthikthaka ghritham.
• No bitterness and no melting required.
• Anti-infective, anti-inflammatory, anti-periodic, immunomodulator, mild laxative.
Indication:
For treatment of Osteoarthritis, Osteoporosis, Hyperlipidaemia, Rheumatoid diseases, non-healing ulcers, skin diseases.
Dosage:
1 - 2 capsules twice daily or as directed by physician.
KERALA
ayurveda
Kerala Ayurveda Ltd. - Registered Office: Athani, Aluva 683 585, Kerala, INDIA. Tel: 0484 247 6301/02/03/04.
Fax: 0484 247 4376. email: info@keralaayurveda.biz
Corporate Office: Kerala Ayurveda Ltd., 1134, 1st floor, 100 feet Road, HAL 2nd Stage, Indira Nagar, Banglore - 560 008.
Tel: +91 80 41808000 Fax +91 80 41808030. www.keralaayurveda.biz

കെ.സാവിത്രി, ഡോ:പി.എം.രവീന്ദ്രൻ, ഡോ: കെ.കെ.സുലൈമാൻ, ഡോ:സെയ്ത് മുഹമ്മദ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ: ഹരി സ്വാഗതവും, ഡോ: ശ്രീജാറാണി നന്ദിയും പറഞ്ഞു.

24-6-2012ന് മഞ്ചേരി വുഡ്ബൈ ഹാളിൽ വെച്ച് നടന്ന സി.എം.ഇ. മലപ്പുറം ജില്ലാ എ.എം.എ.ഐ. പ്രസിഡ് കെ. ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു. Cancer Immuno Biology എന്ന വിഷയത്തിൽ നടന്ന സി.എം.ഇ. ഡോ: സുൽഫീക്കർ അഹമ്മദ് (എ.ഐ.എം.എസ്. എറണാകുളം) ക്ലാസെടുത്തു. ഏരിയാ പ്രസിഡ് ഡോ: കെ.കെ.സുലൈമാൻ അദ്ധ്യക്ഷത വഹിച്ചു. ഡോ: ഇ. ഗോവിന്ദൻ, ഡോ: സത്യനാഥൻ, ഡോ: പി.എ.രവീന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ: ബീർമസ്താൻ സ്വാഗതവും ഡോ: പ്രിൻസി ആന്റോ നന്ദിയും പറഞ്ഞു.

1-7-2012ന് തിരൂർ പി.എസ്.എം. ആർക്കേഡിൽ നടന്ന സി.എം.ഇ. മലപ്പുറം ജില്ലാ എ.എം.എ.ഐ. പ്രസിഡ് ഡോ: കെ. ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു. Rare Classical Yogas in Ashtavaidya and Aryvaidya Tredition എന്ന വിഷയത്തിൽ നടന്ന ക്ലാസ്സിൽ ഡോ: രാമൻകുട്ടി വാര്യർ (Technical Consultant, Vaidyaratna Oushadhasala, Trissur) ക്ലാസ്സെടുത്തു. ഏരിയാപ്രസിഡ് ഡോ:പി.എം.രവീന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. ഡോ:മൻസൂറലി ഗുരുക്കൾ, ഡോ:കെ.കെ.സുലൈമാൻ, ഡോ: സെയ്തുമുഹമ്മദ്, ഡോ:ജിഗീഷ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഡോ: നിഷീദ് സ്വാഗതവും ഡോ: അനിത ജയപ്രകാശ് നന്ദിയും പറഞ്ഞു.

**WORK SHOP ON SNEHAPAANA**

Date: 21 & 22 of August 2012

***Organizer:*** Department of Panchakarma, V P S V Ayurveda College Kottakkal

***Registration Fees*** : Rs.750 (workshop kit &lunch)

***Eligibility***: Doctors working in hospitals only

***Last Date***: 10/082012, No spot registration

***Send DD in favour of*** :'PanchakarmaKotta kkal' payable at Kottakkal.

*Please visit*: kottakkalayurveda college.ac.in

*Contact Nos. 9447997436, 9895201635, 9961732125*

***ആലപ്പുഴ***

### ആയൂർവേദ പഞ്ചകർമ്മ ആശുപത്രിക്ക് മുഖ്യമന്ത്രി തറക്കല്ലിട്ടു

കേന്ദ്രസർക്കാർ ആയൂഷ് വകുപ്പ് സെന്റർ ഓഫ് എക്സലൻസ് സ്കീമിൽ അനുവദിച്ച അഞ്ചുകോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന ആലപ്പുഴ ആയൂർവേദ പഞ്ചകർമ്മ ആശുപത്രിക്ക് 8.7.2012 ഞായറാഴ്ച മുഖ്യമന്ത്രി ശ്രീഉമ്മൻചാണ്ടി തറക്കല്ലിട്ടു. പൊതുയോഗം കേന്ദ്രഊർജ്ജ വകുപ്പ് സഹമന്ത്രി ശ്രീകെസിവേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ആരോഗ്യവകുപ്പ് മന്ത്രി അഡ്വവിഎസ്ശിവകുമാർ അദ്ധ്യക്ഷത വഹിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ. അനിതാ ജേക്കബ്ബ് സ്വാഗതം ആശംസിച്ചു.

ജില്ലാ കളക്ടർ ശ്രീ.വി. വേണുഗോപാൽ നഗരസഭാ ചെയർപേഴ്സൺ ശ്രീമതി മേഴ്സി ടീച്ചർ, വാർഡ് കൗൺസിലർ ശ്രീബഷീർ കോയപറമ്പിൽ, ഡോറോയിബിഉണ്ണിത്താൻ (മോണിറ്ററിംഗ് കമ്മിറ്റിഅംഗം AAPHOS)പ്രമുഖ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ യോഗത്തിൽ ആശംസകൾരേഖപ്പെടുത്തി. ഡോഷെർളി മാത്യു (ഡി.എം.ഒ.ഇൻചാർജ്ജ്-മെമ്പർ സെക്രട്ടറിAAPHOS)കൃതജ്ഞത രേഖപ്പെടുത്തി.

ആലപ്പുഴ മുൻസിപ്പാലിറ്റി അനുവദിച്ച 1.60 ഏക്കർ സ്ഥലത്താണ് കെട്ടിടം പണിയുന്നത്. കേരളസർക്കാർ നിയന്ത്രണത്തിൽ ഭാരതീയ ചികിത്സാവകുപ്പിൽ രൂപീകരിച്ച ആലപ്പുഴ ആയൂർവേദ പഞ്ചകർമ്മ ഹോസ്പിറ്റൽ സൊസൈറ്റിക്കാണ് സ്ഥാപനത്തിന്റെ നിയന്ത്രണാധികാരം. ആരോഗ്യവകുപ്പ് മന്ത്രിയാണ് സൊസൈറ്റി ചെയർമാൻ, ഗവ.ആയൂർവേദ പഞ്ചകർമ്മ ആശുപത്രി ചീഫ് മെഡിക്കൽഓഫീസർ മെമ്പർ സെക്രട്ടറിയും, ആരോഗ്യവകുപ്പ് സെക്രട്ടറി, ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ, ജില്ലാ മുൻസിപ്പൽ അധികാരികൾ തുടങ്ങിയവർ അടങ്ങുന്നതാണ് ഭരണസമിതി. സ്ഥാപനം പ്രവർത്തനമാരംഭിക്കുമ്പോൾ ആതുര ശുശ്രൂഷാരംഗത്തും ആയൂർവേദ ഗവേഷണ രംഗത്തും ടൂറിസം രംഗത്തും വൻ കുതിച്ചു ചാട്ടമാണ് പ്രതീക്ഷിക്കുന്നത്.

***കൊല്ലം***

AMAI കൊല്ലം ജില്ലാകമ്മറ്റി സംഘടിപ്പിച്ച ക്ഷാരസൂത്ര ഓറിയന്റേഷൻ കോഴ്സ് 10-06-2012-ൽ സമാപിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി

ഡോ. രജിത് ആനന്ദ് ഉത്ഘാടനം നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് ഡോ.കെ.രഘുനാഥന്റെ അ ദ്ധ്യക്ഷതയിൽ കൂടിയ യോഗം സെക്രട്ടറി ഡോ. വി.മോഹൻ സ്വാഗതംപറയുകയും, ഡോ.വി. ര ഘുനാഥൻ നായർ സംസാരിക്കുകയും, ജില്ലാ കമ്മറ്റിയുടെ ഉപഹാരം പ്രസിഡന്റ് നൽകുകയും ചെയ്തു. പഠിതാക്കളുടെ പ്രത്യേക ഉപഹാ രങ്ങൾ. ഡോ.വിജയകുമാറും, ഡോ. ശശികു മാറും നൽകുകയുണ്ടായി. അതിനോടനുബ ന്ധിച്ച്നടന്ന Fracture Management ഡോ.സൻ ജ്ജു B.A.M.S, MBBS, D.Ortho ക്ലാസ്സെടുത്തു. കോ-ഓർഡിനേറ്റർ ഡോ.സജു.വി നന്ദി രേഖ പ്പെടുത്തി.

***കുണ്ടറ ഏരിയാകമ്മറ്റി***

**DOCTORS MEET & CME PROGRAMME**

കുണ്ടറ ഏരിയാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഡോക്ടേഴ്സ് മീറ്റും സി.എം.ഇ.പ്രോഗ്രാമും ന ടത്തി. പൊതു സമ്മേളത്തിൽ ഡോ.ദിലീപ് ച ന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ഡോ.രഘുനാഥ് (ജില്ലാസെക്രട്ടറി) ഉദ്ഘാടനം നിർവഹിച്ചു. ഡോ. വർഗീസ് ജോർജ്ജ് സ്വാഗതവും, ഡോ. സംഗീത്, ഡോ. മോഹൻ, ഡോ.ഷൈലജ എ ന്നിവർ ആശംസയും അർപ്പിച്ചു. ഡോ. ശ്യാമ ളാ രാജീവ് നന്ദി പറഞ്ഞു. ഡോ. മിനി.എസ് മുരളീധരൻ (അസി.പ്രൊഫ. തിരുവനന്തപുരം ആയുർവേദ കോളജ്) ചൈൽഡ് ഇമ്മ്യൂണൈ സേഷൻ എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു.

***തിരുവനന്തപുരം***

**ഡോ.ദിലീപ് അനുസ്മരണവും**
**C.M.E. പ്രോഗ്രാമും**

AMAI ആറ്റിങ്ങൽ ഏരിയാ കമ്മിറ്റി ഡോ. ദിലീ പ് അനുസ്മരണവും, E.C.G. യെ കുറിച്ചുള്ള ഡോ. സെയ്നുലാബ്ദ്ദീന്റെ C.M.E സംഘടിപ്പി ക്കുകയുണ്ടായി. ഏരിയാ പ്രസിഡന്റ് ഡോ. ആ ത്മാറാമിന്റെ അദ്ധ്യക്ഷതയിൽ ഡോ. ആര്യയു ടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച സ മ്മേളനം ജില്ലാ സെക്രട്ടറി ഡോ. സി.എസ്. ലീ ന ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെ ക്രട്ടറി ഡോ. സന്ധ്യാകുമാരി സ്വാഗതം ആശം സിച്ചു. ഡോ. ലളിതാംബിക (AMAI വിഴിഞ്ഞം ഏര്യാ പ്രസിഡന്റ്) ഡോ. രാജപ്പൻ (ആറ്റിങ്ങൽ ഏര്യാ ട്രഷറർ) എന്നിവർ പ്രസംഗിച്ചു. തുടർ ന്ന് ഡോ. സൈനലബ്ദ്ദീൻ ഇ.സി.ജിയെ കുറി ച്ച് വിജ്ഞാന പ്രദവും വളരെ ലളിതവും ഹൃ ദ്യവുമായ രീതിയിൽ ക്ലാസ്സെടുത്തു. ചർച്ചയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. ഡോ. ചന്ദ്രകുമാർ കൃതജ്ഞത രേഖപ്പെടുത്തി

***പാലക്കാട്***




A pilgrimage to the forests of Attappaadi hills to see and study medicinal plants, the program is conducted by AMAI Palakkad. for program details please call Dr pm dinesan@9446505651 or Dr KM sabeerali @9447942472 or mail to aranyakam2012@gmail.com

Program is scheduled on 2012november 9,10,11. The team will be lead by well known physicians and botanists. the registration is limited to 50 qualified doctors. Registration fee including shared moderate accommodation and food for three day program is fixed at RS 2500/-only. for registration contact Dr Haridas@9447467595